103

# കേരളപാഠാവലി

## ഒന്നാം ഫാറത്തിലേയ്ക്കു

തിരുവിതാംകൂർ-കൊച്ചി
ഗവൺമെന്റ് പ്രസിദ്ധീകരണം

വില 12 ണ.

# കേരളപാഠാവലി

## ഒന്നാം ഫാറം


| അദ്ധ്യായം | | | പുറം |
|---|---|---|---|
| 1. | ബാലലീല | (ചെറുശ്ശേരി) | 1 |
| 2. | ഭഗീരഥൻ | | 3 |
| 3. | കേരളത്തിലെ പക്ഷികൾ | | 9 |
| 4. | ശിശുവിനോട് | (എം. പി. അപ്പൻ) | 19 |
| 5. | ധ്രുവകുമാരൻ (രംഗം ഒന്നും, രണ്ടും) | | 20 |
| 6. | Do. ,, (മൂന്നും, നാലും) | | 30 |
| 7. | ശ്രീരാമനും പൊന്മാനും | (എഴുത്തച്ഛൻ) | 34 |
| 8. | വീഥിനിയമങ്ങൾ | | 36 |
| 9. | അശോകചക്രവർത്തി | | 46 |
| 10. | പമ്പാതീരം | (പത്മനാഭക്കുറുപ്പ്) | 52 |
| 11. | ഒരു ശ്വാവിന്റെ ആത്മകഥ | | 54 |
| 12. | ചലച്ചിത്രം | | 59 |
| 13. | രാവണന്റെ അഹമ്മതി | (കുഞ്ചൻനമ്പ്യാർ) | 63 |
| 14. | ഗൌരീശങ്കരം | | 66 |
| 15. | ശേവല്ലൂത് | | 71 |
| 16. | എന്റെ ബാല്യം | (സി. ഐ. ഗോപാലപിള്ള) | 85 |
| 17. | പുത്തരിയങ്കം | | 87 |
| 18. | കൃഷിയും ജന്തുശാസ്ത്രവും | | 95 |
| 19. | കുചേലപ്രാഭൃതം | (രാമപുരത്തു വാര്യർ) | 98 |
| 20. | ഗുണവാനായ സമരിയാക്കാരൻ | | 100 |

അദ്ധ്യായം | പുറം


21. പഞ്ചവത്സരപദ്ധതികൾ .. 103
22. കേരളഗാനം (ബോധേശ്വരൻ) .. 108
23. മഹാത്യാഗി .. 110
24. റിപ്പ് വാൻ വിങ്കിൾ .. 122
25. മായാമാനുഷൻ (എസ്. പരമേശ്വരയ്യർ) .. 129
26. സംഭാഷണം .. 131
27. സോക്രതീസ് .. 137
28. പൂക്കാലം (എൻ. കുമാരനാശാൻ) .. 142
29. അതിഥി .. 144

# കേരളപാഠാവലി

## ഒന്നാംഫാറത്തിലേയ്ക്കു്

പാഠം ൧

## ബാലലീല

[ശ്രീകൃഷ്ണൻ പൈതലായി അമ്പാടിയിൽ വളരുന്ന കാലത്തു് ഗോപസ്ത്രീകളുടെ ഭവനങ്ങളിൽ ചെല്ലുന്നതും പാലും വെണ്ണയും എടുത്തു ഭുജിക്കുന്നതും കൂട്ടുകാരൊത്തു കളിച്ചു നടക്കുന്നതും ചെറുശ്ശേരി നമ്പൂതിരി കൃഷ്ണഗാഥ എന്ന കവിതയിൽ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു.]

വല്ലവിമാരുടെ കണ്ണുകൾക്കിട്ടുന്ന
പുണ്യങ്ങളായുള്ള ബാലകന്മാർ ൨
അങ്കണം തന്നിൽ നടന്നുതുടങ്ങിനാർ
കിങ്കിണി തന്നൊലി പൊങ്ങിപ്പിന്നെ. ൪
ആസ്ഥയിൽ നിന്നുള്ള ചങ്ങാതിമാരുമാ-
മൂത്തവനായുള്ള രാമനുമായ് ൬
ചാലെക്കളിച്ചു പുളച്ചുതുടങ്ങിനാൻ
നീലക്കാർവർണ്ണനമ്മന്ദിരത്തിൽ. ൮
'വെണ്ണ കാണുണ്ണീ! നിനക്കെ'ന്നു ചൊല്ലുമ്പോൾ
പെണ്ണുങ്ങൾ ചാരത്തു തിണ്ണം ചെല്ലും ൧൦
വാഴപ്പഴത്തിന്റെ വാർത്തയെക്കേൾക്കുമ്പോൾ
വായും പിളർന്നവൻ മുന്നിൽച്ചെല്ലും ൧൨

പാച്ചോറു കേറ്റംകണ്ടപ്പോഴാച്ചിമാർ പിന്നാലെ
പാച്ചിൽതുടങ്ങീടും പാരം പിന്നെ ൭൨

വെള്ളമെന്നിങ്ങനെ ചൊല്ലിനിന്നീടിലോ
വെള്ളമുറന്നെഴും വായിലപ്പോൾ. ൭൩

മാധുര്യസാരത്തിൽച്ചെന്നു തുടങ്ങീതു
മാനസമിങ്ങനെ നാളിൽ നാളിൽ ൭൪

ആനായമാനിനിമാരുടെ മാനസം
മാനിച്ചവൻതങ്കലെന്നപോലെ. ൧൦

വെണ്ണയും പാലും തൊട്ടുള്ളൊരു വൻകൊതി
തിണ്ണമെഴുന്നു തുടങ്ങുകയാൽ ൧൧

ആച്ചിമാരോരോരോ വേലയ്ക്കു പോകുമ്പോൾ
ഓർച്ച തുടങ്ങീതു മെല്ലെ മെല്ലെ. ൧൨

പാൽ വെണ്ണ ചേർന്നുള്ള ഭാജനമോരോന്നിൽ
പാഞ്ഞുതുടങ്ങീതു കണ്ണിണയും. ൧൩

കണ്ണിണ ചെല്ലുന്ന നൽവഴി കണ്ടിട്ടു
കൈകളും ചെന്നുതുടങ്ങി മെല്ലെ. ൧൪

പാൽവെണ്ണതന്നിലക്കൈകൾ പോയ്ച്ചെല്ലുകയാൽ
നാവിന്നമാനന്ദമായ്ത്തുടങ്ങി. ൨൦

ഉണ്ണിവയററിന്നു കിഞ്ചന പൊങ്ങുവാൻ
ഉള്ളൊരു ഹേതുവുമുണ്ടായപ്പോൾ. ൨൧

ഇങ്ങനെയോരോരോ മന്ദിരന്തോറുമ-
ങ്ങംഗലപ്പെട്ടതൽ നടന്നു നേരേ. ൨൨

ചഞ്ചലലോചനമാരുടെ വെണ്ണയും
നെഞ്ചകംതന്നെയുമഞ്ചിമാതെ ൨൩

കൈകളെക്കൊണ്ടുമപ്പുഞ്ചിരിയുമയെ–
കൈത്തുടന്നീടുമക്കണ്ണുകൊണ്ടും
ചാലെക്കവൻ കളിച്ചുതുടങ്ങിനാൻ
ഓലക്കമാളുന്ന ബാലരുമായ്.

[ചെറുശ്ശേരി കൃഷ്ണഗാഥ]

— —

പാഠം ൨

# ഭഗീരഥൻ

‘ഭഗീരഥപ്രയത്നം’ എന്നു നിങ്ങൾ കേട്ടിരിക്കും. അതിന്റെ അർത്ഥം ഭഗീരഥൻ ചെയ്തതുപോലെയുള്ള കഠിനപ്രയത്നം എന്നാണ്. ഉദ്ദേശം സാധിക്കുന്നതിന് ഭഗീരഥനെപ്പോലെ പാടുപെട്ടിട്ടുള്ള വേറെ ആരെയും പററി അറിവില്ല. ക്ഷീണിക്കാത്ത പരിശ്രമം ആണ് വിജയത്തിലേയ്ക്കുള്ള വഴി എന്നു ഭഗീരഥന്റെ കഥ തെളിയിക്കും.

പുരാതനകാലത്ത് വടക്കേ ഇൻഡ്യ രക്ഷിച്ചുപോന്ന സൂര്യവംശത്തിലെ ഒരു രാജാവായിരുന്നു ഭഗീരഥൻ. ധർമ്മനിരതനായിരുന്ന ആ രാജാവ് രാജ്യത്തെ വഴിപോലെ കാത്തരുളി. എങ്കിലും പ്രജകൾക്കു ക്ഷേമം ഉണ്ടായില്ല. പന്ത്രണ്ടു വർഷത്തോളം അവിടെ മഴപെയ്തില്ല. കൃഷി ചെയ്യാൻ നിവൃത്തിയില്ലാതെ ആയി. ഭൂമി

ഉണങ്ങി വരണ്ടു. ജലം കിട്ടാതെ ജീവജാലങ്ങൾ നശിച്ചു നാടു മുഴുവൻ ക്ഷാമംകൊണ്ടു വലഞ്ഞു.

എന്തുപായംകൊണ്ടു് ഈ കഷ്ടത പരിഹരിക്കാം എന്നു് ഭഗീരഥൻ ആലോചന തുടങ്ങി. അങ്ങനെ ഇരിക്കെ ഒരു ദിവസം നാരദമഹർഷി അവിടെ എഴുന്നള്ളി നാരദനെ പൂജിച്ചു സൽക്കരിച്ചിട്ടു് ഭഗീരഥൻ ഇങ്ങനെ ചോദിച്ചു.

“മഹാത്മാവായ അവിടന്നു് ഇപ്പോൾ എഴുന്നള്ളിയതു് ഞങ്ങളെ അനുഗ്രഹിക്കാനാണെന്നു ഞാൻ വിശ്വസിക്കുന്നു. പന്ത്രണ്ടു വർഷമായി മഴ പൊഴിയാത്തതിനാൽ എന്റെ രാജ്യം നശിക്കുമെന്ന മട്ടായി. ഞാൻ യാതൊരു പാപവും ചെയ്തിട്ടില്ല. അഥവാ, അറിയാതെ വല്ല ദ്രോഹവും ചെയ്തിട്ടുണ്ടെങ്കിലും, സാധുക്കളായ പ്രജകൾ കഷ്ടപ്പെടുന്നതിനു് കാരണം എന്താണു്?”

നാരദൻ:—(ആലോചിച്ചിട്ടു്) കാരണം എന്തെന്നോ? അവിടത്തെ പൂർവ്വന്മാരായ പലരുടേയും ആത്മാക്കൾ സദ്ഗതി കിട്ടാതെ വലയുന്നുണ്ടു്. അവർക്കു തൃപ്തി വരുത്തിയാലേ ഈ രാജ്യത്തിൽ ക്ഷേമം ഉണ്ടാകയുള്ളു.

ഭഗീരഥൻ:—അതിനുള്ള ഉപായം എന്താണെന്നുംകൂടി ഉപദേശിക്കണം.

നാരദൻ:—ഉപായം പറഞ്ഞു തരാം. പക്ഷേ, അതു് അവിടത്തെക്കൊണ്ടു് എത്രത്തോളം സാധിക്കും എന്നു് എനിക്കു നിശ്ചയമില്ല.

ഭഗീരഥൻ:—അവിടത്തെ അനുഗ്രഹം ഉണ്ടെങ്കിൽ ഏതു കാര്യവും നിർവ്വഹിക്കാൻ എനിക്കു ശക്തി ഉണ്ടാകും.

നാരദൻ:—ഉപായം വളരെ പ്രയാസം ഉള്ളതാണ്. മനുഷ്യസാദ്ധ്യമാണോ എന്നു കൂടി ഞാൻ സംശയിക്കുന്നു.

ഭഗീ:—സാദ്ധ്യമല്ലാത്തതു് എന്തെങ്കിലും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതായാലും രാജ്യത്തിന്റെ ക്ഷേമത്തിനായിട്ടു് ഞാൻ ജീവിതം അർപ്പിച്ചുകഴിഞ്ഞു. അതിനാൽ പ്രയാസം എത്രതന്നെ ആകട്ടേ, ഉപായം പറഞ്ഞു തന്നാൽ ഞാൻ ശ്രമിക്കാം.

നാര:—ഉപായമോ? ദേവന്മാരുടെ ഗംഗാനദി ഈ രാജ്യത്തിൽ കൂടി ഒഴുക്കാമെങ്കിൽ ഇവിടം സ്വർഗ്ഗംപോലെ ആയിത്തീരും. ആ നദിയിലെ പുണ്യജലംകൊണ്ടു് പിതൃക്കൾക്കും ഈ ഭൂമിക്കും സന്തുഷ്ടി ഉണ്ടാകും.

ഭഗീ:—എന്തു ചെയ്താൽ ആ ദിവ്യനദി ഈ രാജ്യത്തിൽ ഒഴുകും, എന്നു കൂടി പറഞ്ഞു തരണം.

നാര:—തപസ്സുചെയ്തു് ഗംഗാദേവിയെ പ്രസാദിപ്പിക്കണം. അങ്ങനെ ചെയ്താൽ ആ ദേവി അവിടത്തെ അഭീഷ്ടം സാധിക്കാനായി ഭൂമിയിലേയ്ക്കു് അവതരിക്കും.

ഉപദേശം അനുസരിച്ചു് പ്രവർത്തിക്കുന്നതാണു്, എന്നു പറഞ്ഞു് ഭഗീരഥൻ നാരദനെ യാത്രയാക്കി. രാജ്യകാര്യങ്ങൾ നടത്താൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടു ഭഗീരഥൻ തപസ്സു ചെയ്യാൻ പുറപ്പെട്ടു. ഹിമാലയത്തിൽ ചെന്നു് ഗംഗയെ ഉദ്ദേശിച്ചു തപസ്സുതുടങ്ങി. തണുപ്പും വിശപ്പും ഒന്നും അദ്ദേഹം വകവച്ചില്ല. അങ്ങനെ വളരെക്കാലം കഴിഞ്ഞു. ഒടുവിൽ ഗംഗ പ്രസാദിച്ചു് പ്രത്യക്ഷപ്പെട്ടു. കൈയ്കൂപ്പിക്കൊണ്ടു് ഭഗീരഥൻ ഇങ്ങനെ അറിയിച്ചു:—

"ഭഗവതി! അവിടുന്നു കനിഞ്ഞ് എന്റെ രാജ്യത്തി ലേയ്ക്കു വരണം. ദേവിയുടെ തീർത്ഥജലം കൊണ്ടേ എന്റെ പിതൃക്കൾക്കും രാജ്യത്തിനും നന്മ ഉണ്ടാവൂ."

ഗംഗ:—മഹാരാജാവേ, അവിടത്തെ തപസ്സുകൊണ്ട് ഞാൻ പ്രസാദിച്ചിരിക്കുന്നു. അങ്ങയുടെ അഭീഷ്ടം സാധിക്കും. ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേയ്ക്കു് ഇറങ്ങി വരാം. എന്നാൽ എന്റെ ധാരകൾ വലിയ ഊക്കോടെ വീഴുമ്പോൾ ഭൂമിക്ക് അതു സഹിക്കാൻ പ്രയാസം ആകും. ശ്രീ പരമേശ്വരനു മാത്രമേ ആ ഭാരം താങ്ങാൻ കഴിയൂ. അതുകൊണ്ട് ഭഗവാനെ പ്രസാദിപ്പിച്ചാൽ ഞാൻ ഭൂമിയിലേയ്ക്കു് അവതരിച്ചുകൊള്ളാം.

കഠിനമായ തപസ്സിനുശേഷം ഇങ്ങനെ ഒരു വരം സംതൃപ്തിക്കു വക നൽകിയില്ല. ഭഗീരഥൻ ശിവനെ ഉദ്ദേശിച്ച് പിന്നീടു തപസ്സുതുടങ്ങി. ആദ്യത്തേതിലും കഠിനമായ ക്ലേശങ്ങൾ സഹിച്ചു. വളരെക്കാലം ചെന്നപ്പോൾ ശിവൻ ഭഗീരഥന്റെ തപോനിഷ്ഠകൊണ്ട് പ്രസാദിച്ചു. ഗംഗ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേയ്ക്കുവീഴുമ്പോൾ തലയിൽ താങ്ങിക്കൊള്ളാം എന്ന് പരമേശ്വരൻ സമ്മതിച്ചു.

ഭൂമിയിലേയ്ക്കു് അവതരിക്കണം എന്ന് ഭഗീരഥൻ പിന്നെ ഗംഗയോടു പ്രാർത്ഥിച്ചു. ഗംഗ ആകാശത്തിൽ നിന്ന് ശിവന്റെ ജടാഭാരത്തിൽ പതിച്ചു. ഏതാനും തുള്ളി വെള്ളം വീണതുപോലെ ആ വാരിപ്രവാഹം പരമേശ്വരന്റെ ജടയ്ക്കുള്ളിൽ മറഞ്ഞു. ഭഗീരഥൻ പിന്നെയും പ്രാർത്ഥന തുടങ്ങി. ഗംഗ ഹിമാലയത്തിലേയ്ക്കിറങ്ങി



താഴോട്ടു് ഒഴുകിക്കൊള്ളാൻ മഹാദേവൻ അനുഗ്രഹിച്ചു. ഭഗീരഥൻ കാണിച്ചുകൊടുത്ത മാർഗ്ഗത്തിലൂടെ ആ നദീദേവത ഒഴുകിത്തുടങ്ങി. ആഗ്രഹം ഫലിച്ചതുകൊണ്ടു് ആ രാജാവിനു വലുതായ സന്തോഷവും ഉണ്ടായി. എന്നാൽ ഇത്രയും കൊണ്ടു് പ്രയാസങ്ങൾ അവസാനിച്ചില്ല.

ഗംഗ ഇരമ്പി ഇരച്ചുകൊണ്ടു് കടൽ നോക്കി കുതിച്ചൊഴുകി. വഴിക്കു് ജഹ്നുമഹർഷിയുടെ ആശ്രമം ഉണ്ടായിരുന്നു. ഇരച്ചു വരുന്ന വെള്ളം ആശ്രമത്തെ ഇളക്കും എന്നു മഹർഷിക്കു തോന്നി. അദ്ദേഹം തപശ്ശക്തികൊണ്ടു് ആ നദീജലം മുഴുവൻ കൈക്കുള്ളിൽ ആക്കി ചെവിയിൽ അടച്ചു. ഭഗീരഥൻെറ ആശ തകർന്നു. അദ്ദേഹം മഹർഷിയെ സ്തുതിച്ചു് പ്രസാദിക്കണമെന്നു പ്രാർത്ഥിച്ചു. വളരെ ദിവസങ്ങൾ പിന്നെയും ക്ലേശിക്കേണ്ടിവന്നു. അവസാനം മഹർഷി സന്തോഷിച്ചു. ഭഗീരഥൻെറ അപേക്ഷ അനുസരിച്ചു് നദിയെ മോചിപ്പിക്കാം എന്നു സമ്മതിച്ചു.

ഗംഗാനദി പിന്നെയും ഒഴുകിത്തുടങ്ങി. പ്രയാഗ, കാശി, പാടലീപുത്രം എന്നീ നഗരങ്ങൾ കടന്നു് വംഗസമുദ്രത്തിലേക്കു പ്രവഹിച്ചു. ഗംഗയെ സമുദ്രം വളരെ സന്തോഷത്തോടെ സ്വീകരിച്ചു. ഭഗീരഥൻ അതിലെ വെള്ളം കൊണ്ടു് പിതൃക്കൾക്കു തർപ്പണം നടത്തി. വരണ്ടു കിടന്ന ഭൂമിയുടെ ദാഹം ഗംഗാജലംകൊണ്ടു തീർന്നു. രാജ്യത്തിൽ ക്ഷാമം നിശ്ശേഷം ഇല്ലാതായി. വലുതായ ഫലപുഷ്ടിയും ഒടുങ്ങാത്ത ഐശ്വര്യവും ആ രാജ്യത്തിൽ ഉണ്ടാവുകയും ചെയ്തു.

ആ രാജാവിൻെറ പ്രയത്നം അങ്ങനെ സഫലമായി. ഭഗീരഥൻ കൊണ്ടുവന്നതിനാലാണു് ഗംഗാനദിക്കു് ഭാഗീരഥി എന്ന പേരു വന്നതു് എന്നും ഇവിടെ സ്മരിക്കാവുന്നതാണു്.

പാഠം ൩

# കേരളത്തിലെ പക്ഷികൾ

കേരളം പലതരത്തിലും വിശേഷം ഉള്ള ഒരു ഭൂവിഭാഗമാണു്. ഇവിടത്തെ പ്രകൃതിഭംഗികൾ ആരെയും ആകർഷിക്കും. വലിയ മലകളും കാടുകളും കൊണ്ടു കിഴക്കേ അതിരു മനോഹരമാണു്. ആഴമേറിയ സമുദ്രവും അതിനടുത്തു വലിയ കായലുകളും പടിഞ്ഞാറു കിടക്കുന്നു. പലതരം ചെടികളും മരങ്ങളും പൂക്കളും ഈ നാട്ടിന്റെ അഴകു വർദ്ധിപ്പിക്കുന്നു. ഇവിടത്തെ ജീവജാലങ്ങളും അതുപോലെ തന്നെ ആർക്കും ആനന്ദം നല്കും. ഈ ദേശത്തിലെ പക്ഷികളെപ്പററി നമുക്കു് ഇപ്പോൾ പ്രത്യേകം പഠിക്കാം.

മനുഷ്യർ ഇണക്കി വളർത്തുന്നതും അല്ലാത്തതും ആയി പല ഇനം പക്ഷികൾ ഇവിടെയുണ്ടു്. ഉപയോഗത്തിനും വിനോദത്തിനും വേണ്ടി വീട്ടിൽ പക്ഷികളെ വളർത്തുന്നു. ഉപയോഗമുള്ള പക്ഷികളിൽ പ്രധാനപ്പെട്ടവ താറാവും കോഴിയും ആണു്. അവയുടെ മുട്ടയും മാംസവും ആഹാരസാധനമായി ഉപയോഗിക്കുന്നു. താറാവിനെ അധികവും പററമായിട്ടാണു വളർത്തുന്നതു്. കുട്ടനാടു തുടങ്ങി ധാരാളം വെള്ളമുള്ള പ്രദേശങ്ങളിൽ താറാവു വളർത്തൽ ആദായമുള്ള ഒരു തൊഴിലാണു്. കൊയ്ത്തു കഴിഞ്ഞാൽ പാടങ്ങളിൽ താറാവുകളെ തീററാൻ കൊണ്ടുവരുന്നതു നിങ്ങൾ പലരും കണ്ടിരിക്കുമല്ലോ.

നാടൻകോഴി, ചൈനാക്കോഴി, തുർക്കിക്കോഴി എന്നു കോഴികൾ പലതരം ഉണ്ടു്. കൂട്ടമായി കോഴിയെ വളർത്തുന്നതു ചുരുക്കമല്ല. എങ്കിലും പല വീടുകളിലും




1. മയിൽ. 2. കോഴി. 3. ഇക്കിക്കോഴി.

രണ്ടോ മൂന്നോ മാത്രം കോഴികളെ വളൎത്തുകയാണു് സാധാരണരീതി. ഏതുതരത്തിൽ പെട്ടതായാലും പൂവൻകോഴിയുടെ ഭംഗി ഒന്നു പ്രത്യേകം തന്നെ. അതിന്റെ പൂവും ആടയും അങ്കവാലും കണ്ടാൽ ആൎക്കും സന്തോഷം ഉണ്ടാകും. കോഴിപ്പോരു നടത്തുന്നതിനു വേണ്ടി പൂവൻകോഴിയെ പരിശീലിപ്പിക്കുന്നവർ ഉണ്ടു്. വീറോടെ കോഴികൾ തമ്മിൽ പോരാടുന്നതു കാണുന്നവൎക്കു സന്തോഷവും അത്ഭുതവും ഉളവാകും. പണ്ടു കേരളത്തിൽ കോഴിപ്പോരു നല്ല ഒരു വിനോദമായി നടത്തുക പതിവായിരുന്നു.

മാളികകളിലും മററും ധാരാളമായി പ്രാവു ചേക്കേറുന്നു. പ്രാവിനു് ഇരിക്കാൻ ചില പ്രഭുകുടുംബങ്ങളിൽ കൂടുകെട്ടിക്കൊടുക്കുന്നതും കാണാം. പ്രാവിനെ പറത്തുന്നതു് ഒരു വിനോദമായി ചിലർ കരുതുന്നു. അതിനു് അവയെ പ്രത്യേകം പരിശീലിപ്പിക്കുന്നു. പ്രാവിനെ പിടിച്ചു താലോലിക്കാൻ ആൎക്കും ആഗ്രഹം തോന്നും. ചെറിയ ചുവന്ന ചുണ്ടും, മയിൽപ്പീലിയുടെ നീലക്കണ്ണിന്റെ നിറത്തിലുള്ള കഴുത്തും, ചാരനിറത്തിൽ വാഴക്കൂമ്പുപോലുള്ള ശരീരവും എല്ലാം കാണുന്നവരുടെ കണ്ണു കവരും. ഇളം ചുവപ്പുള്ള ചെറിയ കാലുകൾ തത്തിത്തത്തി വച്ചു് പ്രാവു കുണുങ്ങി നടക്കും. പ്രാവിന്റെ വൎഗ്ഗത്തിൽപ്പെട്ടതാണു് കട്ടത്തിപ്രാവു് എന്നും പേരുള്ള ചെങ്ങാലി. അതു് മനുഷ്യരോടു് ഇണങ്ങാറില്ല.

തത്ത, മൈന, മയിൽ മുതലായ പക്ഷികളെ വീട്ടിൽ ഓമനിച്ചു വളൎത്താറുണ്ടു്. തത്ത വളരെ അഴകുള്ള പക്ഷിയാണു്. അതിന്റെ ആകൃതിയും നിറവും ഒരുപോലെ നമ്മെ ആകൎഷിക്കുന്നു. ചുവന്നു വളഞ്ഞ ചുണ്ടും, വളയം ഇട്ടപോലെ ചുവപ്പുവരയുള്ള ഉരുണ്ട കഴുത്തും, ഒതുങ്ങി നീണ്ട



1. തത്ത 2. മൈന 3. പ്രാവ് 4. പൊന്മാൻ 5. മരംകൊത്തി

ശരീരവും, നീണ്ട വാലും, ഈ പക്ഷിയെ വേർതിരിച്ചു കാണിക്കുന്നു. പരിശീലിപ്പിച്ചാൽ തത്ത സംസാരിക്കുകയും പാടുകയും ചെയ്യും. 'തത്തമ്മാ പൂച്ച പൂച്ച' എന്നു് ഒരു പഴഞ്ചൊല്ലുണ്ടല്ലോ. പരിചയിപ്പിച്ചാൽ മൈന തത്തയെപ്പോലെ സംസാരിക്കും. എന്നാൽ, ഇതിനു തത്തയോളം അഴകില്ല. ഏതാണ്ടു തവിട്ടുനിറമാണ്. ചുണ്ടിന്റെ രണ്ടു വശത്തും മഞ്ഞനിറത്തിൽ ചെറുതായി തൊലി ഉന്തിനില്ക്കും.

തത്തയെയും മൈനയെയും വളർത്തുന്നതു് പ്രധാനമായി അവ സംസാരിക്കുന്നതുകൊണ്ടാണ്. മയിലിനു സൌന്ദര്യം ഉള്ളതിനാലാണ് അതിനെ പിടിച്ചു വളർത്തുന്നതു്. അതിനെപ്പോലെ അഴകുള്ള വേറെ ഒരു ജീവിയില്ല. മയിൽപ്പീലി കുട്ടികൾക്കു വിശേഷിച്ചു് ഇഷ്ടവുമാണ്. പീലി വിടർത്തി ആൺമയിൽ ആടുന്നതു കാണേണ്ടതാണ്. പല സുബ്രഹ്മണ്യക്ഷേത്രങ്ങളിലും മയിലിനെ വളർത്തുന്നു. ഈ പക്ഷി സുബ്രഹ്മണ്യന്റെ വാഹനമാണെന്നു പുരാണങ്ങളിൽ പറയുന്നു.

മനുഷ്യനോടു് ഇണങ്ങാത്ത പല ഇനം പക്ഷികളെയും നമ്മുടെ നാട്ടിൽ കാണാം. അവയിൽ കാക്കയാണ് ഏററവും പ്രധാനപ്പെട്ടതു്. അതിന്റെ നിറവും ആകൃതിയും ശബ്ദവും ഒരുപോലെ വെറുപ്പുണ്ടാക്കാൻ തക്കതാണ്. എങ്കിലും കാക്കയോടു നമുക്കു വിരോധമില്ല. ഇണങ്ങാറില്ലെങ്കിലും കാക്ക വീട്ടിനകത്തും പുറത്തും അടുത്തു സഞ്ചരിക്കുന്നു. ആഹാരപദാർത്ഥം ഏതും അതു തക്കംനോക്കി തട്ടിയെടുക്കും. മലിനപദാർത്ഥങ്ങളോടു് അതിനു വളരെ ഇഷ്ടമുണ്ട്. വീട്ടിനു ചുററും ചീഞ്ഞും അളിഞ്ഞും കിടക്കുന്ന സാധനങ്ങൾ തിന്നൊടുക്കി ഈ പക്ഷി നമുക്കു് ഉപകാരം ചെയ്യുന്നു.




1. കാക്ക 2. കുയിൽ 3. ഉപ്പൻ 4. കഴുകൻ

കാക്കയുടെ 'ക്രാ ക്രാ' എന്ന കരച്ചിൽ കേൾക്കാൻ സുഖമുള്ളതല്ല. എന്നാൽ ആകൃതിയിൽ അതിനോടു സാമ്യമുള്ള കുയിൽ ആണു് ഏററവും മധുരമായി പാടുന്ന പക്ഷി കുയിൽ ചില കാലങ്ങളിൽ മാത്രമേ ഈ നാട്ടിൽ വരുന്നുള്ളു. അന്നു് അതിന്റെ 'കൂ കൂ' എന്ന മധുരശബ്ദം നമ്മുടെ നാട്ടിൽ എവിടെയും കേൾക്കാം. വണ്ണംകൊണ്ടു കാക്കയോടു സാമ്യമുള്ള കാക്കത്തമ്പുരാട്ടി കാക്കയുടെ വിരോധിയാണു്. അതു് ഒരു ചെറിയ പക്ഷിയാണെങ്കിലും കാക്കയെ കണ്ടാൽ ഞൊടി വിരട്ടി ഓടിക്കും.

കുയിലിനെപ്പോലെ മധുരമായി പാടുന്ന മററു പക്ഷികൾ ഇല്ല. എങ്കിലും പല പക്ഷികളുടെയും ശബ്ദം കേൾക്കാൻ സുഖമുണ്ടു്. പുലരുന്നതിനുമുമ്പേ അനേകം പക്ഷികളുടെ ശബ്ദം ഇടകലൎന്നു കേൾക്കാം. വെളുപ്പാൻകാലത്തു് ഉണൎന്നു ശ്രദ്ധിക്കുന്നവൎക്കു് എത്രയോ ആനന്ദത്തിനു വകയുള്ള സംഗീതമാണതു്. പൂവൻകോഴിയുടെ കൂവൽ മുന്നിട്ടുനില്ക്കും. ഉറക്കം ഉണൎന്നുകൊള്ളാൻ പ്രകൃതി കാഹളം മുഴക്കുന്നതുപോലെ ആണതു്. അതിനോടൊത്തു് അനേകം കാക്കകളുടെ 'ക്രാ ക്രാ' എന്ന വിളിയും മുഴങ്ങും. ചെമ്പോത്തു് (ഉപ്പൻ) 'ഉക്കുക്കുക്കു' എന്ന ശുഭശബ്ദം പുറപ്പെടുവിക്കും. പുലർകാലത്തു കൂജനം ചെയ്യുന്ന പക്ഷികളിൽ ഏററവും പ്രധാനപ്പെട്ടതാണു് മണ്ണാത്തിപ്പുള്ളു്. കറുത്ത ഉടലും വെളുത്ത ചിറകും കൊണ്ടു് ഈ പക്ഷിയെ തിരിച്ചറിയാം. അതിന്റെ ശബ്ദവും നല്ല സംഗീതംപോലെ ഇമ്പം നല്കും. ചിറകു് അല്പം വിടൎത്തിയും, മനോഹരമായി ശബ്ദം പുറപ്പെടുവിച്ചും, ഭംഗിയിൽ വാൽ ഉയൎത്തിയും താഴ്ത്തിയും ഇരുന്നു കറങ്ങി ആകീമി നൃത്തം ചെയ്യുന്നതു് എത്രനേരം കണ്ടാലും മതി വരി

കയില്ല. മററു പല പക്ഷികളുടെ ശബ്ദവും പ്രശാന്ത സംഗീതത്തിനു മോടികൂട്ടുന്നു. തേൻകിളിപോലുള്ള ചെറിയ കിളികളുടേയും, മരംകൊത്തി, കരിയിലക്കിളി (പന്നിപ്പുള്ള്, പീണി) മുതലായ പക്ഷികളുടെയും ശബ്ദവും അപ്പോൾ കേൾക്കാൻ കഴിയും.

ആകൃതികൊണ്ടും പാട്ടുകൊണ്ടും എന്നപോലെ നിറംകൊണ്ടും കളികൾകൊണ്ടും ആകർഷിക്കുന്ന പല പക്ഷികളും ഉണ്ട്. മയിലിന്റേയും മററും നിറവും നൃത്തവും മുകളിൽ പറഞ്ഞുകഴിഞ്ഞു. തത്തയുടെ വർഗ്ഗത്തിൽപ്പെട്ട പഞ്ചവർണ്ണക്കിളിക്ക് അഞ്ചുനിറം ഉള്ളതുകൊണ്ടാണ് ആ പേരുതന്നെ കിട്ടിയതു്. മഞ്ഞക്കിളി നമുക്ക് ഇഷ്ടമുള്ള ഒരു പക്ഷിയാണല്ലോ. ഇരട്ടത്തലച്ചി, ഓലേഞ്ഞാലി തുടങ്ങിയ പക്ഷികളുടെ നിറവും കാണാൻ കൊള്ളാവുന്നതു തന്നെ. നീലനിറമുള്ള പക്ഷികളിൽ ഏററവും പ്രധാനപ്പെട്ടതാണ് പൊന്മാൻ. കുളക്കരയിലും ആററുവക്കത്തും ഉള്ള മരങ്ങളിൽ ഇരുന്നു തക്കം നോക്കി അതു മീൻ പിടിക്കും.

വെള്ളത്തിൽ ഇരതേടുന്ന പക്ഷികളെപ്പററിയും വിചാരിക്കാം. ഇവയിൽ പ്രധാനപ്പെട്ടതാണല്ലോ താറാവ്. ആകൃതിയിൽ താറാവിനോടു സാമ്യമുള്ളതാണ് ഇരണ്ട. ചില കാലങ്ങളിൽ ഈ പക്ഷി കൂട്ടമായി നമ്മുടെ നാട്ടിൽ ഉള്ള പുഞ്ചപ്പാടങ്ങളിൽ വരാറുണ്ട്. പല തരത്തിലുള്ള കൊക്കുകളും നമ്മുടെ പാടങ്ങളിൽ ഇരിക്കുന്നതു കാണാം. നീണ്ട കാലും കഴുത്തും, നീളമുള്ള ചുണ്ടും ആണ് കൊക്കിന്റെ പ്രത്യേക ലക്ഷണങ്ങൾ. അവയിൽ പലതിനും വെളുപ്പാണു നിറം. എന്നാൽ തവിട്ടുമുണ്ടിയുടെ വർണ്ണം അതി

ന്റെ പേരു തന്നെ തെളിയിക്കുന്നു. കുളക്കോഴിയും വെള്ളത്തിൽ ഇര തേടുന്നു. കടൽത്തീരത്തു കടൽകാക്കയും നദികളുടെ അടുത്തും മററും പൃഷ്ഠംകുലുക്കിയും ധാരാളമായി കാണുന്ന പക്ഷികളാണ്.

ചില വലിയ പക്ഷികൾ കാടുകളിലും മററും ജീവിക്കുന്നുണ്ട്. ഇവയിൽ കഴുകനെപ്പററിയാണ് ആദ്യം പറയേണ്ടതു്. ഇതു് മററ ജീവികളുടെ മാംസം ഭക്ഷിക്കുന്നു. കല്ലുറാഞ്ചിയുടെ കഥയും ഇങ്ങനെതന്നെ. ആകാശത്തിൽ പൊങ്ങിപ്പറക്കുന്ന പരുന്തു് കോഴിക്കുഞ്ഞുങ്ങളേയും മററും റാഞ്ചിക്കൊണ്ടു പോകാനാണ് തക്കം നോക്കുന്നതു്. വലിയ ഒരു പക്ഷിയായ വേഴാമ്പലിന്റെ കഥ പ്രത്യേകം ഓർമ്മിക്കണം. അതിന്റെ ചുണ്ടിനു വലിപ്പവും ഭാരവും കൂടും. മുകളിൽ നിന്നു പൊഴിയുന്ന മഴവെള്ളം മാത്രമേ അതു കുടിക്കാറുള്ളു എന്നാണ് കവികളുടെ കല്പന. നത്തും മൂങ്ങയും വിശേഷപ്പെട്ട പക്ഷികളാണ്. അവ പകൽ മുഴുവൻ പൊത്തുകളിലും മററും കഴിക്കുന്നു. അവയുടെ തുറിച്ചു നോട്ടം കണ്ടാൽ ഭയംതോന്നും. പറക്കുന്നതുകൊണ്ടു നരിച്ചീറും വാവലും പക്ഷികളാണ് എന്നു കരുതാം. എന്നാൽ പക്ഷികളിൽനിന്ന് അവയ്ക്കു വ്യത്യാസം ഉണ്ടെന്നു നിങ്ങൾക്ക് അറിയാമല്ലോ.

എല്ലാ പക്ഷികളും പറക്കുന്നതു് ഒരേ തരത്തിലല്ല. കാക്കയെപ്പോലെയല്ല പരുന്തു പറക്കുന്നതു്. പൂക്കളുടെ അടുത്തുചെന്ന് അതിവേഗത്തിൽ ചിറകു വിറപ്പിച്ചുകൊണ്ടു നിന്നു തേൻകുടിക്കുന്ന തേൻകിളിയുടെ പറപ്പ് അതിലും വിശേഷമാണ്. ഓരോ പക്ഷിയും പറക്കുന്ന രീതി നോക്കി മനസ്സിലാക്കുക.

കൂടുണ്ടാക്കുന്നതിൽ പക്ഷികൾ വിശേഷമായ സാമർത്ഥ്യം കാണിക്കുന്നു. കുരുവിയുടെ കൂട് കണ്ടാൽ അത്ഭുതം തോന്നും. അത് ഉറിയുടെ രീതിയിൽ നെയ്തുണ്ടാക്കുന്നതാണ്. പനയുടേയും തെങ്ങിന്റേയും ഓലത്തുമ്പിലാണ് അതു കൂടുകെട്ടുന്നത്. കൂട്ടിനുള്ളിൽ ഇരിക്കാനും മുട്ടയിടാനും മററും വേറേ വേറേ അറകൾ ഉണ്ട്. കുരുവിക്കൂട്ടിനെപ്പോലെ ഭംഗിയുള്ളതല്ലെങ്കിലും തേൻകിളിയുടെ കൂടും മഴവെള്ളം വീഴാത്തവിധം ചെടിയുടെ കമ്പുകളിൽ തൂക്കിയിട്ടിരിക്കുന്ന കുടുക്കപോലെ നെയ്തുണ്ടാക്കുന്നതാണ്. അധികം പക്ഷികളും ചുള്ളിക്കമ്പുകൾകൊണ്ടും മററും മരങ്ങളുടേയും ചെടികളുടേയും കവരത്തിൽ മലർത്തിവച്ച ചട്ടിപോലെ കൂടുണ്ടാക്കുന്നു. മുട്ട ഇടാറാകുമ്പോഴാണ് പക്ഷികൾ സാധാരണ കൂടു കെട്ടുന്നതു.

പക്ഷികളിൽനിന്നു പല ഉപകാരങ്ങളും നമുക്കു സിദ്ധിക്കുന്നു. മയിലിന്റേയും മററും തൂവൽ അലങ്കാരത്തിനു കൊള്ളാം. മയിൽപ്പീലികൊണ്ടു മരുന്നുകളും ഉണ്ടാക്കാറുണ്ട്. കാട തുടങ്ങിയ പക്ഷികളുടെ മാംസം ഔഷധത്തിന് ഉപയോഗിക്കുന്നു. കൃഷിക്ക് ഉപദ്രവം ചെയ്യുന്ന പുഴുക്കളെയും കീടങ്ങളെയും ചില പക്ഷികൾ തിന്നു നശിപ്പിക്കുന്നു.

പക്ഷികളെപ്പോലെ ഉത്സാഹവും സൗന്ദര്യവും ഉള്ള ജീവികൾ അധികമില്ല. വിനോദത്തിനും ഉപകാരത്തിനും ഉതകുന്ന ഈ ജീവികളോട് നമുക്കു ദയ തോന്നേണ്ടതാണ്.

---

പാഠം ൪

# ശിശുവിനോട്

പുഞ്ചിരിക്കുളിരൊളി ചിന്നിയുല്ലസിക്കുന്ന
പിഞ്ചുപൈതലേ നിന്റെ സുന്ദരമുഖത്തിങ്കൽ
എന്തൊരത്ഭുതാവഹരീതിയിൽത്തെളിയുന്നു-
കാന്തിയും പ്രശാന്തിയും തൃപ്തിയുമാനന്ദവും!

ഉന്നതതാരത്തിലോ പൂവിലോ രത്നത്തിലോ
നിന്നിലുജ്ജ്വലിക്കുന്ന തേജസ്സു കാണുന്നീല
ഏതൊരു കരുവിനാൽ വിശ്വശില്പീന്ദ്രൻ തീർത്തോ
ശ്രീ തികഞ്ഞെഴുന്ന നിൻമൃദുവാമീവിഗ്രഹം!

മോഹനാകൃതി പൂണ്ടൊരീലോകം മുഴുവനും
സ്നേഹപൂർണ്ണമായത്രേ കാണുന്നു നിൻകണ്ണുകൾ
പൂഴിയും ചിരട്ടയും പീപ്പിയും മൺപാവയും
പൂവുമൊക്കുകിൽ നിന്റെ കൊച്ചുസോദരരല്ലോ.

പോരടിക്കുവാൻ വെമ്പും മാനുഷഹൃദയത്തി-
ലാരോമൽക്കിടാവേ! നിൻ ശുദ്ധത
പകരുന്നെങ്കിൽ.

കിളിക്കൊഞ്ചൽ] [എം. പി. അപ്പൻ

പാഠം ൬

# ധ്രുവകുമാരൻ

## രംഗം ൧

[ഉത്താനപാദ മഹാരാജാവിനു് സുനീതിയെന്നും സുരുചിയെന്നും രണ്ടു രാജ്ഞിമാരുണ്ടായിരുന്നു. പട്ടമഹിഷിയായ സുനീതിയുടെ പുത്രൻ ധ്രുവനും സുരുചിയുടെ പുത്രൻ ഉത്തമനുമായിരുന്നു.]

(ഉത്താനപാദനും, സുരുചിദേവിയും പ്രവേശിക്കുന്നു )

ഉത്താ:—പ്രിയേ! സുരുചി! എന്താണിന്നു മുഖത്തിനൊരു വാട്ടം?

സുരു.—പ്രഭോ! വിശേഷിച്ചു കാരണമൊന്നുമില്ല. എപ്പോഴാണു് സഭ കൂടുന്നതു്?

ഉ:—ഉച്ചതിരിഞ്ഞു്—ഭവതിയും വരുന്നുണ്ടോ?

സു:—വന്നാൽ കൊള്ളാമെന്നുണ്ടു്.

ഉ:—വളരെ സന്തോഷം—ഉത്തമനും വരുന്നു. ഇന്നലെത്തന്നെ അനുവാദവും വാങ്ങി.

സു:—വല്ലപ്പോഴും സഭയിൽ വരുവാനുള്ള ഭാഗ്യമെങ്കിലും എനിക്കുണ്ടാകട്ടെ.

ഉ:—പ്രിയേ, എന്താണിങ്ങനെ പറയുന്നതു്? ഭവതിക്കു് ഭാഗ്യത്തിനെന്തു കുറവാണിപ്പോൾ?

സു:—എന്റെ ഭാഗ്യം കടുകട്ടിതന്നെ. ഞാൻ ഒരു സാധാരണ സ്ത്രീ. അല്ലാതെന്തു വിശേഷം?

ഉ:—പ്രാണപ്രിയേ! ഭവതിയുടെ കഠോരവാക്കുകൾ എന്റെ മേൽ തീ കോരിയിടുന്നു. ഭവതിക്ക് ഇവിടെ എന്താണു ദുഃഖത്തിനു കാരണം?

സു:—എനിക്ക് സകല സൌകര്യങ്ങളും അവിടുന്ന് കല്പിച്ചനുവദിച്ചിട്ടുണ്ട്. താമസിക്കാൻ ഒന്നാന്തരം കൊട്ടാരം, സുഖമായ ഭക്ഷണം, ശുശ്രൂഷിക്കാൻ വേണ്ടുവോളം ദാസിമാർ—എല്ലാം ഉണ്ട്. പക്ഷേ......

ഉ:—പിന്നെ എന്താണു പോരായ്മ? പറയൂ....വേഗം പറയൂ—നിവൃത്തിയുണ്ടാക്കാം.

സു:—ഞാൻ പറയുകയില്ല. പറഞ്ഞാൽ അവിടേക്ക് ഹിതമല്ലാതെ തോന്നും. അവിടുന്നു കോപിച്ചേയ്ക്കും.

ഉ:—ഭവതിയോടു ഞാൻ കോപിക്കുകയോ? എനിക്കതിനു ശക്തിയുണ്ടോ? കാര്യം പറയൂ.

സു:—അവിടത്തെ പട്ടമഹിഷിയല്ലല്ലോ ഞാൻ, എന്റെ മകന് രാജ്യാവകാശമില്ല. അതിനുള്ള ഭാഗ്യം ധ്രുവനല്ലേ?

ഉ:—എന്താണിപ്പറയുന്നതു്? ഇതെല്ലാം നേരത്തേ അറിവുള്ള കാര്യങ്ങളല്ലയോ? സുനീതിയാണ് പട്ടമഹിഷി. ധ്രുവനാണ് രാജ്യാവകാശി. ധ്രുവനെപ്പോലുള്ള ഒരു പുത്രനെ ലഭിക്കുന്നതു് മഹാഭാഗ്യമല്ലേ?

സു:—(കോപരസത്തിൽ) സുനീതിയും ധ്രുവനുമൊത്ത് അവിടുന്നു സുഖമായി വസിച്ചുകൊള്ളണം. എന്നെയും ഉത്തമനെയും തള്ളിക്കളഞ്ഞേച്ചാൽ മതി.

ഉ:—എന്താണീ കേൾക്കുന്നതു്? സുനീതി ഭവതിയ്ക്ക് ഇതേവരെ യാതൊരപ്രിയവും ചെയ്തിട്ടില്ല. ധ്രുവൻ ഭവ

തിയെ പെററമ്മയെക്കാളധികം സ്നേഹിക്കുന്നു. ധ്രുവനും ഉത്തമനും ശരീരം രണ്ടെന്നേയുള്ളൂ. ജീവൻ ഒന്നാണ്. എനിക്കു ഭവതിയെ പിരിഞ്ഞു താമസിക്കാൻ സാധിക്കുകയുമില്ല.

(ഉത്തമൻ പ്രവേശിക്കുന്നു)

ഉത്തമൻ:—അച്ഛാ! സഭയ്ക്കു പോകാനുള്ള സമയം അടുത്തല്ലോ.

ഉ:—ഉണ്ണി നമുക്കു പോകാം. (പുത്രനെ മടിയിലിരുത്തി തലോടുന്നു).

സു:—കുഞ്ഞേ! നിനക്കു സഭയിൽ പോയിട്ടെന്തു കാര്യം? അതിനുള്ള ഭാഗ്യം ധ്രുവനാണ്.

ഉ:—അമ്മ എന്താണീപ്പറയുന്നതു്? എനിക്കു മനസ്സിലാകുന്നില്ല.

സുരു:—തെളിച്ചുപറയാം. കേൾക്കു്. നീ ഒരിക്കലും രാജാവാകാൻ പോകുന്നില്ല. പിന്നെ സഭയിലും മററും ചെന്നിട്ടു കാര്യമെന്തു്?

ഉ:—അമ്മേ, ചേട്ടനുള്ളപ്പോൾ ഞാൻ രാജാവാകുന്നതെങ്ങനെ? ചേട്ടൻെറ പിറകേ നില്ക്കാനുള്ളവനല്ലേ ഞാൻ. എനിക്കതു മതിതാനും—എൻെറ ചേട്ടൻ എത്ര നല്ല ചേട്ടൻ!

ഉത്താന:—അപ്പനേ, നിൻെറ വാക്കുകൾ എന്നെ ആനന്ദപരവശനാക്കുന്നു.

[ധ്രുവൻ ഓടിവന്നു് രാജാവിൻെറ മടിയിൽ കയറുന്നു]

ധ്രുവൻ:—അച്ഛാ! ഞാൻ ഓടിവരികയായിരുന്നു. ഉത്തമൻ സഭയിൽ പോകുന്നുണ്ടെന്നു പറഞ്ഞു. എനിക്കും വരണമച്ഛാ.

ഉ:—ഉണ്ണിക്കും വരാമല്ലോ



സു:—എടാ, അധികപ്രസംഗി! എന്തു ധിക്കാരമാണിതു്? അച്ഛന്റെ മടിയിൽ ഉത്തമൻ ഇരിക്കുന്നതു കണ്ടില്ലേ? രണ്ടുപേർക്കിരിക്കാൻ സ്ഥലമില്ല....വേഗം ഇറങ്ങിമാറ്. ഇല്ലെങ്കിൽ ഞാൻ പിടിച്ചുമാററം. (വലിച്ചിറക്കുന്നു, ധ്രുവൻ തലകുനിച്ചു കരയുന്നു.)

ഉ:—അയ്യോ! എന്താണീ ചെയ്തതു്? മഹാപാപം. ഉണ്ണി ധ്രുവാ! അടുത്തു വാ.

ഉത്തമൻ:—അമ്മ എന്താണീ ചെയ്തതു്? മഹാപാപം! കഷ്ടം! അമ്മയ്ക്കിങ്ങനെ ചെയ്യാൻ തോന്നിയല്ലോ!

സു:—തോന്നി; ഈ ധിക്കാരിച്ചെറുക്കൻ അച്ഛന്റെ മടിയിലിരിക്കുന്നതു് ഞാൻ കണ്ടു സഹിക്കയില്ല. അതിനുള്ള അവകാശം എന്റെ മകനുള്ളതാണു്.

ഉത്തമൻ:—അമ്മേ, ഒന്നു ഞാൻ പറയാം. ചേട്ടനെ മാററിനിറുത്തിയിട്ടു് ഞാൻ അച്ഛന്റെ മടിയിൽ ഇരിക്കയില്ല, നിശ്ചയം! (താഴെ ഇറങ്ങുന്നു.)

ഉ:—സുരുചീ! നിനക്കെന്തു സംഭവിച്ചു? ഭ്രാന്തുപിടിച്ചുപോയോ?

സു:—അതേ, ഭ്രാന്തുതന്നെ. ധ്രുവൻ കൺമുമ്പിൽവച്ചു് അവിടുത്തെ മടിയിലിരിക്കാൻ ഞാൻ സമ്മതിക്കയില്ല.

ധ്രു:—അച്ഛാ! ഞാൻ പൊയ്ക്കൊള്ളാം. ചിററമ്മ ഞാൻ നിമിത്തം വ്യസനിക്കുന്നതു കാണാൻ എനിക്കു കരുത്തില്ല. (പോകാൻ ഭാവിക്കുന്നു.)

ഉ:—(എഴുന്നേററു ധ്രുവന്റെ കൈയ്ക്കു പിടിച്ചുകൊണ്ടു്) ഉണ്ണീ! ചിററമ്മ പറഞ്ഞതു കേട്ടു വ്യസനിക്കരുതു്. അറിയാതെ പറഞ്ഞുപോയതാണു്.

സുരു:—അറിഞ്ഞുകൊണ്ടുതന്നെയാണു പറഞ്ഞതു്. അവിടത്തെ മടിയിൽ ഇരിക്കാനുള്ള യോഗം എന്റെ മകനു മാത്രമാണുള്ളതു്—ഇവനല്ല. (തിരിഞ്ഞു ധ്രുവനോടു്) എടാ, നിനക്കു് അച്ഛന്റെ മടിയിൽ ഇരിക്കാൻ ആഗ്രഹമുണ്ടെങ്കിൽ എന്റെ വയററിൽ ജനിക്കണം. മനസ്സിലായോ? അതു സാധിക്കണമെങ്കിൽ നീ മഹാവിഷ്ണുവിനെ ഭജിച്ചു് വരം വാങ്ങു്. നീ എവിടെയെങ്കിലും പോയി തുലഞ്ഞിട്ടു് എന്റെ പുത്രനായി പ്പിറക്കു്. അപ്പോൾ അച്ഛന്റെ മടിയിലിരിക്കാം.

ഉ:—(ചെവിപൊത്തീട്ടു്) എനിക്കിതു കേൾക്കാൻ ഇടവന്നല്ലോ! സുരുചീ, നീ ഒരു രാക്ഷസിയാണോ?

ധ്രു:—(ധൈര്യത്തോടെ) അച്ഛാ, ചിററമ്മയുടെ വാക്കുകേട്ടു് അച്ഛൻ വ്യസനിക്കണ്ട. ഈശ്വരനാണു് ഇങ്ങനെ പറയിച്ചതു്. അമ്മയ്ക്കു് ഒരു കുററവുമില്ല. ഉത്തമനേക്കാളും എന്നെയാണു് ചിററമ്മ അധികം സ്നേഹിക്കുന്നതു്.

(അച്ഛനേയും സുരുചിയേയും തൊഴുതുപോകുന്നു)

ഉത്തമൻ:—ചേട്ടൻ അച്ഛന്റെ മടിയിൽ ഇരിക്കുന്നതുവരെ ഞാനും ഇരിക്കുകയില്ല. എന്റെ അമ്മ ചെയ്ത പാപം അങ്ങനെയെങ്കിലും തീരട്ടെ. അച്ഛാ! ഇന്നു ഞാൻ സഭയിൽ വരുന്നില്ല. ഞാൻ ചേട്ടനെ അന്വേഷിക്കട്ടെ. (പോകുന്നു.)

ഉത്താന:—എനിക്കും തീരെ സുഖംതോന്നുന്നില്ല.

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു.)

എടോ! ശരീരസൗഖ്യം പോരാത്തതുകൊണ്ടു് ഞാൻ ഇന്നു സഭയിൽ വരുന്നില്ലെന്നു പ്രധാനമന്ത്രിയോടു പറയൂ.

(രണ്ടുപേരും പോകുന്നു.)

## രംഗം ൨

[ സുനീതിയുടെ അന്തഃപുരം ]

സുനീ:—എന്തോ ധ്രുവനെ കാണുന്നില്ല. കുറെ നേരമായല്ലോ. മനസ്സിൽ അസ്വാസ്ഥ്യം വർദ്ധിക്കുന്നു.

(ധ്രുവൻ കരഞ്ഞുകൊണ്ടു് ഓടിവന്നു് അമ്മയുടെ മടിയിൽ വീഴുന്നു.)

ഉണ്ണീ! ഓമന എന്താണിങ്ങനെ കരയുന്നതു്? ഇങ്ങനെ പൊട്ടിക്കരയുന്നതു് മുമ്പു ഞാൻ കണ്ടിട്ടില്ലല്ലോ. എന്താ, എന്തു സംഭവിച്ചു? വേഗം പറയൂ.

ധ്രുവൻ :—അ....മ്മേ! അമ്മേ. (വിമ്മിക്കരയുന്നു.)

സുനീ :—കാര്യം പറയൂ കുഞ്ഞേ! എന്നാൽ സങ്കടം തീർക്കാൻ നോക്കാം.

ധ്രു :—എന്റെ സങ്കടം തീർക്കാൻ ഭഗവാൻതന്നെ വേണമമ്മേ. അതു കേട്ടാൽ അമ്മ വല്ലാതെ വ്യസനിക്കും.

സുനീ :—ഇല്ല ഞാൻ ധൈര്യമായിരിക്കാം.

ധ്രു :—എന്നാൽ പറയാം. സഭക്കു പോകാൻവേണ്ടി ഞാൻ അച്ഛന്റെ അടുത്തുചെന്നു. അപ്പോൾ ഉത്തമൻ അച്ഛന്റെ മടിയിൽ ഇരിക്കുകയായിരുന്നു.

സുനീ :—ഉത്തമൻ നല്ല കുഞ്ഞല്ലേ! അവനും നീയും തമ്മിൽ വല്ല വഴക്കും ഉണ്ടായോ?

ധ്രു :—അമ്മേ, ഉത്തമൻ എന്റെ അനിയനാണ്. ഒരിക്കലും ഞങ്ങൾക്കു വഴക്കില്ല.

സുനീ :—പിന്നെ ആരാണ് നിന്നെ സങ്കടപ്പെടുത്തിയതു്?

ധ്രു :—ചിററമ്മയും അപ്പോൾ ഉണ്ടായിരുന്നു. ഞാൻ അച്ഛന്റെ മടിയിൽ കയറി ഇരിക്കാൻ ഭാവിച്ചപ്പോൾ ചിററമ്മ എന്നെ പിടിച്ചു തള്ളി മാററി.

സുനീ :—ഹാ! ദൈവമേ! സുരുചിയ്ക്കെന്താണിങ്ങനെ തോന്നാൻ? ഉണ്ണി ഒന്നും പിഴച്ചില്ലല്ലോ.

ധ്രു :—തള്ളിമാററിയതിൽ എനിക്കു സങ്കടമില്ലമ്മേ. സഹിക്കാൻ വയ്യാത്ത ചില വാക്കുകൾ ചിററമ്മ പറഞ്ഞു.

സുനീ :—എന്താണു ചിററമ്മ പറഞ്ഞതു്?

ധ്രു :—"എടാ നിനക്കു രാജാവിന്റെ മടിയിലിരിക്കാൻ അവകാശമില്ല. അതിനു യോഗ്യൻ എന്റെ മകൻ ഉത്തമനാണ്. നിനക്കു മടിയിലിരിക്കണമെങ്കിൽ നീ എന്റെ വയററിൽ വന്നു പിറക്കണം. അതുവേണമെന്നുണ്ടെങ്കിൽ നീ ശ്രീമന്നാരായണനെ ഭജിച്ച് അനുഗ്രഹം വാങ്ങ്".

സുനീ :—അയ്യോ! സുരുചി ഇത്ര കഠിനവാക്കു പറഞ്ഞോ? അച്ഛൻ ഇതു കേട്ടിട്ട് ഒന്നും മിണ്ടിയില്ലേ?

ധ്രു :—അച്ഛൻ വളരെ വ്യസനിച്ചു. പക്ഷേ ഉത്തമൻ ഉടനെ തന്നെ അച്ഛന്റെ മടിയിൽനിന്നു ചാടിയിറങ്ങി താഴത്തു നില്പായി.

സുനീ :—മകനേ, ഇതെല്ലാം എന്റെ കർമ്മദോഷത്തിന്റെ ശക്തിയാണു്. എന്റെ ഉണ്ണി ഒട്ടും വിഷാദിക്കരുതു്. ചിററമ്മയ്ക്കു് നിന്നോടു വളരെ സ്നേഹമുണ്ടു്. എന്നെക്കാളധികം സ്നേഹമുണ്ടെന്നുകൂടി ഞാൻ പറയും. സകലത്തിന്നും നാഥനായ ഭഗവാൻ നാരായണനെ ഭജിച്ചു് പ്രീതിപ്പെടുത്താനല്ലേ ചിററമ്മ പറഞ്ഞതു്! മകനെ, ഇതിലും മഹത്തായ ഉപദേശം ആർക്കു തരാൻ കഴിയും. നിന്നെ പെററു വളർത്തിയ എനിക്കുപോലും ഇതു പറഞ്ഞുതരാൻ തോന്നിയില്ലല്ലോ. എന്റെ മകൻ ചിററമ്മ പറഞ്ഞതുപോലെതന്നെ ചെയ്യണം. നിനക്കു വയസ്സു് ആറേയായുള്ളു എന്നുവരികിലും നീ ഭഗവാനെ ഭജിക്കാൻ അമാന്തിച്ചുകൂടാ.

ധ്രു :—അമ്മയുടെ വാക്കുകൾ എനിക്കു ധൈര്യം തരുന്നു. ഞാൻ ഉടൻ തന്നെ പുറപ്പെടുന്നു. എവിടേയ്ക്കാണെന്നു് നിശ്ചയമില്ല. ഭഗവാന്റെ ഹിതമാണിതു്.

സുനീ :—സർവ്വവ്യാപിയായ ഭഗവാൻ എന്റെ ഉണ്ണിയെ കാത്തുകൊള്ളും.

ധ്രു :—അമ്മേ, എന്നാൽ ഞാൻ ഇനിയും താമസിക്കുന്നില്ല.

(ഉത്തമൻ ഓടിവന്നു് അമ്മയെ തൊഴുന്നു. സങ്കടം അടക്കാനാവാതെ നിലവിളിക്കുന്നു. സുനീതി ഉത്തമനെ ആശ്ലേഷിക്കുന്നു.)

ധ്രു :—(അക്ഷമനായി) അനുജാ, എന്താണിങ്ങനെ വ്യസനിക്കുന്നതു്? എന്റെ അനിയൻ ഇത്ര സാധുവോ?

ഉത്തമൻ :—വലിയമ്മേ, എന്റെ അമ്മ പറഞ്ഞു പോയ തെല്ലാം ക്ഷമിക്കണേ! അറിവില്ലാത്തതുകൊണ്ടാണു് ഇങ്ങനെയെല്ലാം പററിയതു്.

സുനീ :—ഉത്തമാ! എന്റെ കുഞ്ഞു ദുഃഖിക്കരുതു്. ഇതെല്ലാം ദൈവസങ്കല്പമാണു്.

ഉത്ത :—ചേട്ടൻ എന്തിന്നാണു ഭാവിക്കുന്നതു്?

ധ്രു :—ഞാൻ ശ്രീമഹാവിഷ്ണുവിനെ തപസ്സു ചെയ്യാൻ പോകുന്നു. ചിററമ്മയുടെ വാക്കു പാലിക്കേണ്ടതു് എന്റെയും കടമയല്ലേ?

ഉത്ത :—ചേട്ടൻ പോകുന്നിടത്തു ഞാനും വരും. ഇവിടെ തനിച്ചു താമസിക്കാൻ എനിക്കിഷ്ടമില്ല.

ധ്രു :—അരുതു്, നീ ഇവിടം വിടരുതു്. ഞാനിവിടെനിന്നും പോയാൽ അമ്മക്കും ചിററമ്മയ്ക്കും സമാധാനം നല്കാൻ അനുജനിവിടെ വേണം.

സുനീ :—ഉണ്ണീ, ഉത്തമാ! നീയും പോയാൽ അച്ഛൻ വല്ലാതെ ദുഃഖിക്കും. എന്റപ്പൻ ഇവിടെ താമസിച്ചാൽ മതി.

ഉത്ത :—ആജ്ഞപോലെ.

ധ്രു :—ഉത്തമാ! ധൈര്യമായിരിക്കു്. ഞാൻ അധികം താമസിയാതെ തിരിച്ചുവരും. അമ്മേ! ഞാൻ പോയിവരട്ടെ. (നമസ്കരിക്കുന്നു—അനുജനെ ആശ്ലേഷിക്കുന്നു.)

സുനീ:—(സങ്കടം നിറഞ്ഞ സ്വരത്തിൽ) എന്റെ കുഞ്ഞേ! നിനക്കു സർവ്വ മംഗളങ്ങളും ഭവിക്കട്ടെ.

[ധ്രുവൻ പോകുന്നു]

---

## പാഠം ൩

### രംഗം ൨

(ശ്രീനാരദമഹർഷി കീർത്തനം പാടിക്കൊണ്ടു പ്രവേശിക്കുന്നു)

ഇന്നലെയോളമെന്തെന്നറിഞ്ഞീലാ
ഇനി നാളെയുമെന്തെന്നറിഞ്ഞീലാ.

ഇന്നീക്കണ്ട തടിയ്ക്കുവിനാശവു
മിന്നനേരമെന്നേതു മറിഞ്ഞീലാ.

കണ്ടുകണ്ടങ്ങിരിക്കും ജനത്തിനെ
കണ്ടീലെന്നു വരുത്തുന്നതും ഭവാൻ.

രണ്ടുനാലുദിനം കൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ.

മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു കേററുന്നതും ഭവാൻ.

കണ്ടാലൊട്ടറിയുന്നു ചിലരിതു
കണ്ടാലും തിരിയാ ചിലർക്കേതുമേ.

ഭഗവാനെ! ലോകനായകാ! ആശ്രിതരക്ഷകാ. അവിടത്തെ മഹിമ ആർക്കു വർണ്ണിക്കാൻ കഴിയും? (സൂക്ഷിച്ചു നോക്കീട്ടു്) ഒരു ചെറുബാലൻ ഇങ്ങോട്ടു വരുന്നു. ആരാണിവൻ! നല്ല തേജസ്വി.

[ധ്രുവൻ പ്രവേശിച്ചു് മഹർഷിയെ താണു തൊഴുന്നു.]

നാരദൻ :—കുഞ്ഞേ! നീ എവിടെപ്പോകുന്നു?

ധ്രു:—അമ്മ പറഞ്ഞതനുസരിച്ചു് ഞാൻ ശ്രീനാരായണനെ ഭജിക്കാൻ പോകയാണു്.

നാര :—എന്തു്? ഈ ഇളംപ്രായത്തിൽ നിനക്കതിനു ശക്തിയുണ്ടോ?

ധ്രു :—ഉണ്ടു്. ഭഗവാൻ എന്റെ മനസ്സിൽ ഇരിക്കുമ്പോൾ ശക്തിക്കുറവു വരുമോ? അവിടുന്നാരാണു്?

നാര :—അതു പറയാം. നിന്റെ മാതാപിതാക്കൾ ആരാണു്?

ധ്രു :—ഉത്താനപാദ മഹാരാജാവു് അച്ഛൻ—പട്ടമഹിഷി സുനീതിദേവി അമ്മയും.

നാര :—ആഹാ—ഉത്താനപാദമഹാരാജാവിന്റെ പുത്രനോ? (കണ്ണടച്ചു് അല്പം ആലോചിക്കുന്നു.)

[സ്വഗതം] ശരി. എനിക്കു കാര്യമെല്ലാം മനസ്സിലായി. (ധ്രുവനോടു്) കുഞ്ഞേ എങ്ങോട്ടാണിപ്പോൾ നീ പോകുന്നതു്?

ധ്രു :—എനിക്കു നിശ്ചയമില്ല. ഭഗവാൻ നിശ്ചയിക്കുന്നേടത്തേക്കു്.

നാര :—നിന്റെ പേരെന്താണു്?

ധ്രു :—ധ്രുവൻ.

നാര :—ധ്രുവാ! നീ ഒരു സുകൃതിയാണു്. ഈ പ്രായത്തിൽ നിനക്കിത്രത്തോളം ഭക്തിയുണ്ടായതു് ലോകത്തിന്റെ ഭാഗ്യംതന്നെ.

ധ്രു :—അവിടുന്നാരാണെന്നു് ഇതുവരെ പറഞ്ഞില്ലല്ലോ.

നാര :—ഞാൻ ബ്രഹ്മപുത്രനായ നാരദനാണു്. (ധ്രുവൻ നാരദനെ നമസ്കരിക്കുന്നു.)

ധ്രു :—അമ്മ പലപ്പോഴും അവിടത്തെ കഥകൾ പറഞ്ഞുതന്നിട്ടുണ്ടു്. അവിടത്തെ കാണാനിടയായതു് എന്റെ മഹാ ഭാഗ്യംതന്നെ.

നാരം:—കുഞ്ഞേ! ഭഗവാൻ ശ്രീനാരായണൻ നിൻെറ മുമ്പിൽ എന്നെ എത്തിച്ചതാണു്.

ധ്രു:—ഭഗവാൻ കൃപാമൂത്തിയാണല്ലോ.

നാര:—അതെ. നീ തപസ്സിനു പോകയല്ലേ? നിനക്കു ഞാൻ ഒരു മന്ത്രം ഉപദേശിക്കാം.

[ധ്രുവനെ സസ്നേഹം ആശ്ലേഷിച്ചു് ചെവിയിൽ മന്ത്രോപദേശം ചെയ്യുന്നു.]

നാര:—ഈ മന്ത്രം ജപിച്ചുകൊണ്ടു് നീ ഭഗവാനെ ധ്യാനിക്കണം. എല്ലാം ശുഭമായി വരും. നിൻെറ കീത്തി അനശ്വരമായിരിക്കും. ഒരു കാര്യംകൂടി. ഇതിനടുത്തു് മധുവനം എന്നൊരു സ്ഥലമുണ്ടു്. നീ അവിടെ ചെന്നു തപസ്സു ചെയ്താൽ മതി. വലിയ കാട്ടിലെങ്ങും പോയിട്ടാവശ്യമില്ല. മധുവനം നിനക്കു ഞാൻ കാട്ടിത്തരാം. കൂടെ വരിക.

[കീത്തനം പാടിക്കൊണ്ടു് രണ്ടുപേരും പോകുന്നു]

രംഗം ൪

[ധ്രുവൻ തപോനിഷ്ഠനായി അങ്ങനെ നില്ക്കുന്നു. ശംഖചക്രഗദാപത്മങ്ങൾ ധരിച്ചു് ഭഗവാൻ ധ്രുവൻെറ മുമ്പിലെത്തി ധ്രുവനെ സ്പർശിക്കുന്നു. ധ്രുവൻ ഭഗവാനെ ദർശിച്ചു സാഷ്ടാംഗം നമസ്കരിക്കുന്നു. ഭഗവാൻ വാത്സല്യത്തോടെ ധ്രുവനെ എഴുന്നേൽപ്പിക്കുന്നു.]

വിഷ്ണു:—ധ്രുവകുമാരാ, നിൻെറ തപസ്സുകൊണ്ടു് ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇത്ര വയസ്സുള്ള ബാലൻ

ഇത്ര കഠിന തപസ്സു ചെയ്തതായി ലോകം കേട്ടിട്ടില്ല. നീ തപസ്സാരംഭിച്ചിട്ട് ആറു മാസമേ ആയിട്ടുള്ളു. ജലപാനം പോലും കൂടാതെ വായു മാത്രം ശ്വസിച്ചുകൊണ്ട് ഇങ്ങനെ തപസ്സു ചെയ്യാൻ മഹർഷിമാർക്കുപോലും സാധിക്കുകയില്ല. നീ സർവ്വവും ഞാനായിതന്നെ കണ്ടു കഴിഞ്ഞു. ഇതിലധികം ഒരാൾക്ക് എന്താണറിയാനുള്ളതു്?

ധ്രു:— ഭഗവൻ! ഭക്തവത്സലാ! അഗതിയായ അടിയനിൽ കനിയണമേ! അടിയന്റെ സങ്കടം ഇല്ലാതാക്കണമേ! അടിയന്റെ മാതാപിതാക്കൾക്കു മംഗളം വരുത്തണമേ! ജീവനുള്ള കാലം മുഴുവനും അവിടത്തെ ഭക്തനായി കഴിയുവാനുള്ള ഭാഗ്യം അടിയനു നല്കിയനുഗ്രഹിക്കണമേ.

വിഷ്ണു:— അങ്ങനെതന്നെ സംഭവിക്കും. ജീവാവസാനം വരെയല്ല, ലോകാവസാനംവരെ നീ കീർത്തിമാനായി വിളങ്ങും. എന്റെ ഭക്തന്മാരിൽ ഒരു പ്രധാന സ്ഥാനം നിനക്കു സിദ്ധിക്കും. നിനക്ക് എന്റെ ദർശനം ലഭിച്ച വിവരം നാരദമഹർഷി നിന്റെ അച്ഛനെ അറിയിച്ചുകഴിഞ്ഞു. രാജാവു് പുത്രനെ കൂട്ടിക്കൊണ്ടുപോകാൻ ആളുകളോടു കൂടി ഇവിടെ ഉടനെ എത്തും. അദ്ദേഹം പുറപ്പെട്ടു കഴിഞ്ഞു. നിനക്കു മംഗളം ഭവിക്കട്ടെ.

(ഭഗവാൻ മറയുന്നു.)

---

പാഠം ൧

# ശ്രീരാമനും പൊന്മാനും

[സീതയെ അപഹരിക്കാൻ വേണ്ടി രാവണരാക്ഷസൻ മാരീചന്റെ അടുക്കൽ ചെന്നു് ഒരു പൊന്മാനിന്റെ രൂപമെടുത്തു് സീതയെ വ്യാമോഹിപ്പിക്കണമെന്നപേക്ഷിച്ചു. അപ്പോൾ മാനിനെപ്പിടിക്കാൻ രാമനും ലക്ഷ്മണനും ദൂരെ പോകുമെന്നും ആ അവസരത്തിൽ സീതയെ അപഹരിക്കാമെന്നുമായിരുന്നു രാവണന്റെ ഉദ്ദേശം. മാരീചൻ പൊന്മാനായി സീതയെ സമീപിക്കുന്നതാണു് പ്രകൃതം.]

മാരീചൻ മനോഹരമായൊരു പൊന്മാനായി
ചാരുപുള്ളികൾ വെള്ളികൊണ്ടു, നേത്രങ്ങൾ രണ്ടും
നിലക്കൽകൊണ്ടു ചെയ്തു മുഗ്ദ്ധഭാവത്തോടോരോ
ലീലകൾ കാട്ടിക്കാട്ടിക്കാട്ടിലുൾപ്പുക്കും പിന്നെ
വേഗേന പുറപ്പെട്ടും തുള്ളിച്ചാടിയുമന-
രാഗഭാവേന ദൂരെപ്പോയ് നിന്നു കടാക്ഷിച്ചും
രാഘവാശ്രമസ്ഥലോപാന്തേ സഞ്ചരിക്കുമ്പോൾ
രാകേന്ദുമുഖി സീത കണ്ടു വിസ്മയം പൂണ്ടാൾ.
മായാനിർമ്മിതമായ കനകമൃഗം കണ്ടു
മായാസീതയും രാമചന്ദ്രനോടരുൾ ചെയ്തു.
"ഭർത്താവേ കണ്ടീലയോ കനകമയമൃഗ-
മെത്രയും ചിത്രം ചിത്രം! രത്നഭൂഷിതമിദം.
പേടിയില്ലിതിനേതുമെത്രയുമടുത്തു വ-
ന്നീടുന്നു മരുക്കമുണ്ടെത്രയുമെന്നു തോന്നും
കളിപ്പാനതിസുഖമുണ്ടിതു നമുക്കിങ്ങു
വിളിച്ചീടുക വരുമെന്നു തോന്നുന്നു നൂനം.

പിടിച്ചുകൊണ്ടിങ്ങു പോന്നീടുക വൈകീടാതെ
മടിച്ചീടരുതേതും ഭർത്താവേ ജഗൽപതേ!" 18
മൈഥിലീവാക്യം കേട്ടു രാഘവനരുൾചെയ്തു
സോദരൻ തന്നോടു "നീ കാത്തുകൊള്ളുകവേണം 20
സീതയെയവൾക്കൊരു ഭയവുമുണ്ടാകാതെ
യാതുധാനന്മാരുണ്ടു കാനനം തന്നിലെങ്ങും"; 22
എന്നരുൾചെയ്തു ധനുർബാണങ്ങളെടുത്തുടൻ
ചെന്നുടൻ മൃഗത്തെക്കൈക്കൊള്ളുവാൻ ജഗന്നാഥൻ. 24
അടുത്തു ചെല്ലുന്നേരം വേഗത്തിലോടിക്കള-
ഞ്ഞടുത്തു കൂടായെന്നു തോന്നുമ്പോൾ മന്ദമന്ദം 26
അടുത്തു വരുമപ്പോൾ പിടിപ്പാൻ ഭാവിച്ചീടും
പടുത്വമോടു ദൂരെക്കുതിച്ചു ചാടുമപ്പോൾ. 28
ഇങ്ങനെ തന്നെയൊട്ടു ദൂരത്തായതു നേരം
എങ്ങനെ പിടിക്കുന്നു വേഗമേറീതിനേറ്റം 30
എന്നുറച്ചാശ വിട്ടു രാഘവനൊരു ശരം
നന്നായിത്തൊടുത്തുടൻ വലിച്ചുവിട്ടീടിനാൻ. 32
പൊന്മാനതുകൊണ്ടു ഭൂമിയിൽ വീണ നേരം
വന്മലപോലെയൊരുരാക്ഷസവേഷംപൂണ്ടാൻ 34
മാരീചൻ തന്നെയിതു ലക്ഷ്മണൻ പറഞ്ഞതു
നേരത്രേയെന്നു രഘുനാഥനും നിരൂപിച്ചു. 36
ബാണമേറ്റവനിയിൽ വീണപ്പോൾ മാരീചനും
പ്രാണവേദനയോടു കരഞ്ഞാനല്ലോ പാപം! 38

[കിളിപ്പാട്ട്   അദ്ധ്യാത്മരാമായണം—എഴുത്തച്ഛൻ]

പാഠം ൮

# വീഥിനിയമങ്ങൾ

"ഒന്നു്, രണ്ടു്, മൂന്നു്.........അൻപത്തേഴു്, അൻപത്തെട്ടു്, അൻപത്തൊൻപതു്, അറുപതു്" എന്നു് രവി എണ്ണിത്തീൎന്നതും രവിയും ജോണുംകൂടി അവരുടെ വിദ്യാലയത്തിന്റെ മുൻവശത്തുകൂടിപ്പോകുന്ന മെയിൻറോഡിൽ എത്തിയതും ഒന്നിച്ചായിരുന്നു. രവി പറഞ്ഞു:—

"ഇനിയും ഇതുപോലെ വേഗം നടന്നുകൊണ്ടു് എണ്ണണം. നൂററി ഇരുപതു് എന്നു് എണ്ണുന്നതു് സ്കൂൾ ഗേററിൽ വച്ചായിരിക്കും. സ്കൂൾ ഗേററിലേക്കുതന്നെ നോക്കിക്കൊണ്ടു നടന്നു് എണ്ണണം." എന്നു പറഞ്ഞുകൊണ്ടു് രണ്ടുപേരും ഗേററിലേക്കുനോക്കി. "അതാ അവിടെയെന്തൊരാൾക്കൂട്ടം." എന്നു പറഞ്ഞു് രവിയും ജോണും ഓടിത്തുടങ്ങി. "അതാ, കാറും ലോറിയുമൊക്കെ അവിടെ നിറുത്തുന്നു നോക്കു, പോലീസുവാൻ; പോലീസുകാർ ഇറങ്ങുന്നു." രണ്ടുപേരും അല്പംകൂടി വേഗത്തിൽ ഓടി.

സ്കൂൾഗേററിൽ എത്തുന്നതിനുമുമ്പുതന്നെ മണി അടിച്ചു. അവിടെ കൂടിനിന്ന വിദ്യാൎത്ഥികൾ സ്കൂളിനകത്തേയ്ക്കോട്ടം പിടിച്ചു. "ഉം! ക്ലാസ്സിൽ പോകണം. ഒരൊററ വിദ്യാൎത്ഥിയെപ്പോലും ഇവിടെ കണ്ടുപോകരുതു്." അവിടെയെത്തിയ ഹെഡ്മാസ്റ്റർ ആജ്ഞാപിച്ചു. ഹെഡ്മാസ്റ്ററുടെ കണ്ണിൽപ്പെടാതെ ആൾക്കൂട്ടത്തിൽ പതുങ്ങിനിന്ന കുട്ടികളും സ്കൂളിനകത്തേയ്ക്കു മനസ്സില്ലാമനസ്സോടെ പോയി.

രവി പറഞ്ഞു:—"ഇന്നു നേരത്തെ മണി അടിച്ചതു് കുട്ടികൾ പിരിഞ്ഞുപോകാൻ ചെയ്ത വിദ്യയാണു്." അവർ



ഓട്ടത്തിന്റെ വേഗം ഒന്നു കുറച്ചു. "വല്ലവരുടേയും പുറത്തു സൈക്കിൾ മുട്ടിയതായിരിക്കും" എന്നായി ജോൺ. "അതാ ആൾക്കൂട്ടത്തിനിടയ്ക്കു കാർ കണ്ടില്ലേ; കാറപകടമായിരിക്കും." എന്നു രവിയും അഭിപ്രായപ്പെട്ടു.

അവർ സ്കൂൾ ഗേററിനടുത്തെത്തി. ഭയാശങ്കകളോടെ ആൾക്കൂട്ടത്തിന്റെ നടുവിലേയ്ക്കു ഒന്നു നോക്കി. ചോരയിൽ കുളിച്ചു ശശി—കഷ്ടം! അവരുടെ ഉററ സ്നേഹിതൻ. ആ കാഴ്ച അവരുടെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു. ഒന്നുകൂടി അവക്കങ്ങോട്ടു നോക്കാൻ കഴിഞ്ഞില്ല. അവർ തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ടു സ്കൂളിനകത്തേക്കു പോയി. ഇതിനിടയ്ക്കു ഒരു ആംബുലൻസ് വാൻ വരുന്നതും ശശിയെ ആസ്പത്രിയിലേക്കു കൊണ്ടുപോകുന്നതും അവർ കണ്ടു.

അന്നു വിദ്യാലയം ശോകമൂകമായിരുന്നു. കളിയില്ല, ചിരിയില്ല, ബഹളമില്ല. എങ്ങും ഒരു മ്ലാനത. അവരുടെ "കൊച്ചുചാമ്പിയൻ 'ശശി' കാറപകടത്തിൽപ്പെട്ടു. പാവം! ജീവിക്കുമോ, മരിച്ചുപോകുമോ?"—അതായിരുന്നു എല്ലാപേരേയും പീഡിപ്പിച്ചതു്.

അന്നു കാലത്തു് മററെല്ലാക്ലാസുകളിലുമെന്നപോലെ രവിയുടെ ക്ലാസിലും ഈ ദയനീയസംഭവമായിരുന്നു സംഭാഷണവിഷയം. പാഠപുസ്തകത്തിലില്ലാത്ത വിഷയങ്ങളെപ്പററി ചർച്ചകൾ നടക്കുമ്പോൾ സ്വീകരിക്കാറുള്ള സമ്പ്രദായമാണു് അന്നത്തെ ചർച്ചക്കും സ്വീകരിച്ചതു്. രാജനും, രവിയും, മത്തായിയും, സോമനുമാണു് ചർച്ചയിൽ പങ്കെടുത്തവരിൽ പ്രധാനികൾ

രാജൻ:—കൊടുക്കേണ്ടതായിരുന്നു, ഒന്നു രണ്ടു്, ആ ഡ്രൈവരുടെ പിടലിക്കു്. കഷ്ടമായിപ്പോയി ഹെഡ്

മാസ്റ്റർ ഇടയ്ക്കു ചാടിവീണ് അതിനെ തടഞ്ഞു.

അദ്ധ്യാ:—കൊള്ളാം. അതെങ്ങനെ സമ്മതിക്കും? ശിക്ഷിക്കാൻ നമുക്കാണോ അധികാരം? കേസെടുക്കാൻ പോലീസുണ്ട്. അപരാധിയാരെന്നു തീരുമാനിക്കാനും ശിക്ഷിക്കാനും മജിസ്ട്രേട്ടും.

രാജൻ:—കുററക്കാരനാരെന്ന് ഇതൊന്നും കാണാത്ത മജിസ്ട്രേട്ടു പറയണമോ? എന്റെ കണ്ണുകൊണ്ടല്ലേ കണ്ടതു് ഡ്രൈവർ കാർ കൊണ്ടുവന്നിടിക്കുന്നതു്.

രവി:—ഡ്രൈവർ മനഃപൂർവ്വം അങ്ങനെ ചെയ്യുമോ? നിശ്ചയമായും ഇല്ല.

അദ്ധ്യാ:—മനഃപൂർവ്വം ചെയ്തതല്ലെങ്കിലും ഡ്രൈവർ കുററക്കാരനാകാം. വീഥീനിയമങ്ങൾ ലംഘിച്ചാൽ മതിയല്ലോ.

മത്തായി:—കാർ ഇടതുവശത്തുകൂടിത്തന്നെയാണു പോയതു്.

സോമൻ:—കാർ ഇടതുവശത്തുകൂടിത്തന്നെ പോകണമെന്നു നിയമമുണ്ടോ?

മത്തായി:—ഇല്ലേ പിന്നെ. കാറും വണ്ടിയും സകല വാഹനങ്ങളും ഇടതുവശത്തുകൂടിത്തന്നെ പോകണം. ആളുകൾ നടക്കുന്നതു് വലതുവശത്തുകൂടിയും.

സോമൻ:—ഇടതുവശത്തുകൂടി നടന്നാലോ?

"കാറും വണ്ടിയുമൊക്കെ ആളിന്റെ പുറത്തുകേറി സവാരിചെയ്യും"—പെട്ടെന്നു പൊങ്ങിയ ഈ ഉത്തരം സകലരേയും ചിരിപ്പിച്ചു. അങ്ങനെ ക്ലാസ്സിലെ മ്ലാനത നീങ്ങി. അവർ ഉത്സാഹപൂർവ്വം ചർച്ചയിൽ പങ്കുകൊണ്ടു. ക്ലാസ്സിലെ

ഏതോ കുസൃതിക്കുട്ടൻ പൊട്ടിച്ചതായിരുന്നു ഈ ഫലിതോക്തി.

"ആളുകൾ പരലോകത്തേയ്ക്കും" എന്നു പറഞ്ഞ് അദ്ധ്യാപകൻ ഒരു കൊച്ചുചിരി കൂടി ക്ലാസിൽ ഉയർത്തി.

അദ്ദേഹം തുടർന്നു:—നമുക്ക് പുറകിൽ കണ്ണില്ലല്ലോ. വാഹനങ്ങൾ പുറകിൽക്കൂടി വരുന്നതു കണ്ടാലല്ലേ ഒഴിഞ്ഞുമാറാനൊക്കൂ. ഹാണോ ബെല്ലോ കേട്ടാൽ ഒഴിഞ്ഞുമാറാനൊത്തെന്നുവരാം. എന്നാൽ പലപ്പോഴും ബെൽ കേട്ട് പലരും പരിഭ്രമിച്ചു ലക്കില്ലാതെ ഓടാറുണ്ട്. അപ്പോൾ അപകടവുമുണ്ടാകാം. ഒരു ഹാൺ കേട്ടു പരിഭ്രമിച്ച് ഓടയിൽ ചാടി കാലൊടിഞ്ഞ ഒരാളെ എനിക്കറിയാം. വലതുഭാഗത്തുകൂടി നടന്നേച്ചാൽ ഈ അപകടമെല്ലാം ഒഴിക്കാമല്ലോ.

മത്തായി:—ഇത്ര ലഘുവായ ഒരു നിയമം ആരും അനുസരിക്കാത്തതെന്ത്?

അദ്ധ്യാ:—അജ്ഞതയും നിസ്സാരമനോഭാവവുമാണതിനു കാരണം. അറിവുള്ളവർ നിയമമനുസരിക്കാത്തതാണ് അത്ഭുതം. അറിവില്ലാത്തവരും കുഞ്ഞുങ്ങളും അവരെ അനുകരിക്കുമെന്ന് അവരോർക്കുന്നില്ല.

രവി:—(ചാടി എണീററ്) അപ്പോൾ ഈ ഒരൊററ നിയമം അനുസരിക്കാത്തതുകൊണ്ടാണ് റോഡപകടങ്ങളുണ്ടാകുന്നത്, അല്ലേ?

അദ്ധ്യാ:—ഒന്നല്ല, പല നിയമങ്ങളുണ്ട്. അവയിലേതെങ്കിലും ആദരിക്കാതിരുന്നാലും അപകടങ്ങളുണ്ടാകാം.

രാജൻ:—സർ, മററു നിയമങ്ങളും കൂടി പറയണം.

അദ്ധ്യാ:—റോഡ് കുറുകെ കടക്കണമെന്നു വിചാരിക്കുക. റോഡരികിൽ ഒന്നു നിന്ന് വലത്തോട്ടും ഇടത്തോട്ടും നോക്കി, കാറും വണ്ടിയുമൊന്നും വരുന്നില്ലെന്നു ബോദ്ധ്യപ്പെട്ട ശേഷം മാത്രമേ കടക്കാൻ ഒരുമ്പെടാവു. നടക്കുന്നതു വേഗത്തിലും സൂക്ഷിച്ചുമായിരിക്കണം. നാൽക്കവലയിലാണെങ്കിൽ റോഡുമുറിച്ചു കടക്കുന്നതു വളരെ സൂക്ഷിച്ചു വേണം.

രാജൻ:—വേഗം നടക്കാനൊക്കാത്ത കിഴവന്മാരാണെങ്കിലോ?

അദ്ധ്യാ:—രാജൻതന്നെ അതിനുത്തരം പറയണം.

എല്ലാപേരും കൂടി ഒന്നു ചിരിച്ചു. ചിരി അടങ്ങിയപ്പോൾ രാജൻ പറഞ്ഞു. "കുറെ കാത്തുനിന്ന് ആളും വണ്ടിയും കുറയുമ്പോൾ....."

അദ്ധ്യാ:—ശരിയാണ്. അങ്ങനെയുള്ളവർ മററുള്ളവരുടെ സഹായത്തോടുകൂടി റോഡുകടക്കണം. അങ്ങനെയുള്ളവരെ സഹായിക്കാൻ നാം എപ്പോഴും തയ്യാറാവണം.

രവി:—നമ്മുടെ സ്കൂൾ നാല്ക്കവലയിലല്ല, ഒരു ഒഴിഞ്ഞ മൂലയിലാണ്. ഇവിടെ എന്തു സൂക്ഷിക്കാനാണ്?

അദ്ധ്യാ:—ഗേററിൽനിന്ന് പെട്ടെന്ന് റോഡിലേയ്ക്കോടാറില്ലേ? അപ്പോഴും അപകടം സംഭവിയ്ക്കാം.

മത്തായി:—നേരെ സർപ്പത്തേയ്ക്കും പോകാം.

ക്ലാസിൽ വീണ്ടും കൂട്ടച്ചിരിയായി.

അദ്ധ്യാ:—റോഡരികിൽ താമസിക്കുന്നവരും റോഡിലേക്കു ചാടിയിറങ്ങരുതു്.

രവി:—(ദീർഘമായി ശ്വസിച്ചുകൊണ്ടു്, കണ്ണുമിടറി) നമ്മുടെ ശശി റോഡിലേയ്ക്കോടിയിരിക്കാം.

അദ്ധ്യാ:—വേണമെന്നില്ല. തെററ് ഡ്രൈവറുടേതുമാകാം. ഗേററിനു സമീപമുള്ള തൂണിലെ ചുവന്ന ത്രികോണം അയാൾ ശ്രദ്ധിച്ചില്ലായിരിക്കാം.

സോമൻ:—അതുകൊണ്ടെന്തു്? എന്തിനാണീ ത്രികോണം?

അദ്ധ്യാ:—ചുവന്ന ത്രികോണചിഹ്നം അപകടമുണ്ടെന്നും സൂക്ഷിച്ചു യാത്ര ചെയ്യണമെന്നും സൂചന നൽകുന്നു. അടുത്തു് സ്കൂളോ ചന്തസ്ഥലമോ റോഡ്കവലയോ ഉള്ളപ്പോഴാണു് നാം ആ മാതിരി ചിഹ്നം കാണുന്നതു്. അതു കണ്ടാൽ വാഹനങ്ങളുടെ വേഗത കുറച്ചു സൂക്ഷിച്ചു് ഓടിക്കണമെന്നു് മനസ്സിലാക്കണം.

മത്തായി:—വണ്ടിക്കു് ബ്രേക്കു് ഇല്ലെങ്കിലോ?

അദ്ധ്യാ:—അപകടമുണ്ടാകും. ബ്രേക്കില്ലാത്ത വണ്ടി ഓടിച്ചുകൂടെന്നാണു നിയമം. ബ്രേക്കു് ശരിയാണോ എന്നു് കൊല്ലത്തിലൊരിക്കൽ പരിശോധിക്കാനും ഏർപ്പാടുണ്ടു്.

രാജൻ:—അങ്ങനെ ചെയ്യില്ലെങ്കിലോ?

അദ്ധ്യാ:—അതു കുററകരമാണു്. ശിക്ഷ നൽകാം. ബ്രേക്കില്ലാതെ മാത്രമല്ല, രാത്രി വിളക്കില്ലാതെയും വാഹനങ്ങൾ ഓടിക്കരുതു്. പൌരധർമ്മം എന്തെന്നറിഞ്ഞാൽ ആരും തെററായി പ്രവർത്തിക്കയില്ല.

മത്തായി:—ഇന്നാളൊരിക്കൽ തിരുവനന്തപുരത്തു പോയപ്പോൾ എല്ലാ നാല്ക്കവലകളിലും പോലീസുകാർ നിന്നു് കൈകാണിച്ചു് വണ്ടിയെ നിറുത്തുന്നതും പൊയ്ക്കൊള്ളാൻ അനുവദിക്കുന്നതും ഞാൻ കണ്ടു. അതുപോലെ നമ്മുടെ സ്കൂൾ ഗേററിലും ഒരാളെ നിയമിച്ചാൽ എന്തു്?

അദ്ധ്യാ:—കൊള്ളാം! നല്ല നിർദ്ദേശംതന്നെ. നമ്മുടെ സംസ്ഥാനത്തു് അയ്യായിരത്തിലധികം പള്ളിക്കൂടങ്ങൾ ഉണ്ടു്. അവിടെ എല്ലാം പോലീസുകാരെ നിയമിക്കാനൊക്കുമോ? പള്ളിക്കൂടത്തിന്റെ ഗേററിൽ മാത്രമല്ല, ആശുപത്രികളുടെയും, കച്ചേരികളുടെയും എല്ലാം ഗേററുകളിലും പോലീസു വേണ്ടേ? അതിനൊക്കെ വളരെ പണം ആവശ്യമുണ്ടു്. അത്രയും പണം ചെലവാക്കാൻ നമ്മുടെ ഗവമെന്റിനു് സാദ്ധ്യമല്ല. നഗരങ്ങളെ അപേക്ഷിച്ചു് ഗ്രാമപ്രദേശങ്ങളിൽ ആൾസഞ്ചാരവും വാഹനഗതാഗതവും കുറവാണല്ലോ. വീഥികളിൽ ആളുകളും പല തരത്തിലുള്ള വാഹനങ്ങളും സദാ സഞ്ചരിച്ചുകൊണ്ടിരിക്കയാണു്. അതുകൊണ്ടു് ഏതു നിമിഷത്തിലും അപകടമുണ്ടാകാം. എത്ര നിഷ്കർഷിച്ചിട്ടും അപകടങ്ങൾ ഉണ്ടാകാറുമുണ്ടു്. ഗ്രാമങ്ങളിൽ റോഡപകടങ്ങൾ തുലോം കുറവാണു്.

രവി:—കുറവാണെങ്കിലും ഉണ്ടല്ലോ? അതുണ്ടായിക്കൂടാ.

അദ്ധ്യാ:—ശരിയാണു്. അതിനൊരു മാർഗ്ഗം ആർക്കെങ്കിലും നിർദ്ദേശിക്കാമോ?

എല്ലാപേരും ആലോചന തുടങ്ങി. ഒരു നിമിഷം കഴിഞ്ഞു. സ്കൗട്ട് റഹിം ചാടി എണീററു പറഞ്ഞു. "ദിവസവും കാലത്തു് ഒൻപതുമുതൽ പത്തുവരേയും വൈകീട്ടു് മൂന്നേമുക്കാൽ മുതൽ നാലരവരേയും വിദ്യാർത്ഥികളേയും വാഹനങ്ങളേയും നിയന്ത്രിക്കാൻ ഓരോ സ്കൗട്ടിനെ ചുമതലപ്പെടുത്തിയാൽ കൊള്ളാം. സർ, ഇന്നു വൈകീട്ടത്തെ ചുമതല വഹിക്കാൻ ഞാൻ തയ്യാർ."

"ശേഷ്! ശേഷ്. നല്ല യുക്തി," എന്നു് ക്ലാസ്സിൽ പലരും വിളിച്ചു പറഞ്ഞു.

അദ്ധ്യാ:—വളരെ നന്നായി. സ്കൗട്ടു മാസ്റ്ററുമായി ആലോചിച്ചു വേണ്ട ഏർപ്പാടുകൾ ചെയ്യാൻ ഹെഡ് മാസ്റ്ററോടു് ഞാൻ അപേക്ഷിക്കാം. അതുമാത്രം പോരാ. നമുക്കു് ഈ സ്കൂളിൽ ഒരപകടനിർമ്മാർജ്ജനസംഘം സ്ഥാപിക്കുകയും വേണം. ആ സംഘം വീഥിനിയമങ്ങൾ വിദ്യാർത്ഥികളെ ഗ്രഹിപ്പിക്കണം. അവർ എങ്ങനെ റോഡിനെ ഉപയോഗിക്കണമെന്നു് പഠിപ്പിക്കണം. അപകടങ്ങളുണ്ടാകുന്നതെങ്ങനെയെന്നു് അഭിനയിച്ചു കാണിക്കണം. അപ്പോൾ നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾക്കു് യാതൊരു ആപത്തും വരികയില്ല. അതുകണ്ടു് നിയമം അറിയാമെങ്കിലും അനുസരിക്കാത്ത മുതിർന്നവരും അനുകരിക്കും. എന്താണഭിപ്രായം?

അപ്പോൾതന്നെ ഹെഡ്മാസ്റ്ററുടെ ഒരു നോട്ടീസ് കൊണ്ടു് ഒരു ശിപായി വന്നു. അദ്ധ്യാപകൻ അതു വായിച്ചു.

"നമ്മുടെ പ്രിയപ്പെട്ട ശശികുമാരനു സംഭവിച്ച അപകടം നിങ്ങളെല്ലാം ഇതിനകം അറിഞ്ഞിരിക്കും. ആ വിദ്യാൎത്ഥിയെ ആശുപത്രിയിലാക്കി വേണ്ട ശുശ്രൂഷകൾ നല്കി. യാതൊരാശങ്കക്കും വകയില്ലെന്നും രണ്ടാഴ്ചക്കകം സ്കൂളിൽ വീണ്ടും ഹാജരാകാൻ സാധിക്കുമെന്നും ഡാക്ടർ എന്നെ അറിയിച്ചു. ഈശ്വരാനുഗ്രഹംകൊണ്ടു് ആ കുട്ടി രക്ഷപ്പെട്ടു." ഇത്രയും വായിച്ചു തീൎന്നപ്പോൾ ക്ലാസിൽ എന്തെന്നില്ലാത്ത ഒരു സന്തോഷം പ്രകടമായി.—അദ്ധ്യാപകൻ വീണ്ടും വായിച്ചു. "ഈ സന്ദർഭത്തിൽ അതിപ്രധാനമായ ഒരു സംഗതി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വീഥിനിയമങ്ങൾ നാം അറിയണം, അനുസരിക്കണം. ഇന്നു വൈകുന്നേരം ഇവിടത്തെ പോലീസ് ഇൻസ്പെക്ടർ വീഥിനിയമങ്ങളെപ്പററി ഒരു പ്രസംഗം ചെയ്യുന്നതും, റോഡിൽ നടക്കേണ്ടതെങ്ങനെ, അപകടമുണ്ടാകുന്നതെങ്ങനെ, എന്നും മററും അഭിനയിച്ചു കാണിക്കുന്നതുമാണു്. അതുകൊണ്ടു് സകല വിദ്യാൎത്ഥികളും അദ്ധ്യാപകരും ഇന്നു മൂന്നുമണിക്കു് സ്കൂളിന്റെ മുൻഭാഗത്തുള്ള മൈതാനത്തു് സമ്മേളിക്കേണ്ടതാകുന്നു."

നോട്ടീസു വായിച്ചു തീൎന്നതും മണിയടിച്ചതും ഒന്നിച്ചു കഴിഞ്ഞു.

## പാഠം ൯

# അശോകചക്രവർത്തി

രണ്ടായിരത്തി മുന്നൂറ സംവത്സരങ്ങൾക്കു മുമ്പു കിഴക്കെ ഇൻഡ്യയിൽ മഗധം എന്നൊരു മഹാരാജ്യം ഉണ്ടായിരുന്നു. ഗംഗയുടേയും ശോണയുടേയും സംഗമസ്ഥലത്തു് ഇപ്പോൾ പാട്നാ എന്നറിയപ്പെടുന്ന പട്ടണത്തിന്റെ സ്ഥാനത്തു് പാടലീപുത്രം എന്നൊരു നഗരം ശോഭിച്ചു. അതു് മഗധരാജ്യത്തിന്റെ രാജധാനി ആയിരുന്നു. മൗര്യവംശത്തിൽ ജനിച്ച ചന്ദ്രഗുപ്തൻ എന്ന മഹാനായ യോദ്ധാവു് അന്നത്തെ നന്ദരാജവംശത്തെ നശിപ്പിച്ചു രാജ്യാധികാരം കൈവശപ്പെടുത്തി. അദ്ദേഹം യുദ്ധം ചെയ്തു് ക്രി. മു. 323-ൽ അയൽരാജ്യങ്ങൾ പിടിച്ചടക്കി രാജ്യത്തിന്റെ വിസ്‌തൃതി വർദ്ധിപ്പിച്ചു. തെക്കെ അററത്തുള്ള കേരളം, പാണ്ടി, ചോളം, കലിംഗം (ഇപ്പോഴത്തെ ഒറീസ്സാ) ഇവ ഒഴികെയുള്ള ഇൻഡ്യാരാജ്യം മുഴുവൻ അന്നു് അദ്ദേഹത്തിന്റെ ഭരണത്തിൽ ഉൾപ്പെട്ടു. ഇന്നു് ഇൻഡ്യയിൽ ഉൾപ്പെടാത്ത അഫ്ഗാനിസ്ഥാനും പാക്കിസ്ഥാനുംകൂടി അന്നു് ചന്ദ്രഗുപ്തന്റെ സാമ്രാജ്യത്തിൽ അടങ്ങിയിരുന്നു.

ചന്ദ്രഗുപ്തന്റെ പുത്രൻ ബിന്ദുസാരനും പൗത്രൻ അശോകനുമായിരുന്നു. ഒരു മഹായോദ്ധാവും നീതിനിപുണനുമായിരുന്നു അശോകൻ. ഭരണാധികാരം ഏററപ്പോൾ പിതാമഹനെപ്പോലെ രാജ്യത്തിന്റെ വിസ്താരം വർദ്ധിപ്പിക്കാനാണു് അശോകൻ ആദ്യമായി ആഗ്രഹിച്ചതു്. ഇൻഡ്യയുടെ കിഴക്കേ കടൽത്തീരത്തു് മഹാനദിയ്ക്കും കൃഷ്ണാനദിയ്ക്കും ഇടയ്ക്കുള്ള കലിംഗരാജ്യം പിടിച്ചടക്കാനാണു് അദ്ദേഹം മുതിർന്നതു്. ആന, കുതിര, തേരു്, കാലാൾ എന്ന ചതുരംഗ

തോടുകൂടിയ സൈന്യത്തിൽ ആറു ലക്ഷം ഭടന്മാർ ഉണ്ടായിരുന്നു. ഇരുമ്പു പരിചയെ അമ്പെയ്തു തുളയ്ക്കാൻ കെൽപ്പും കരുത്തും ഉള്ള വില്ലാളികൾ ആ സൈന്യത്തിൽ ഉൾപ്പെട്ടിരുന്നു.

വലിയ സന്നാഹത്തോടുകൂടി ആരംഭിച്ച യുദ്ധത്തിൽ ഒരു ലക്ഷം പേർ മൃതിയടയുകയും ഒന്നരലക്ഷംപേരെ തടവുകാരായി പിടിക്കുകയും ചെയ്തു. വീടും കുടിയും നശിച്ച് ദുരിതപ്പെട്ടു മരിച്ചവരുടെ എണ്ണത്തിനു കണക്കില്ലായിരുന്നു. യുദ്ധത്തിൽ അശോകൻ വിജയം നേടി. പക്ഷേ അദ്ദേഹത്തിന്റെ മനസ്സ് അസ്വസ്ഥമായിത്തീർന്നു. എന്തിനാണ് ഇത്ര വളരെ ജനങ്ങളെ വധിപ്പിച്ചതു്? എന്തിനാണ് ഇത്ര വലിയ ചോരപ്പുഴ ഒഴുക്കിയതു്? ഈ വിചാരങ്ങൾ അദ്ദേഹത്തെ വേദനപ്പെടുത്തി. അദ്ദേഹത്തിന്റെ ഹൃദയം അനുകമ്പകൊണ്ടലിഞ്ഞു. മനസ്സിൽ മങ്ങിക്കിടന്നിരുന്ന ചില കാര്യങ്ങൾ അദ്ദേഹത്തിന് ഓർമ്മവന്നു. ഗൌതമബുദ്ധൻ എന്ന ലോകഗുരുവിന്റെ ഉപദേശങ്ങൾ അവിടുന്നു കുട്ടിക്കാലത്തു കേട്ടിരുന്നു. പ്രാണിഹിംസയുടെ ദോഷത്തെയും, ഭൂതദയയുടെ മാഹാത്മ്യത്തെയും കുറിച്ച് ബുദ്ധന്റെ ഉപദേശങ്ങളെല്ലാം അവിടുന്നു ശക്തിയായി സ്മരിച്ചു. ബുദ്ധന്റെ സിദ്ധാന്തങ്ങൾ ഉപദേശിക്കാൻ പ്രാപ്തിയുള്ള ഉപഗുപ്തൻ എന്ന സന്യാസിയെ വരുത്തി. ഉപഗുപ്തന്റെ ഉപദേശങ്ങൾ അദ്ദേഹത്തിന് ഉണർവുണ്ടാക്കി. അഹിംസാതത്വം അദ്ദേഹത്തെ ആകർഷിച്ചു. അദ്ദേഹത്തിന് ഒരു നൂതനജീവിതം ആരംഭിക്കണമെന്നു തോന്നി. “ഇനി ഒരിക്കലും യുദ്ധം പാടില്ല, രണപടഹം എന്റെ രാജ്യത്തു മുഴങ്ങിക്കൂടാ” എന്നദ്ദേഹം ശപഥം ചെയ്തു. ധർമ്മത്തിന്റെ പ്രകാശം രാജ്യത്തെങ്ങും പരത്തണമെന്നു് അദ്ദേഹം നിശ്ചയിച്ചു.

ഒരു പുതിയ ഭരണ സമ്പ്രദായം അശോകൻ നടപ്പിൽ വരുത്തി. ജനങ്ങൾ എപ്രകാരം ജീവിക്കണമെന്നും മററുമുള്ള ധർമ്മസിദ്ധാന്തങ്ങൾ കൊത്തിച്ച കൽത്തൂണുകൾ സാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിലും സ്ഥാപിക്കപ്പെട്ടു. പ്രജകൾ വായിച്ചറിഞ്ഞു് ആചരിക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്തതു്. ഈ കല്ലെഴുത്തുകളെ "അശോകൻെറ ശിലാശാസനങ്ങൾ" എന്നു പറഞ്ഞു വരുന്നു. ഈ ശാസനങ്ങൾ "പാലി" ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നതു്. അശോകൻെറ പ്രജകളിൽ അധികംപേരും സംസാരിച്ചിരുന്ന ഭാഷയാണതു്. എത്ര മഹാനായ രാജാവായിരുന്നു അശോകൻ എന്നു് ഈ ശാസനങ്ങൾ തെളിയിക്കുന്നു. അവിടുന്നു യഥാർത്ഥത്തിൽ പ്രജകളുടെ പിതാവായിരുന്നു. ഒരു ശാസനത്തിൽ അദ്ദേഹം ഉദ്യോഗസ്ഥന്മാർക്കു് നല്കുന്ന നിർദ്ദേശം നോക്കുക. "രാജാവു നമുക്കു പിതാവുപോലെയാണ്. തന്നേപ്പോലെ അദ്ദേഹം നമ്മെയും സ്നേഹിക്കുന്നു. അവിടത്തേയ്ക്കു് നാം സ്വന്ത സന്താനങ്ങളെപ്പോലെയാണെന്നു ജനങ്ങളെ മനസ്സിലാക്കണം. ജനങ്ങൾ എന്നെ വിശ്വസിക്കണം. അങ്ങനെ പ്രവർത്തിക്കേണ്ടതു് നിങ്ങളുടെ കടമയാണ്".

കാലം കഴിയുന്തോറും ധർമ്മത്തിലുള്ള അദ്ദേഹത്തിൻെറ നിഷ്ഠ വർദ്ധിച്ചുവന്നു. അദ്ദേഹം ചക്രവർത്തിയായി വാണരുളി. എങ്കിലും ബുദ്ധഭിക്ഷുവിൻെറ മഞ്ഞ വസ്ത്രങ്ങളാണ് അദ്ദേഹം അണിഞ്ഞതു്. ചക്രവർത്തി പ്രജകൾക്കു് ഉപദേശിച്ച ധർമ്മം എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുമായിരുന്നു. നാലു പ്രധാന നിയമങ്ങൾ അനുസരിക്കുന്നതാണു ശരിയായ ധർമ്മം, ശരിയായ മതം, എന്നു് അദ്ദേഹം പ്രസ്താവിച്ചു. എന്താണ് ആ നിയമങ്ങൾ? മാതാപിതാക്കന്മാരെ ആദരിക്കുക, ബന്ധുക്കൾക്കും മിത്രങ്ങൾക്കും ഗുരുക്കന്മാർക്കും



സാധുക്കൾക്കും ഉപകരിക്കുക, യാതൊരു പ്രാണിയെയും നിഗ്രഹിക്കാതിരിക്കുക, ഭൃത്യരോടും, ആശ്രിതരോടും കരുണ കാണിക്കുക. എന്താണു ധർമ്മം? എന്നു് അദ്ദേഹം ഉപദേശിക്കുന്നു. സത്കർമ്മം, കാരുണ്യം, ഔദാര്യം, സത്യം, ശുചിത്വം ഇവയെല്ലാം ശീലിക്കുകയാണു് ധർമ്മം. എല്ലാററിനും മീതെ മതത്തിന്റെ കാര്യത്തിൽ മനുഷ്യർക്കു തികഞ്ഞ സഹിഷ്ണുത വേണം. ഒരുവൻ സ്വന്തം മതത്തെ ആദരിക്കുന്നതുകൊണ്ടു് അന്യന്റെ മതത്തെ ധിക്കരിക്കരുതു്. ഓരോ മതവും ഓരോ വിധത്തിൽ ബഹുമാനം അർഹിക്കുന്നുണ്ടു്.

ഒരു സാധാരണ ബുദ്ധഭിക്ഷുവിന്റെ ജീവിതചര്യയാണു് അവിടുന്നു സ്വീകരിച്ചതു്. കൊട്ടാരത്തിലെ വിഭവങ്ങളും ആഡംബരങ്ങളും ഉപേക്ഷിച്ചു്, ഒററ മഞ്ഞമുണ്ടു്, അതു കീറിയാൽ തുന്നാനുള്ള സൂചി, ശിരസ്സു മുണ്ഡനം ചെയ്യാനുള്ള ഒരു കത്തി, കടന്നുകൂടാവുന്ന ചെറു പ്രാണികൾക്കു ജീവഹാനിവരാതെ വെള്ളം അരിച്ചുകുടിക്കാൻ ഒരു അരിപ്പു്, ഒരു ഭിക്ഷാപാത്രം ഇവ മാത്രമായിരുന്നു അവിടത്തെ ആവശ്യത്തിനുള്ള ഉപകരണങ്ങൾ. ഭരണം തുടങ്ങി പതിനൊന്നാംവർഷത്തിൽ അവിടുന്നു മൃഗയാ വിനോദം നിറുത്തിവെച്ചു. ദേവപ്രീതിക്കുള്ള കുരുതികളും നിറുത്തൽ ചെയ്തു. അവിടുന്നു വിശ്രമംകൂടാതെ പ്രയത്നിച്ചു. "പൊതുജനങ്ങളുടെ നന്മയ്ക്കുവേണ്ടി ഞാൻ പരിശ്രമിക്കും" എന്നു കല്പിച്ചു. "ഞാൻ എന്തിനു പണിപ്പെടുന്നു? എല്ലാം ജീവജാലങ്ങളോടുമുള്ള എന്റെ കടമ നിറവേററാൻ. ഇഹലോകത്തും പരലോകത്തും അവർക്കു സുഖം കൈവരുത്താൻ" എന്നു് സമാധാനം അരുളി. രാജവീഥിയുടെ ഇരുവശത്തും വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു. വഴിക്കിണറുകൾ കുഴിപ്പിച്ചു. മനുഷ്യർക്കും ജന്തുക്കൾക്കും വിശ്രമാലയങ്ങളും ആതുരാലയങ്ങളും ഉണ്ടാക്കി. ജനങ്ങളുടെ വിദ്യാഭ്യാസത്തിനു ബുദ്ധവിഹാരങ്ങൾ പണിചെയ്തു. ചണ്ഡാളരെന്നു ഹിന്ദു

ക്കരം കരുതിയിരുന്ന കാട്ടുജാതിക്കാരെ സഹായിക്കാൻ പ്രത്യേകം ഏർപ്പാടുകൾ ചെയ്തു. തടവുപുള്ളികളോടുള്ള പെരുമാററത്തിൽ സൗമ്യത വരുത്താൻ അവിടുന്നു നിബന്ധനയുണ്ടാക്കി.

സ്വന്തം രാജ്യത്തുമാത്രം ധർമ്മം ഉപദേശിച്ചതുകൊണ്ടു അവിടത്തേയ്ക്കു തൃപ്തിവന്നില്ല. ലോകത്തെല്ലാം ധർമ്മം പരത്തുവാൻ തീർച്ചപ്പെടുത്തി. ധർമ്മദൂതരായ ബുദ്ധസന്യാസിമാരെ ഇൻഡ്യയിൽ എല്ലായിടത്തും നിയോഗിച്ചു. പടിഞ്ഞാറു ഗ്രീസ് മുതലായ രാജ്യങ്ങളിലും, കിഴക്കു ചീനാരാജ്യത്തും ദൂതന്മാരെ അയച്ചു. അവിടത്തെ പുത്രൻ മഹേന്ദ്രനും പുത്രി സംഘമിത്രയും തെക്കു് സിംഹളദ്വീപിൽ (സിലോൺ) ധർമ്മം ഉപദേശിക്കാൻ നിയോഗിക്കപ്പെട്ടു.

അശോകന്റെ കാലത്തിനുമുമ്പു് ഇൻഡ്യയിൽ ഗൃഹനിർമ്മാണത്തിനു തടിമാത്രമേ ഉപയോഗിച്ചിരുന്നുള്ളു. വീടു പണിയാൻ കല്ലു് ഉപയോഗിച്ചുതുടങ്ങിയതു് അശോകനാണു്. കല്ലിൽ വിചിത്രമായ കൊത്തുപണികൾ ചെയ്യാനും അന്നാണു് ആദ്യമായി തുടങ്ങിയതു്.

അശോകൻ ഒടുവിൽ രാജ്യഭാരം രണ്ടു പൌത്രന്മാരെ ഏല്പിച്ചു് ചരമം പ്രാപിച്ചു. ലോകചരിത്രത്തിലെ ഏററവും മഹനീയമായ സംഭവമാണു് അവിടത്തെ രാജ്യഭാരം. അദ്ദേഹത്തിന്റെ കാലം കഴിഞ്ഞു് രണ്ടായിരത്തി ഇരുനൂറു സംവത്സരം കടന്നുപോയിരിക്കുന്നു. സൈന്യശക്തികൂടാതെ അദ്ദേഹം ഒരു മഹാസാമ്രാജ്യം ഭരിച്ചു. അങ്ങനെ ലോകത്തു് ഇന്നുവരെ ഉണ്ടായിട്ടുള്ളവരിൽ ഏററവും മഹാനായ ചക്രവത്തി അശോകനാണു്. അതിവിശിഷ്ടനായ അശോകചക്രവർത്തിയുടെ സ്മരണ നിലനിർത്താനാണു് സ്വതന്ത്രഭാരതം അശോകചക്രം കൊടിയടയാളമായി സ്വീകരിച്ചതു്.

---

## പാഠം ൧൦

# പമ്പാതീരം

(ശ്രീരാമലക്ഷ്മണന്മാർ ദണ്ഡകാരണ്യത്തിൽ സഞ്ചരിക്കയോളം പമ്പാതീരത്തിലെത്തുന്നു. അതിന്റെ വർണ്ണനയാണിതു്.)

പമ്പയെന്നു ഭുവനങ്ങളിലെല്ലാം
വൻപിയന്നു പുകഴും പുഴതന്റെ
മുൻപിലെത്തിയവ,രായതുനേര-
ത്തിമ്പമേറെയുളവായി മനസ്സിൽ.

ചേക്കവെച്ചു ചെറുപക്ഷികളെക്കൊ-
ണ്ടൊക്കെയും ബഹുമനോജ്ഞതകോലും
വക്കിലിട്ടു വരിവച്ചു നിരപ്പേ
പൊക്കമേറിയ കരിമ്പനകണ്ടു.

തേക്കു വീട്ടി കുളമാന്തടിയേറെ-
പ്പൊക്കമുള്ളിലവു പാതിരി കുമ്പിളും
നല്ലൂടമ്പകിലറന്തലിതെല്ലാ-
മുറ്റക്കത്തുഫല മിയന്നവർ കണ്ടാർ.

വാകയും വലിയ നെല്ലികളും വേപ്പും
താന്നിയാഞ്ഞിലി യിലിപ്പമരങ്ങളും
ഇക്കണക്കു പലമാതിരി വൃക്ഷം
വക്കിലൊക്കെ മുരടിച്ചിഹ നിന്നു.

ഈറയും മുളകളും നായ്ക്കണയെല്ലാം
മാറിമാറി യവിടങ്ങളിലുണ്ടു്
കേറിനിന്നു ഹരിണങ്ങളും ഭക്ഷിപ്പാ-
നേറെയുണ്ടിളയ നല്ല തൃണങ്ങളും.

കണ്ടകാട്ടുകളിലൊക്കെ യലഞ്ഞും-
കൊണ്ടു കൊമ്പുകളൊടിച്ചു ചവച്ചും
മണ്ണുകോരി മുതുകത്തു ചൊരിഞ്ഞും
പൊണ്ണരായ കരിവീരർ നടന്നു.

അമ്പിളിക്കലകൾപോലെ വളഞ്ഞ–
ക്കൊമ്പുമേന്തി മഹിഷങ്ങടെ പററം
വൻപെഴുന്ന തലവൻെറ പുറക്കൽ
കമ്പമററു കളിയാടിനടന്നു.

നല്ലിളം കറുകനോക്കി നടക്കും
വല്ലതും ചിലതിടയ്ക്കു ചവയ്ക്കും
തെല്ലുനാദമരികത്തണയുമ്പോൾ
കല്ലുപോലതിനെ യോർത്തിഹ നിൽക്കും,

ഒന്നുമിന്നു,മവിടന്നതിവേഗാൽ
ചെന്നു വേറെയൊരു ദിക്കിലുറയ്ക്കും
മാനമോടവയവങ്ങളിൽ നക്കും
മാനുമല്ലിശി പലേ വിധമുണ്ട്.

ഇന്നിയും ബഹു മൃഗങ്ങൾ വസിക്കു–
ന്നന്നിലത്തുയരമുള്ള മരത്തിൽ
ചെന്നിരുന്നു ചില കായ്കനികൊത്തി–
ത്തിന്നിരുന്നു പല പക്ഷികുലങ്ങൾ.

നട്ടമങ്ങനെ വളർന്നഥ വാനം–
മുട്ടെ നില്പൊരു തരുക്കളിലെല്ലാം
കെട്ടിഞാന്നു മരണത്തിനു ചെന്നേ–
പ്പെട്ടപോലെ കടവാതൽ കിടന്നു.

അന്തരാള ജനനത്തെയൊഴിപ്പാ–
നന്തരംഗമതിലോർത്തിഹ വവ്വാൽ
വൻ തപസ്സൊടു വനേ തല കീഴായ്–
ത്തൂങ്ങിയിങ്ങനെ കിടക്കുകയല്ലീ ?

രാമചന്ദ്രവിലാസം മഹാകാവ്യം] [പത്മനാഭക്കുറുപ്പ്

## പാഠം ൧൧

# ഒരു ശ്വാവിന്റെ ആത്മകഥ

എനിക്കു് ഇപ്പോൾ പന്ത്രണ്ടു വയസ്സായി. ഈ വയസ്സിൽ എനിക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ വിചാരിച്ചാൽ നിങ്ങൾക്കു് അത്ഭുതം തോന്നും. എന്തെല്ലാം കാര്യങ്ങളാണു ഞാൻ നടത്തിയിട്ടുള്ളതെന്നും, ഏതെല്ലാം പ്രകാരത്തിലാണു് യജമാനനെ ഞാൻ സേവിച്ചിട്ടുള്ളതെന്നും നിങ്ങൾ അറിഞ്ഞിരിക്കയില്ല. വലിയ വലിയ സംഭവങ്ങൾക്കു ഞാൻ സാക്ഷിയാണു്. എന്നേക്കാളും കരുത്തും വീര്യവും ഉള്ള മൃഗങ്ങളോടു് ഞാൻ ഒററയ്ക്കു നിന്നു യുദ്ധം ചെയ്തിട്ടുണ്ടു്. ഞാൻ ഒരിക്കലും തോററതായി ഓർമ്മയില്ല. എതിരാളിയെ മുട്ടുകുത്തിച്ചു് കടിച്ചു കീറിയിട്ടല്ലാതെ ഞാൻ പിന്തിരിഞ്ഞിട്ടില്ല. എന്നോടു് എതിരിട്ട ശത്രുക്കൾ അധികം ഇന്നു ജീവിക്കുന്നില്ല. കള്ളന്മാരും കൊള്ളക്കാരും എന്റെ പല്ലിന്റെ മൂർച്ച അറിഞ്ഞിട്ടുണ്ടു്. ഒരിക്കൽ ഞാൻ കഴുത്തിനു് ഒരു കടികൊണ്ടു് ഒരു പുലിയുടെ കഥ കഴിച്ചു. ഇങ്ങനെ എത്രയോ സംഭവങ്ങൾ എന്റെ മനസ്സിൽ ഇപ്പോൾ പൊന്തിവരുന്നു. ഞാൻ എന്റെ വർഗ്ഗത്തിന്റെ പേരു കെടുത്തിയിട്ടില്ല. എന്റെ കഥ കേട്ടാലും ചില പ്രയോജനങ്ങൾ ഉണ്ടു്. രസം ഉള്ളവർ കേൾക്കട്ടെ.

ഇവിടെനിന്നും വളരെദൂരെയാണു് എന്റെ ജനനം. അമ്മയെയും അച്ഛനെയും കണ്ട ഓർമ്മ എനിക്കു് ഇന്നില്ല. അത്ര കുട്ടിയായിരുന്നപ്പോഴേ എന്നെ യജമാനൻ എടുത്തുകൊണ്ടുപോന്നതായിട്ടാണു പറഞ്ഞിട്ടുള്ളതു്. പാവപ്പെട്ട ഒരു വീട്ടിൽ വളരെനാൾ സേവിച്ചുകഴിച്ച ഒരു കിഴവി

ആയിരുന്നു എന്റെ തള്ള. ആ പാവത്തിനെപ്പററി ചിലതെല്ലാം അറിഞ്ഞിട്ടുണ്ടു്. എല്ലരിച്ചു രോമം കൊഴിഞ്ഞ ആ കിഴവി വളരെ പാടുപെട്ടു ജീവിതം കഴിച്ചു. ആ കഥകൾ എന്റെ സ്മൃതിയിൽ നിന്നു മാഞ്ഞു പോകട്ടെ.

ഇവിടെ വന്നു കുറെ നാളത്തേയ്ക്കു് ഒരു ചങ്ങലയിൽ കെട്ടി എന്നെ ഒരിടത്തു് ഇട്ടിരുന്നു. വാ പൂട്ടാതെ ഞാൻ കിടന്നു വിളിക്കും. എന്റെ വിളികേട്ടു് വേലക്കാരും പിള്ളരും വന്നു നല്ല തല്ല തന്നിട്ടും ഉണ്ടു്. ഞാൻ അതെല്ലാം ക്ഷമയോടെ സഹിച്ചു. എങ്കിലും ആഹാരത്തിനു് ഇവിടെ ഒരു കുറവും വന്നിട്ടില്ല. പാലും ചോറും മീനും എല്ലാം വേണ്ടുവോളം കിട്ടിയിരുന്നു. അക്കാലം ഒരു വിധത്തിൽ കൊള്ളാമായിരുന്നു എന്നു എനിക്കു് ഇപ്പോൾ തോന്നുന്നു.

കുറെ വളൎന്നതോടുകൂടി എപ്പോഴും കെട്ടിയിടുന്ന പതിവു മാറി. എനിക്കു കുറച്ചൊക്കെ സ്വാതന്ത്ര്യം കിട്ടിത്തുടങ്ങി. ഞാൻ വീട്ടിനു ചുററും എല്ലായിടത്തും ഓടിക്കളിക്കും. കൊച്ചുന്നാൾതൊട്ടേ കാണുന്നതിനെ എല്ലാം ചാടിപ്പിടിക്കുന്ന ഒരു വികൃതിത്തരവും എനിക്കുണ്ടായി. എന്നാൽ എന്തോ, ഈ വീട്ടിലെ പൂച്ചയോടു മാത്രം എനിക്കു് ഇഷ്ടം തോന്നി. എന്റെ വൎഗ്ഗത്തിൽപ്പെട്ട പലരും പൂച്ചയോടു കലഹംകൂട്ടും. എന്നാൽ എന്റെ രീതി ഒന്നു വേറെ ആണു്. പൂച്ചയും ഞാനും അടുത്ത ചങ്ങാതിമാരായിട്ടാണു് കഴിഞ്ഞിട്ടുള്ളതു്. പലപ്പോഴും അതു പിടിച്ച എലികളെ എനിക്കു തിന്നാനായി സമ്മാനിക്കുകയും ചെയ്യും. ഞങ്ങൾ വലിയ കൂട്ടുകെട്ടോടെ ഇവിടെ അങ്ങനെ പാൎത്തുവരുന്നു. ആ കഥ അങ്ങനെ നില്ക്കട്ടെ.

പ്രായം ആയതോടുകൂടി എനിക്കു പല പുതിയ വേലകളും വന്നുചേൎന്നു. വീടു കാക്കുന്നതു് എന്റെ കൃത്യം

ആണെന്നു ഞാൻ ധരിച്ചു. ആരെങ്കിലും വീട്ടിൽ കയറി വന്നാൽ കുരച്ചുകൊണ്ടു ഞാൻ ചാടിവീഴുക പതിവായി. എനിക്കു് അതിനു പല തലോടലുകളും സമ്മാനം കിട്ടിയിട്ടുണ്ടു്. പിന്നെ ഞാൻ ആ സ്വഭാവം മാററി. പകൽ മിക്കവാറും സ്വസ്ഥമായി ഒരിടത്തു കിടന്നു് ഉറങ്ങുകയാണു നന്നെന്നു മനസ്സിലാക്കി. കൂട്ടുകാർ പലരും അലഞ്ഞു നടക്കുന്നതു ഞാൻ കാണാറുണ്ടു്. എനിക്കു് അത്തരം സ്വാതന്ത്ര്യത്തിൽ വലിയ ഇഷ്ടമില്ല. ആവശ്യം ഉണ്ടെങ്കിലേ ഞാൻ വീടുവിട്ടു പോകാറുള്ളു. കാര്യം ഉള്ളപ്പോഴേ ഞാൻ കുരയ്ക്കൂ. വെറുതേ ആരേയും കടിച്ചുകൂടാ എന്നു് യജമാനൻ എന്നെ പഠിപ്പിച്ചു. എന്നാൽ വിനോദത്തിനു വേണ്ടി അണ്ണാനെയും കിളിയെയും പിടിച്ചുകൊള്ളാൻ എനിക്കു് അനുവാദം ഉണ്ടു്. കൂടെക്കൂടെ ഞാൻ പതുങ്ങിക്കിടന്നു് അവയെ പിടികൂടും. വല്ലതും ഒരു വിനോദം ആവശ്യമല്ലേ?

വിനോദത്തെപ്പററി പറഞ്ഞപ്പോൾ യൗവനത്തിലെ ചില കഥകൾ ഓർമ്മവരുന്നു. അന്നൊക്കെ ഇന്നത്തെപ്പോലെ അടക്കം ഇല്ലായിരുന്നു. എന്നെ ഉപദ്രവിച്ചവരെ ഞാൻ വെറുതെ വിട്ടിരുന്നില്ല. ഒരു വികൃതിച്ചെറുക്കൻ ദിവസവും എന്നെ എറിഞ്ഞിട്ടു് ഓടുക പതിവായിരുന്നു. ഒരു ദിവസം ഞാൻ തക്കംനോക്കി പാത്തുകിടന്നു. ഏതോ കാര്യത്തിനായി അവൻ ഇവിടെ കയറിവന്നു. ഞാൻ പുറകിൽക്കൂടി ചെന്നു് അവൻെറ മുണ്ടിൽ പിടികൂടി. അവൻ പരിഭ്രമിച്ചു താഴെ വീണു. വേണമെങ്കിൽ അവനെ കടിച്ചു് മുറിപ്പെടുത്താമായിരുന്നു. എന്നാൽ ഞാൻ അങ്ങനെ ചെയ്തില്ല. കുറേനേരത്തേയ്ക്കു് അള്ളിയും കീറിയും

ഞാൻ അവനെ വിഷമിപ്പിച്ചു. അന്നുതൊട്ട് അവൻ എന്നോടു കളിക്കാൻ മുതിർന്നിട്ടില്ല.

കുറച്ചു കഴിഞ്ഞ് എന്നെ യജമാനൻ വേട്ടയാടാൻ പരിശീലിപ്പിച്ചു. ആദ്യം ചെറിയ കാടുകളിലായിരുന്നു വേട്ടയ്ക്കു പോയത്. ജന്തുക്കളുടെ മണം പിടിക്കാൻ എനിക്കുള്ള സാമർത്ഥ്യം ഒന്നു പ്രത്യേകമാണ്. കാടനും മുയലും വള്ളിപ്പുലിയും പതുങ്ങിയിരിക്കുന്ന സ്ഥാനം ഞാൻ ഒരു നിമിഷത്തിനകം കണ്ടുപിടിക്കും. അവയെ ഞാൻ ഇളക്കി വിടും. വലിയ നായ്ക്കൾ അവയെ പിടികൂടിക്കൊല്ലും. ഇങ്ങനെ കുറേക്കഴിഞ്ഞ് എനിക്കും കരുത്തുണ്ടായി. ഞാനും മൃഗങ്ങളെ പിടിക്കാൻ തുടങ്ങി. എത്ര തടിച്ച മൃഗങ്ങളെയാണ് ഞാൻ പിടിച്ചിട്ടുള്ളത് എന്നു കണക്കില്ല. ചെറിയ കാടുകളിൽനിന്നു വലിയ വനങ്ങളിലേയ്ക്കു വേട്ടയ്ക്കു കടന്നു തുടങ്ങി. പന്നിയെയും പുലിയെയും മാനിനെയും മ്ലാവിനെയും വേട്ടയാടാൻ എനിക്കു ധൈര്യം ഉണ്ടായി. ഒരിക്കൽ ഞാൻ ഒരു കരടിയോടു നേരിട്ടു. അറിയാതെ അവന്റെ മുമ്പിൽ അകപ്പെട്ടതായിരുന്നു. ഞാൻ ആദ്യം അല്പം ഒന്നു പരുങ്ങിപ്പോയി. പരിഭ്രമിച്ചാൽ അവൻ എന്നെ ശരിപ്പെടുത്തും എന്ന് അടുത്ത നിമിഷത്തിൽ മനസ്സിലായി. ഒരു കുതിക്ക് അവന്റെ കഴുത്തിനു പിടികൂടി. യജമാനൻ വന്നുചേർന്ന് അവനെ കൊന്നതിനു ശേഷമേ ഞാൻ ആ കടി വിട്ടുള്ളൂ.

വീട്ടുകാവലിലും എനിക്കു പല കഷ്ടങ്ങളും നേരിടേണ്ടിവന്നിട്ടുണ്ട്. രാത്രിയിൽ ഞാൻ അധികമായി ഉറങ്ങാറില്ല. എപ്പോഴും ഞാൻ വീട്ടിനു ചുറ്റും നടക്കും. കരിയില അനങ്ങുന്നതു കേട്ടാൽ മതി, ഞാൻ അവിടെ എത്തുകയായി. ഒരിക്കൽ വീട്ടിൽ കള്ളന്മാർ കയറി എന്ന്

എനിക്കു സംശയം തോന്നി. ഞാൻ ദൂരെ നിന്നു സൂക്ഷിച്ചു നോക്കി. കള്ളന്മാർ നാലുപേർ ഉണ്ടായിരുന്നു. അവർ ആയുധങ്ങൾ ധരിച്ചിരുന്നതായും എനിക്കു തോന്നി. നേരിട്ട് അടുത്തു ചെന്നാൽ എനിക്കു ജയം കിട്ടാൻ പ്രയാസമാണെന്നു നിശ്ചയം. കരച്ചു യജമാനനെ ഉണർത്താം എന്നു വിചാരിച്ചു. എന്നാൽ നാലുപേരോട് ഒരുമിച്ചെതിരിടാൻ അദ്ദേഹത്തിന് എളുപ്പമല്ലെന്നു കരുതി അതിനും മുതിർന്നില്ല. അതിനാൽ ഉപായത്തിൽ കള്ളന്മാരെ പിടിക്കണം എന്നു ഞാൻ നിശ്ചയിച്ചു. പതുക്കെ ഞാൻ അടുത്തുചെന്നു. തീരെ ശബ്ദം ഉണ്ടാക്കിയില്ല. ഒരു കുതിപ്പ് ആ സംഘത്തിലെ തലവന്റെ കഴുത്ത് എന്റെ വായ്ക്കുള്ളിലാക്കി. അയാൾ പെട്ടെന്നു നിലത്തുവീണു. കാര്യം അറിയാതെ മററുള്ളവർ പരിഭ്രമിച്ചു. തലവനെ നിലത്തിട്ട് ഞാൻ കടിച്ചിഴച്ചു. പിന്നീട് മററുള്ളവരെയും പിടികൂടി. കക്കാൻ വന്നവരാണെങ്കിലും അവർ വാവിട്ടു നിലവിളിച്ചു. അപ്പോഴേയ്ക്കും യജമാനനും മററും ഉണർന്നുവന്നു. കള്ളന്മാരിൽ രണ്ടുപേർ രക്ഷപ്പെട്ടു. ഒരുത്തന് അനങ്ങാൻ പാടില്ലായിരുന്നു. മറെറാരുത്തനെ ഞാൻ ബലമായി കടിച്ചിരുന്നതുകൊണ്ട് അവനും രക്ഷപ്പെടാൻ സാധിച്ചില്ല. അവർക്കു രണ്ടുപേർക്കും നല്ല സമ്മാനം കിട്ടി.

ഇങ്ങനെ കഥകൾ വളരെയുണ്ട്. അതു മുഴുവൻ പറയാൻ വിഷമമാണ്. ഇനി ഞാൻ വേറൊരിക്കൽ ഈ കഥകൾ തുടർന്നു പറയാം. എന്നെ അതാ യജമാനൻ വിളിക്കുന്നു. ഞാൻ ചെല്ലട്ടെ.

---

## പാഠം ൫൨

# ചലച്ചിത്രം

സിനിമ എന്നു സാധാരണ പറഞ്ഞുവരുന്ന ചലച്ചിത്രം നിങ്ങളിൽ പലരും കണ്ടിരിക്കും. പട്ടണങ്ങളിൽ താമസിക്കുന്ന പലർക്കും ഇതു് ഒരു നിത്യ വിനോദമായിത്തീർന്നിരിക്കുന്നു. സിനിമാ കണ്ടിട്ടുള്ളവരോടു് അതു് എത്ര രസകരമായ ഒരു പ്രദർശനമാണെന്നു പറയേണ്ടതില്ലല്ലോ. കർണ്ണാനന്ദകരമായ ഗാനങ്ങളും മനോഹരമായ കാഴ്ചകളും തന്മയത്വമുള്ള അഭിനയങ്ങളും ഒത്തുചേർന്നു സിനിമ വിനോദകലകളുടെ മുന്നണിയിൽ ശോഭിക്കുന്നു.

രംഗങ്ങളുടെ മോടിയിലും അഭിനയം കൊണ്ടുള്ള രസത്തിലും സിനിമ, നാടകങ്ങളെ അതിശയിക്കുന്നു. തീവണ്ടി ഓടുന്നതും, കുതിരകൾ പാഞ്ഞുപോകുന്നതും, കടുവാ, പുലി, സിംഹം തുടങ്ങിയ ക്രൂരമൃഗങ്ങൾ വനത്തിൽ സ്വച്ഛന്ദമായി സഞ്ചരിക്കുന്നതും, വീരന്മാർ തമ്മിൽ പോരാടുന്നതും മററും സിനിമയിൽ കാണുമ്പോൾ സത്യം എന്നു തോന്നൽ ആർക്കും ഉണ്ടാകും.

സിനിമയ്ക്കും നാടകത്തിനും തമ്മിൽ വലിയ അന്തരം ഉണ്ടു്. സിനിമ ചലിക്കുന്ന ചിത്രങ്ങളാണു്. നാടകത്തിന്റെ കാര്യം ഇങ്ങനെ അല്ല എന്നു പറയണമെന്നില്ലല്ലോ. സിനിമാശാലയിലെ തിരശ്ശീലയിൽ നോക്കിയാൽ കഥാപാത്രങ്ങൾ ഓടുകയും ചാടുകയും ആടുകയും പാടുകയും ചെയ്യുന്നതായി തന്നെ തോന്നും. എന്നാൽ നടന്മാരുടെ ചിത്രങ്ങളുടെ നിഴലാണു് നാം അവിടെ കാണുന്നതു്. സിനിമയിൽ മനുഷ്യചിത്രങ്ങൾ പാട്ടുപാടുന്നതു് അത്ഭുതകരമാണല്ലോ.

ശബ്ദത്തെ യന്ത്രത്തിൽ ഗ്രഹിച്ചു വീണ്ടും പുറപ്പെടുവിക്കാൻ ഉതകുന്ന ഉപായം കണ്ടുപിടിച്ചിട്ടുണ്ടു്. നിങ്ങൾ ഗ്രാമഫോൺ (സ്വനഗ്രാഹി) പാട്ടുകൾ കേട്ടിരിക്കുമല്ലോ. ഏതാണ്ടു് അതുപോലെയാണു് സിനിമയിലും പാട്ടുകളും ശബ്ദങ്ങളും കേൾപ്പിക്കുന്നതു്. ജീവനില്ലാത്ത ഈ ചിത്രങ്ങൾ എങ്ങനെയാണു് ആടുകയും പാടുകയും ചെയ്യുന്നതെന്നു് നിങ്ങൾ ചോദിക്കുമായിരിക്കും. ചിത്രങ്ങൾക്കു് ഓടാനോ ചാടാനോ പാടാനോ സാധ്യമല്ല. അവ അങ്ങനെ ചെയ്യുന്നതുമില്ല. നമുക്കു് അങ്ങനെ തോന്നുന്നുവെന്നേയുള്ളു. എന്തുകൊണ്ടാണു് നമുക്കു് അങ്ങനെ തോന്നുന്നതു്?

ഒരു ഉദാഹരണം കൊണ്ടു് ഈ കാര്യം നമുക്കു് എളുപ്പത്തിൽ ഗ്രഹിക്കാം. ഒരു പരീക്ഷണം നടത്തിനോക്കിയാൽ കാര്യം വളരെ വേഗം മനസ്സിലാകും. നെല്ലളക്കാൻ ഉപയോഗിക്കുന്ന പറയോ അല്ലെങ്കിൽ ഒരു വീപ്പയോ എടുക്കുക. വണ്ടിച്ചക്രത്തിന്റെ അച്ചുതണ്ടുപോലെ ഒരു ഇരുമ്പുകമ്പി പറയുടെ മധ്യഭാഗത്തുകൂടെ കയററി, പറയെ രണ്ടു മരക്കാലുകളിൽ ഇഷ്ടം പോലെ കറക്കത്തക്കവിധം ഉറപ്പിക്കുക. പറയുടെ ഒരു വശത്തു് ഒരു കിളിയുടെ ചിത്രം വരയ്ക്കുകയോ പതിക്കുകയോ ചെയ്യുക. മറുപുറത്തു് ഒരു കിളിക്കൂടിന്റെ ചിത്രം വരയ്ക്കുകയോ ഒട്ടിക്കുകയോ ചെയ്യണം. അതിനുശേഷം ആ പറയെ വേഗത്തിൽ കറക്കുക. അപ്പോൾ കിളി കൂട്ടിൽ ഇരിക്കുന്നതായി കാണണം. ഇതു വെറും തോന്നലാണെന്നുള്ളതിനു സംശയമില്ല. ഒരാൾ ഒരു കോണി കയറുകയാണു് എന്നു വിചാരിക്കുക. ഓരോ പടി കയറുമ്പോഴും അയാളുടെ ഓരോ ഫോട്ടോ എടുത്തു് ആ ചിത്രങ്ങൾ തുടർച്ചയായി പറയുടെ ചുറ്റും ഒട്ടിക്കുക.

പിന്നെ അതിവേഗത്തിൽ പറയെ കറക്കി നോക്കുക. ഒരാളിന്റെ പല ചിത്രങ്ങൾക്കു പകരം ഒരാൾ കോണി കയറുന്നതുപോലെ നമുക്കു തോന്നുന്നതാണു്. ഇതുപോലെ അടുക്കിവച്ചു ചിത്രങ്ങൾ അതിവേഗത്തിൽ കറക്കുമ്പോൾ കാണുന്ന കാഴ്ചയാണു് സിനിമയിലും ഉള്ളതു്.

ഒരാൾ ഓടുന്നതു് സിനിമയിൽ കാണിക്കാൻ ഒരു ചിത്രം നിർമ്മിക്കണമെന്നു വിചാരിക്കുക. അതിനു ഒരാൾ ഓടുകയും വേറൊരാൾ ഓടുന്ന ആളിന്റെ ഫോട്ടോകൾ എടുക്കുകയും വേണം. ഈ ഫോട്ടോകളെ ക്രമമായി അടുക്കി വേഗത്തിൽ ഒന്നിനുപിറകെ ഒന്നായി മറിയത്തക്ക വണ്ണം പ്രദർശിപ്പിച്ചാൽ ആൾ ഓടുന്നതു പോലെതന്നെ നമുക്കുതോന്നും. ഇതുപോലെ ആളുകൾ അഭിനയിക്കുന്ന രംഗങ്ങളുടെ ഫോട്ടോകൾ എടുത്താണു് സിനിമ കാണിക്കുവാനുള്ള പടങ്ങൾ ഉണ്ടാക്കുന്നതു്.

സിനിമയിൽ ഉപയോഗിക്കുന്ന പടങ്ങളെ ഫിലിമിൽ ആണു് എടുക്കുന്നതു്. പീത്ത പോലെ വീതികുറഞ്ഞു് വളരെ നീളമുള്ളതും കണ്ണാടിപോലെ വെളിച്ചം കടന്നുപോകുന്നതും ആയ ഒരു സാധനമാണു് ഫിലിം. ഓരോ ഫിലിമിലും അനേകായിരം ചിത്രങ്ങൾ തുടർച്ചയായി മുദ്രണം ചെയ്തിരിക്കും. ഫിലിമിന്റെ ഓരോ അററവും കറങ്ങിക്കൊണ്ടിരിക്കുന്ന ഓരോ വട്ടിൽ (ചക്രത്തിൽ) ഘടിപ്പിച്ചിരിക്കും. ഓരോ വട്ടിൽനിന്നു് അയഞ്ഞുവരുന്ന ഫിലിം മററേ വട്ടിൽ ചുററും. ഇങ്ങനെ ചലിച്ചുകൊണ്ടിരിക്കുന്ന ഫിലിമിനു പിറകിൽ ശക്തിയേറിയ പ്രകാശം പ്രസരിപ്പിക്കുന്നു. ഫിലിമിൽ തട്ടിയാണല്ലോ ആ വെളിച്ചം പുറത്തേക്കു കടക്കുന്നതു്. നേരേ മുമ്പിൽ അല്പം അകലെയായി ഇരുട്ടത്തു് സജ്ജീകരിച്ചിട്ടുള്ള ഒരു തിരശ്ശീലയിൽ

ചിത്രങ്ങളുടെ നിഴലുകൾ പതിയുന്നു. ഈ നിഴലുകളാണ് തിരശ്ശീലയിൽ കാണുന്നത്. ചിത്രങ്ങളിൽ ഉള്ള രംഗങ്ങളും അഭിനയത്തിന്റെ രീതിയും എല്ലാം യാതൊരു വ്യത്യാസവും കൂടാതെ ഈ നിഴലിൽ നമുക്കു കാണാവുന്നതാണ്.

ചലച്ചിത്ര നിർമ്മാണത്തിൽ പല പരിഷ്കാരങ്ങളും അഭിവൃദ്ധികളും ഉണ്ടായിട്ടുണ്ട്. ഈ വ്യവസായത്തിനു ലോകത്തിലെ ഏറ്റവും പ്രസിദ്ധിയേറിയ സ്ഥലം അമേരിക്കയിലുള്ള ഹോളിവുഡ് നഗരമാണ്. ആടാനും പാടാനും സാമർത്ഥ്യമുള്ള ആളുകളാണ് ചലച്ചിത്രനിർമ്മാണത്തിനു വേണ്ടിയുള്ള അഭിനയങ്ങൾ നടത്തുന്നത്. സിനിമയ്ക്ക് അഭിനയിക്കുന്നതിൽ പ്രസിദ്ധിനേടിയ നടന്മാരെയും നടികളെയും സിനിമാതാരങ്ങൾ എന്നു പറഞ്ഞുവരുന്നു.

വെള്ളിത്തിരയിൽ ചിത്രങ്ങൾ നിഴലിച്ചു തുടങ്ങുമ്പോൾ കാണികൾ വെള്ളിത്തിരയുടെ കാര്യം തന്നെ മറന്നുപോകുന്നു. അത്രത്തോളം ചിത്രങ്ങൾക്കു മനുഷ്യജീവിതവുമായി ബന്ധമുണ്ട്. പക്ഷേ ഒരു സംഗതി ഓർക്കണം. ചിത്രത്തിൽ കാണുന്ന രൂപങ്ങൾക്ക് നീളവും വീതിയും അഥവാ പൊക്കവും വീതിയും മാത്രമേയുള്ളു. ഘനം അല്ലെങ്കിൽ വണ്ണം കാണപ്പെടുന്നില്ല. പ്രകൃതിയിൽ നാം കാണുന്ന വസ്തുക്കൾക്ക് നീളവും, വീതിയും, ഘനവും ഉണ്ടല്ലോ. പരന്ന വെള്ളിത്തിരയിൽ ഘനം കാണിക്കാൻ നിവൃത്തിയില്ല. അതു് ഒരു കുറവാണെന്നു ശാസ്ത്രജ്ഞന്മാർക്കു തോന്നുകയും അതു പരിഹരിക്കാനുള്ള യത്നങ്ങൾ സമാരംഭിക്കയും ചെയ്തു. അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ് ഹോളണ്ട് എന്നീ രാജ്യങ്ങളാണ് ഇക്കാര്യത്തിൽ മുൻകൈ എടുത്തു പ്രവർത്തിച്ചത്.

എന്തിനധികം? ആ കുറവും ശാസ്ത്രജ്ഞന്മാർ പരിഹരിച്ചു കഴിഞ്ഞു. നീളം, വീതി, വണ്ണം എന്ന മൂന്നളവുമുള്ള ചിത്രം ഇന്നു കാണ്മാൻ കഴിയും. ഇപ്പോൾ നമ്മുടെ നാട്ടിൽ ഇത്തരം ചിത്രങ്ങൾക്കു് അത്രയധികം പ്രചാരമില്ലെങ്കിലും അധിക താമസം കൂടാതെ എല്ലാ സിനിമാശാലകളിലും ഇവ കാണ്മാൻ കഴിയും. ആളുകളുടെ രൂപം കാണുമ്പോൾ ചിത്രമാണെന്നോർമ്മിക്കാതെ കൈ നീട്ടി തൊടാൻകൂടി കാണികൾ ആഗ്രഹിക്കുമാറു് ചലച്ചിത്രങ്ങൾ വസ്തുസ്ഥിതിയിലേക്കു നീങ്ങിയിരിക്കയാണു്. എന്നാൽ സത്യത്തിൽ എല്ലാം വെറും തോന്നൽ മാത്രം.

ചലച്ചിത്രങ്ങൾ ബാലരെയും യുവാക്കളെയും ഉത്തമവഴിയിൽ നയിക്കാൻ പ്രേരിപ്പിക്കുന്നവയായിരിക്കണം. സദാചാരങ്ങളും ഉൽകൃഷ്ടാശയങ്ങളും കുട്ടികളിൽ ഉളവാക്കാൻ ചിത്രങ്ങൾക്കു കഴിവുണ്ടാകണം. ഇല്ലെങ്കിൽ മാനവസംസ്കാരം അപകടത്തിലായേക്കും. അതിനാൽ പ്രായപൂർത്തി വന്നവർക്കും ചെറുപ്പക്കാർക്കും കാണ്മാൻ രണ്ടു തരത്തിലുള്ള ചിത്രങ്ങൾ വേണ്ടതാണെന്നൊരഭിപ്രായം ഇപ്പോൾ ഉയർന്നു വരുന്നുണ്ടു്. ഗവർമ്മെൻറും ഇതിൽ ആനുകൂല്യം പ്രകടിപ്പിക്കുന്നതു് ആശാവഹമായിരിക്കുന്നു.

---

പാഠം ൧൩

# രാവണന്റെ അഹമ്മതി

ശാരദനീരദസന്നിഭനാകിയ
നാരദമാമുനി വീണയുമായി
ചാരുദയാനിധി കലഹപ്രീതിവി-
ശാരദനാകിയ ഭഗവാനൊരുനാൾ.

ധീരനതാകിയ നക്തഞ്ചരപതി
വീരനിരിക്കും മണിമാളികമേൽ
ചാരുദയാഘനമോദമൊടങ്ങനെ
പാരാതങ്ങെഴുന്നള്ളി തദാനീം. 8

ഉന്നതനാകിയ രാവണനപ്പോ-
ളുത്ഥാനം ചെയ്താശു വണങ്ങി
ഭക്തിപുരസ്സരമർഘ്യാദികൾകൊ-
ണ്ടത്യാദരമാരാധന ചെയ്തു.
ഭദ്രാസനവും നല്കിയിരുത്തി
ഭദ്രതരം കുശലപ്രശ്നാദികൾ
സമുദാചാരം ചെയ്തു പതുക്കെ
സംസൽകരണവുമാശുകഴിച്ചു. 16

"കമലാസനസുതനാകിയ മുനിവര!
വിമലഗുണാലയ! നാരദഭഗവൻ!
ഭവദാഗമനംകൊണ്ടു മദീയം
ഭവനം പാവനമാക്കി വിശേഷാൽ.
ഭുവനം മൂന്നിലുമുള്ള ജനാനാ-
മവനം ചെയ്യും നിന്തിരുവടിയെ
കണ്ടതുകൊണ്ടിഹ കളിയല്ലേ ദശ-
കണ്ഠന്നു മനസി മഹാസന്തോഷം 24

കുണ്ഠിതസുകൃതന്മാർക്കു ഭവാനെ
കണ്ടുരസിപ്പാനെളുതല്ലേതും.
നമ്മുടെ വിക്രമമല്പമിതല്ലോ-
രഹമ്മതി ഞാൻ പറകല്ല മുനീന്ദ്രാ!
നമ്മെക്കൊണ്ടു ജഗത്ത്രയവാസികൾ
ചെമ്മേ കിമപി പറഞ്ഞീടുന്നു
ധാർമ്മികരാകിയ നിങ്ങൾക്കെന്തിഹ
ധാരണയില്ലതു ബോധിച്ചാലും. 32

ത്രിഭുവനവാസികളെല്ലാം നമ്മുടെ
വിഭവംകൊണ്ടു പുകഴ്ത്തുന്നില്ലേ?
'സുഭഗൻ ദശമുഖ'നെന്നൊരു നാണിയം
അഹഹോ! ദിശി ദിശി കേൾക്കുന്നില്ലേ?
മന്നിലിരിക്കും മാനിനിമാർ പുന-
രെന്നെക്കൊണ്ടു പുകഴ്ത്തുന്നില്ലേ?
എന്നെക്കാണാഞ്ഞങ്ഗനമാരഥ
ഖിന്നതപൂണ്ടു വസിക്കുന്നില്ലേ?
നമ്മുടെ ഗുണമിതു മറ്റൊരു കൂട്ട-
ക്കാർക്കു ലഭിപ്പാനതിവൈഷമ്യം.
ഉള്ളിലസൂയ നിറഞ്ഞുകവിഞ്ഞഥ
തുള്ളിനടക്കും കുസൃതിക്കാരതു
കൊള്ളരുതെന്നു ദുഷിക്കുന്നതുകൊ-
ണ്ടെള്ളോളം ഭയമില്ല നമുക്കു്.
ഭള്ളുപറഞ്ഞു ഫലിപ്പിക്കയുമ-
ല്ലുള്ളതു തന്നെ കഥിച്ചീടുന്നേൻ
തീർത്തുരചെയ്യാമിന്നിഹ നമ്മൊടു
നേർത്തുവരുന്നവരൊക്കെ മടങ്ങും.
ധൂർത്തുകൾ നമ്മൊടു കൂടുകയില്ലെ-
ന്നോർത്തു മഹേന്ദ്രനടങ്ങിപ്പാർത്തു.
ജംഭാന്തകനുടെ കുംഭിപ്രവരൻ
കൊമ്പുകൾ നാലുമുയർത്തിക്കൊണ്ടഥ
തുമ്പിക്കരമതിൽ മുസലവുമേന്തി-
ജ്ജൃംഭിച്ചാർത്തു വരുന്നേരം ഞാൻ
മുമ്പിൽ ചെന്നഥ കൊമ്പു പിടിച്ചു ത-
രിമ്പു വിടാതെ കരിമ്പുകണക്കേ

കൊമ്പുകൾ നാലുമൊരമ്പതു ഖണ്ഡി-
ച്ചുൻപൊടു കുംഭമടിച്ചുപിളൎന്നു.
ഇമ്പമകന്നതി കമ്പമിയന്നട-
ന്നമ്പർ കലങ്ങളിൽ മുമ്പന്നതാകിയ
വമ്പൻ മണ്ടി നിലിമ്പപുരത്തി-
നകം പുക്കാനതിസംഭ്രമസരസൻ." 64

കാൎത്തവീൎയ്യാൎജ്ജുനവിജയം തുള്ളൽ] [കുഞ്ചൻ നമ്പ്യാർ

---

പാഠം ൧൪

# ഗൌരീശങ്കരം

ഹിമാലയ പൎവ്വതത്തെപ്പററി നിങ്ങൾ എല്ലാവരും കേട്ടിരിക്കും. അതു് ഇൻഡ്യാമഹാരാജ്യത്തിൻെറ വടക്കെ അതൃത്തിയിൽ കിഴക്കു പടിഞ്ഞാറായി നെടുനീളത്തിൽ വലിയ ഒരു കോട്ടപോലെ കിടക്കുന്നു. ലോകത്തിലെ ഏററവും പൊക്കംകൂടിയ പൎവ്വത നിരയാണു് ഹിമാലയം. ഈ പൎവ്വത സമൂഹത്തിൻെറ ചില ശിഖരങ്ങൾക്കു് അഞ്ചു മൈലിലധികം പൊക്കമുണ്ടു്. ഹിമാലയം എന്നാൽ മഞ്ഞിൻെറ വീടു് എന്നാണൎത്ഥം. ആകാശത്തിൽ ആവിയായി തങ്ങിനില്ക്കുന്ന ജലം തണുപ്പുകൊണ്ടു് ഉറഞ്ഞു കട്ടപിടിച്ചു് ഹിമാലയത്തിൽ അടിഞ്ഞു മൂടിക്കിടക്കുകയാണു്.

ഹിമാലയത്തിന് ഹിമവാൻ എന്നും പേരുണ്ട്. നിരനിരയായിക്കിടക്കുന്ന അനവധി പർവ്വതങ്ങളുടെ ഇടതൂർന്ന നീണ്ട പങ്ക്തിയാണിതു്. ഇതിന്നു് ഏകദേശം 1800 മൈൽ നീളം വരും. വളരെ ഉയരമുള്ള കൊടുമുടികളിൽ നന്ദാദേവി, കാഞ്ചനശൃംഗം, ധവളഗിരി, ഗൌരീശങ്കരം എന്നിവയാണ് അതിപ്രധാനങ്ങൾ. എന്നാൽ ഗൌരീശങ്കരത്തിനോളം പൊക്കം മറ്റൊന്നിനുമില്ല. ഇതിന്റെ ഉയരം 29028 അടിയാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിലെ ഏററവും പൊക്കമുള്ള ഭാഗം ആനമുടിയാണ്. അതിനു് 8837 അടി ഉയരമുണ്ട്. അതായതു് 1 മൈൽ 5½ ഫർലാംഗ്. ഗൌരീശങ്കരത്തിനു് 5½ മൈലിലധികം പൊക്കമുണ്ട് എന്നു പറയുമ്പോൾ ആ കൊടുമുടിയുടെ ഉയരം നിങ്ങൾക്ക് ഏതാണ്ടു മനസ്സിലാകും. പാർവ്വതിയുടേയും പരമേശ്വരന്റേയും പേരുകൾ ഒന്നിച്ചാണ് അതിനു ലഭിച്ചിട്ടുള്ളു്. ഇതിൽനിന്നുതന്നെ ഗൌരീശങ്കരത്തിന്റെ പരിശുദ്ധിയും മഹത്ത്വവും ഊഹിക്കാൻ കഴിയും. ആദ്യമായി അതിന്റെ പൊക്കം തിട്ടപ്പെടുത്താൻ പരിശ്രമിച്ച "എവറസ്റ്റ്" എന്ന ധ്വരയുടെ പേരാണ് അതിനിപ്പോൾ കൊടുത്തിരിക്കുന്നതു്. എങ്കിലും ഗൌരീശങ്കരം എന്ന പേരാണ് ഇൻഡ്യാക്കാർക്കിഷ്ടം. സദാ ധവളവർണ്ണത്തോടുകൂടി തല ഉയർത്തി നില്ക്കുന്ന ഈ ഗിരിശൃംഗങ്ങളിൽ സൂര്യന്റെ ചെങ്കതിരുകൾ പതിക്കുമ്പോൾ ഉളവാകുന്ന ശോഭ അതിമനോഹരമാണെന്നു സഞ്ചാരികൾ പറയുന്നു.

മനുഷ്യൻ ജന്മനാ ഉത്സാഹപ്രിയനാണ്. പ്രയാസം കൂടിയ കാര്യങ്ങളിൽ ഏർപ്പെടാൻ അവനുള്ള ആസക്തി ചില്ലറയല്ല. പക്ഷികളെപ്പോലെ ആകാശത്തു സഞ്ചരിക്കാനും, മത്സ്യങ്ങളെപ്പോലെ ജലത്തിനടിയിൽ ജീവി

ക്കാനും അവനു സാധിച്ചിരിക്കുന്നു. അതുപോലെ ഉന്നതങ്ങളായ പർവ്വതശൃംഗങ്ങളിൽ കാലുകുത്തി നില്ക്കാൻ മനുഷ്യന് ആഗ്രഹം ഉണ്ടായിട്ടുണ്ട്. ലോകത്തുള്ള പല പർവ്വതങ്ങളുടേയും മുകളിൽ പലരും കയറുകയും ചെയ്തിരിക്കുന്നു. പക്ഷേ എവറസ്റ്റിന്റെ മുകളിൽ എത്താൻ രണ്ടുകൊല്ലം മുമ്പുവരെ ആർക്കും സാധിച്ചിരുന്നില്ല. ഏകദേശം മുപ്പതുവർഷം മുമ്പാണ് ആദ്യത്തെ പർവ്വതാരോഹണസംഘം പുറപ്പെട്ടത്. അതിലെ പ്രമാണികളെല്ലാം ബ്രിട്ടീഷുകാരായിരുന്നു. അസഹ്യമായ തണുപ്പും, ഉഗ്രമായ മഴയും, ഭയങ്കരമായ കൊടുങ്കാറ്റും നിമിത്തം അവർക്ക് തിരിച്ചുപോരേണ്ടിവന്നു. അതിനുശേഷം ഓരോ ഘട്ടങ്ങളിലായി പതിനൊന്നു യൂറോപ്യൻ സംഘങ്ങൾ പരിശ്രമിച്ചിട്ടുണ്ട്.

ആദ്യമാദ്യം മുകളിലെത്താൻ ആർക്കും കഴിഞ്ഞില്ല. 1933-ൽ 27000 അടി ഉയരത്തോളം ഒരു പർവ്വതാരോഹണസംഘം എത്തിച്ചേർന്നു. പിന്നെ യാത്ര തുടരാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അവർ മടങ്ങിപ്പോന്നു. അക്കൂട്ടത്തിൽ നെയ്യൂർ ആസ്പത്രിയിൽ ഡാക്ടരായി പ്രശസ്ത സേവനം നടത്തിയ 'സോമർവെൽ' എന്ന ധീരയും ഉൾപ്പെട്ടിരുന്നു. അവർ വളരെ പ്രയാസപ്പെട്ട് 27000 അടി ഉയരത്തിലെത്തിയപ്പോൾ മിക്കവരുടേയും വിരലുകൾ മരവിച്ചുപോകയാൽ തിരിച്ചുപോരാൻ നിർബന്ധിതരായി. വീണ്ടും രണ്ടുകൊല്ലം കഴിഞ്ഞ്, മറ്റൊരു സംഘം പുറപ്പെട്ടു. സോമർവെൽ ആയിരുന്നു സംഘത്തലവൻ. സോമർവെല്ലും നാർട്ടൻ എന്ന മറ്റൊരു ധീരയും ധൈര്യപൂർവ്വം കയറി 28000 അടി ഉയരത്തിലെത്തി. പിന്നെ മേലോട്ടു കയറാൻ സോമർവെല്ലിനു സാധിച്ചില്ല. നോർട്ടൺ തനിയെ മേലോട്ടുള്ള യാത്ര തുടർന്നു. 130 അടികൂടി കയറിയപ്പോൾ അയാളും

വിഷമത്തിലായി. അനന്തരം മനസ്സില്ലാമനസ്സോടുകൂടി രണ്ടുപേരും മടങ്ങിപ്പോന്നു.

ഈ പരാജയങ്ങളൊന്നും മനുഷ്യന്റെ ഉത്സാഹത്തെ നശിപ്പിക്കാൻ പര്യാപ്തമായില്ല. മലോറി, ഇർവിൻ, എന്നു രണ്ടു ഇംഗ്ലീഷുകാരുടെ നേതൃത്വത്തിൽ മറ്റൊരു സംഘം പിന്നെയും പുറപ്പെട്ടു. 'ഒന്നുകിൽ വിജയം, അല്ലെങ്കിൽ മരണം' എന്നായിരുന്നു അവരുടെ മുദ്രാവാക്യം. നോർട്ടനെക്കാൾ 100 അടികൂടി മുകളിലോട്ടു കയറാൻ ഇവർക്കു കഴിഞ്ഞു. അപ്പോൾ ഒരു ഭയങ്കരമായ കൊടുങ്കാററടിച്ച് രണ്ടാളെയും എവിടെയോ പറപ്പിച്ചുകളഞ്ഞു. അവരെപ്പററി പിന്നെ യാതൊന്നും അറിഞ്ഞിട്ടില്ല.

1953-ൽ പിന്നെയും ഒരു സംഘക്കാർ പുറപ്പെട്ടു. വലിയ ഒരുക്കങ്ങളോടും വേണ്ട കരുതലുകളോടും കൂടിയാണ് ഇവർ പർവ്വതാരോഹണം ആരംഭിച്ചതു്. നിരവധി ക്ലേശങ്ങൾ സഹിച്ചും, ചിലപ്പോൾ മരണത്തോടു വളരെ സമീപിച്ചും ഇവർ ഉത്സാഹവും ധൈര്യവും വിടാതെ പരിശ്രമിച്ചതിന്റെ ഫലമായി 1953 മേയ് മാസം 29-ാംനു- എവറസ്റ്റിന്റെ അഗ്രസ്ഥാനത്തു കയറുന്നതിനും തങ്ങളുടെ വിജയക്കൊടി അവിടെ നാട്ടുന്നതിനും ഇവർക്കു സാധിച്ചു. ഹില്ലറി എന്നൊരു ഇംഗ്ലീഷുകാരനും ടെൻസിംഗ് എന്നൊരു നീപ്പാൾകാരനും മാത്രമാണ് എവറസ്റ്റിന്റെ മസ്തകത്തിൽ കാലുകുത്താൻ ശക്തന്മാരായി ഭവിച്ചതു്. ശേഷം പേർക്കെല്ലാം ഇടയ്ക്കിടയ്ക്കു് യാത്ര നിറുത്തേണ്ടിവന്നു. അങ്ങനെ ലോകത്തിൽ യാതൊരുത്തർക്കും സാധിക്കാതിരുന്ന ദുഷ്കരകർമ്മം രണ്ടു വീരപുരുഷന്മാർ നിർവ്വഹിച്ചു. മനുഷ്യനും മലയും തമ്മിലുള്ള മത്സരത്തിൽ മനുഷ്യൻതന്നെ ഒടുവിൽ ജയിച്ചു.

പൎവ്വതാരോഹണം എത്ര വൈഷമ്യമുള്ള പ്രവൃത്തിയാണെന്നു വിവരിക്കുക എളുപ്പമല്ല. മലകളിലേ തണുപ്പേററാൽ ശരീരം മരവിച്ചുപോകും. മുകളിലേക്കു കയറാൻ വഴിയോ പിടിച്ചു കയറാൻ സൌകൎയ്യമോ ഇല്ല. കിഴുക്കാംതൂക്കായ പ്രദേശങ്ങളിൽനിന്നും യാതൊരു നിവൃത്തിയും കാണാതെ പിൻവാങ്ങുകയും വേറെ മാൎഗ്ഗം തേടുകയും ചെയ്യേണ്ടിവരും. അധികം മുകളിലെത്തുമ്പോൾ വായു നേൎത്തുപോകുന്നതുകൊണ്ടു് ശ്വാസം മുട്ടിത്തുടങ്ങും. അതിനു പരിഹാരമായി 'പ്രാണവായു നിറച്ച യന്ത്രങ്ങൾ നേരത്തെ കരുതിയിരിക്കണം. എപ്പോഴാണു് മടങ്ങിവരിക എന്നു് പറയുക പ്രയാസം. ആഹാരപദാൎത്ഥങ്ങളൊന്നുംതന്നെ അവിടെയെങ്ങും ലഭ്യമല്ല. അവയും, തണുപ്പിൽനിന്നും രക്ഷപ്രാപിക്കാനുള്ള സാധനങ്ങളും കരുതണം. കൂടാതെ കിഴക്കാംതൂക്കായുള്ള മലകളും ആഴമുള്ള കുഴികളും വളരെയുള്ളതുകൊണ്ടു് അവ കടക്കുന്നതിനാവശ്യമായ സാധനങ്ങളും കൊണ്ടുപോകണം. ഒരു പകൽ മുഴുവൻ പരിശ്രമിച്ചാൽ ഏതാനും അടി ഉയരമേ കയറാൻ സാധിക്കയുള്ളൂ. സന്ധ്യയായാൽ പിന്നെ യാതൊരുവക ശ്രമവും സാദ്ധ്യമല്ല. രാത്രി കഴിച്ചുകൂട്ടുന്നതു് തല്ക്കാലത്തേക്കു മഞ്ഞിനുള്ളിൽ നിൎമ്മിക്കുന്ന ഗുഹകളിലായിരിക്കും. ചിലപ്പോൾ കൊടുങ്കാററടിച്ചു് ആളുകളെ പറപ്പിച്ചുകളയും. മററു സന്ദൎഭങ്ങളിൽ മലമുകളിൽനിന്നും വലിയ വീതിയിലും ആഴത്തിലുമുള്ള ഹിമനദികൾ കീഴോട്ടിഴഞ്ഞുവന്നു് സൎവ്വവും ഒന്നിച്ചു നശിപ്പിക്കും. ഇങ്ങനെയുള്ള പ്രയാസങ്ങളും ദുൎഘടങ്ങളും വകവയ്ക്കാതെ, ജീവാപായത്തിൽ ഭയമില്ലാതെ, പൎവ്വതാരോഹണത്തിനു മുതിരുന്ന ധീരജനങ്ങളെപ്പററി ആൎക്കാണു് അത്ഭുതവും ബഹുമാനവും തോന്നാത്തതു്!

ഹില്ലറിയുടെയും ടെൻസിംഗിന്റെയും വിജയത്തിൽ സകല രാജ്യക്കാരും അഭിമാനംകൊണ്ട് അവരെ അനുമോദിച്ചു. അവൎക്ക് വലിയ ബഹുമതികളും വിലപിടിച്ച സമ്മാനങ്ങളും ധാരാളമായി നല്കപ്പെട്ടു. അവരുടെ ധീരതയെയും പരിശ്രമത്തെയും എല്ലാവരും ഇന്നും വാഴ്ത്തുന്നു. ഭൂമിയിലേ ഏററവും ഉയൎന്ന സ്ഥാനമായ ഗൌരീശങ്കരത്തിന്റെ ധവളശിരസ്സിൽ ബ്രിട്ടൻ, ഇൻഡ്യ, നീപ്പാൾ എന്നീ രാജ്യങ്ങളിലെ വിജയപതാകകൾ ഒരുമിച്ച് കാററിൽ തത്തിക്കളിച്ചുകൊണ്ടിരിക്കുന്നു.

---

പാഠം ൧൭

# ഭഗവദ് ദൂത്

## രംഗം ൧

(ശ്രീകൃഷ്ണനും ധൎമ്മപുത്രരും പ്രവേശിക്കുന്നു)

ധൎമ്മപുത്രർ:—കൃഷ്ണാ! അവിടത്തെപ്പോലെ ഞങ്ങളോടുള്ള കാരുണ്യത്തിന് അതിരില്ല. നാടു പോയി കാട്ടുവാഴികളായിത്തീൎന്നിട്ടുള്ള ഇവരെപ്പററി അവിടന്നല്ലാതെ ആരു ഗണിക്കുന്നു ?

ശ്രീകൃഷ്ണൻ:—നാട് എങ്ങനെ പോകും? കുരുവംശത്തിലെ പാണ്ഡുവിന്റെ പുത്രന്മാരല്ലെ നിങ്ങൾ? പാണ്ഡുവിന്റെ സഹോദരനായ ധൃതരാഷ്ട്രർ അന്ധൻ ആണ്. അയാൾക്ക് അങ്ങനെ രാജ്യാവകാശം നഷ്ട

ല്പ്പെട്ടു. പാണ്ഡു രാജാവുമായി. ആ അവകാശം നിങ്ങൾക്കാണുള്ളതു്.

ധർമ്മ:—ആ കഥ എല്ലാം മാറിപ്പോയല്ലോ. ചൂതിൽ തോററു് ഞങ്ങൾ ദുര്യോധനൻെറ അടിമകളായില്ലേ? ആ തോൽവിയുടെ ശിക്ഷയായി പന്ത്രണ്ടുവർഷം വനവാസംചെയ്തു. ഒരു വർഷത്തെ അജ്ഞാതവാസവും കഴിഞ്ഞു. ഇനിയും ദുര്യോധനൻെറയും കൂട്ടരുടെയും ഭാവം എന്തോ?

കൃഷ്ണൻ:—അവരുടെ ഭാവം അനുസരിച്ചു കഴിഞ്ഞുകൊള്ളാം എന്നാണോ ഉദ്ദേശം?

ധർമ്മ:—കൃഷ്ണാ! ഞങ്ങൾക്കു് സകല ആപത്തുകളിലും ആശ്രയം അവിടന്നാണു്. അവിടന്നുതന്നെയാണു് ഞങ്ങളുടെ സകല സമ്പത്തും. ഞങ്ങളുടെ കാലക്കേടിനു പരിഹാരം ഉണ്ടാക്കാൻ അവിടത്തേയ്ക്കേ കഴിയൂ. എന്തു കല്പിക്കുന്നോ അതു ചെയ്യാം.

കൃഷ്ണൻ:—ഉപായങ്ങളിൽ ആദ്യത്തേതല്ലേ അങ്ങേക്കു് സമ്മതമായിട്ടുള്ളൂ? എന്നാൽ എനിക്കു തോന്നുന്നതു്, ദുര്യോധനനോടാകട്ടെ, അയാളുടെ പിതാവായ ആ അന്ധനോടാകട്ടെ, സാമംകൊണ്ടു് യാതൊരു ഫലവും ഉണ്ടാകയില്ല എന്നാണു്.

ധർമ്മ:—അവിടത്തെ അഭിപ്രായം എനിക്കു മനസ്സിലാക്കാൻ കഴിയും. എൻെറ അനുജന്മാരായ ഭീമനും അർജ്ജുനനും നകുലനും സഹദേവനും ഞങ്ങളുടെ ധർമ്മപത്നിയായ പാഞ്ചാലിക്കും അവിടത്തെ അഭിപ്രായം തന്നെയാണുള്ളതു്. എന്നാൽ കൃഷ്ണാ! ഞാൻ ഒന്നറിയിച്ചുകൊള്ളട്ടെ. ഞാൻ ഭീരു ആണെന്നു് അവിടന്നു

കരുതരുതു്. വേണ്ടിവന്നാൽ യുദ്ധംതന്നെ. എങ്കിലും എന്റെ അടുത്ത ബന്ധുക്കളോടാണല്ലോ യുദ്ധം ചെയ്യേണ്ടതു്? എന്റെ അച്ഛനെപ്പോലെ ഞാൻ കരുതുന്ന ധൃതരാഷ്ട്രരും, എന്റെ അമ്മയെപ്പോലുള്ള മഹാമനസ്വിനി ഗാന്ധാരിയും ആണ് ഇതിൽനിന്നു വരുന്ന ദുഃഖം അനുഭവിക്കേണ്ടവർ. ഞങ്ങളുടെ അവകാശങ്ങളെ കവർന്നെടുക്കുന്നവനാണ് ദുര്യോധനൻ എങ്കിലും അവനും എന്റെ അനുജൻ തന്നെയല്ലേ.

കൃഷ്ണൻ:—തന്നെ. സംശയമില്ല. ഭീഷ്മർ അപ്പൂപ്പനാണ്. അവരുടെ സേനാനായകനായ ദ്രോണർ നിങ്ങളുടെ ഗുരുവും തന്നെ. ദുര്യോധനനു സകല വിദ്യകളും പറഞ്ഞുകൊടുക്കുന്ന കർണ്ണൻ ആരാണെന്നു നിങ്ങളറിഞ്ഞിട്ടില്ല. എന്നാൽ ഈ ബന്ധുക്കളെല്ലാം സുഖമായി കഴിയട്ടെ. നിങ്ങൾക്കു കഴിക്കാൻ നീണ്ടുപരന്ന കാടല്ലേ കിടക്കുന്നതു്? കാട്ടിൽ താമസിക്കാൻ ഇപ്പോൾ വേണ്ട പരിചയവും കിട്ടിയിട്ടുണ്ടല്ലോ. പിന്നെ, അക്ഷയപാത്രം ഉള്ളിടത്തോളംകാലം പഞ്ഞവും വരാനില്ല.

ധർമ്മ:—അവിടത്തെ പരിഹാസത്തിനു ഞാൻ പാത്രമാണ്. ക്ഷത്രിയൻതന്നെ എങ്കിലും എന്റെ ഹൃദയത്തിനു അത്ര കട്ടിയില്ല എന്നു ഞാൻ സമ്മതിക്കാം. ഈ ഭാരതഖണ്ഡം—ഞങ്ങളുടെ വംശത്തിലെ പൂർവ്വപിതാമഹന്റെ തിരുനാമം ഉള്ള ഈ പുണ്യഭൂമി—മഹാന്മാരായ ഋഷികളുടെ തപോവാടങ്ങൾകൊണ്ടു വിശ്രുതി നേടിയ ഈ മഹാരാജ്യം—സഹോദരന്മാർ തമ്മിൽ കഴുത്തറുത്തു ചിന്തുന്ന രക്തംകൊണ്ടു നനയണം കഷ്ടം! ഇങ്ങനെ ഒരു വിചാരംപോലും എനിക്കു

സഹിക്കാൻ നിവൃത്തിയില്ല. പൊന്നിൻകിരീടം ഒരു ഭാരമായിട്ടേ ഞാൻ കരുതുന്നുള്ളു. അതു ദുര്യോധനന്റെ തലയ്ക്കുള്ളിൽ കുടികൊള്ളുന്ന അഹങ്കാരത്തെ അമർത്തിക്കൊണ്ടു് അയാളുടെ ശിരസ്സിൽതന്നെ ഇരുന്നുകൊള്ളട്ടെ.

**കൃഷ്ണൻ:**—ഇരുന്നുകൊള്ളട്ടെ! ഭാരതഖണ്ഡം അയാളുടെ ചവിട്ടടിയിൽ കിടന്നു ഞെരിഞ്ഞുംകൊള്ളട്ടെ. നിങ്ങൾ ക്ഷത്രിയന്മാർ എന്നു് അഭിമാനിച്ചുകൊണ്ടു് വനങ്ങളിൽ ഇരുന്നു തപസ്സു ചെയ്തുകൊള്ളുക.

**ധർമ്മ:**—ശകാരം സ്വീകരിച്ചു. എങ്കിലും എനിക്കു സിംഹാസനത്തിൽ കാംക്ഷയില്ല. പക്ഷേ, ഒരു കാര്യംകൂടി പറയാനുണ്ടു്. ഞങ്ങൾക്കു് അവകാശം ഉള്ള പകുതി രാജ്യം മനസ്സോടെ വിട്ടുതരികയാണെങ്കിൽ അതിന്റെ രക്ഷാഭാരം വഹിക്കാൻ ഞാൻ തയാറാണു്.

**കൃഷ്ണൻ:**—അതിൽ ഞാൻ എന്താണു വേണ്ടതു്? ദുര്യോധനനെ നിങ്ങൾക്കും എനിക്കും ഒരുപോലെ അറിയാം. ഭീമനെ വിഷംകൊടുപ്പിച്ചു. ഭീമന്റെ കൈകാലുകൾ വരിഞ്ഞുകെട്ടി ഗംഗയിൽ എറിയിച്ചു. അരക്കുകൊണ്ടു് ഉണ്ടാക്കിയ ഗൃഹത്തിൽ നിങ്ങളെ എല്ലാം അടച്ചിട്ടു് അയാൾ തീവയ്പിച്ചു. കള്ളച്ചൂതിൽ നിങ്ങളെ തോല്പിച്ചു് നിങ്ങളുടെ കൈയിൽനിന്നു രാജ്യം തട്ടിയെടുത്തു. പലരും നിറഞ്ഞിരുന്ന സഭയിൽവച്ചു് അയാൾ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം ചെയ്യിച്ചു. നിങ്ങൾ അനുജൻ എന്നു് അഭിമാനിക്കുന്ന ദുര്യോധനന്റെ കൃത്യങ്ങളാണു് ഇവയെല്ലാം. ചോദിക്കാത്ത താമസമേ ഉള്ളു, പകുതി രാജ്യം വിട്ടുതന്നു നിങ്ങളെ ഇവിടെ അഭിഷേകം കഴിക്കും

ധർമ്മ:—അങ്ങനെയുള്ള ആശകളോടുകൂടിയല്ല ദുര്യോധനനോടു ചോദിക്കണം എന്നു് ഞാൻ അഭിപ്രായപ്പെടുന്നതു്. എനിക്കും അനുജന്മാർക്കും പാഞ്ചാലിക്കും വസിക്കാൻ സൗകര്യം വേണമല്ലോ. അതിനുവേണ്ടി ഞങ്ങൾക്കു് വരേണ്ട പകുതി രാജ്യം ആദ്യമായി ആവശ്യപ്പെടും. യുദ്ധം കൂടാതെ കാര്യങ്ങൾ ഒതുങ്ങുമെന്നു് എനിക്കു വിശ്വാസമില്ല. എന്നാലും കലഹിക്കാതെ കാര്യങ്ങൾ നടത്താമോ എന്നു നോക്കണ്ടേ? ലോകരെന്തു പറയും?

കൃഷ്ണൻ:—സമ്മതിച്ചു. ലോകരെ ബോദ്ധ്യപ്പെടുത്താൻ ഇത്രയുംകൂടി ചെയ്യണമെന്നാണു് അഭിപ്രായം, അല്ലേ? അതുകൊണ്ടു നഷ്ടം ഒന്നും വരാനില്ല.

ധർമ്മ:—എന്നാൽ അവിടന്നുതന്നെ ഞങ്ങൾക്കുവേണ്ടി ഈ കാര്യങ്ങൾ ദുര്യോധനനോടു സംസാരിക്കണം. ഭാരതഖണ്ഡത്തിൽ ഉള്ള സകലരും ആരാധിക്കുന്ന അവിടത്തേക്കുതന്നെയാണു് ഈ കാര്യത്തിൽ മദ്ധ്യസ്ഥൻ ആകാൻ ഏററവും അവകാശം ഉള്ളതു്. അവിടത്തേക്കു ബന്ധം ഉള്ള ചന്ദ്രവംശത്തിലെ രണ്ടു ശാഖക്കാർ തമ്മിൽ പിണങ്ങി, കുലവും രാജ്യവും നശിപ്പിക്കാൻ തുടങ്ങുന്നതു് അവിടന്നാണല്ലോ തടുക്കേണ്ടതും. അതിനാൽ സകലതും താങ്ങാൻ ശക്തിയുള്ള അവിടത്തെ തലയിൽത്തന്നെ ഈ ഭാരവും ഞാൻ ചുമത്തുന്നു. അവിടന്നു് എന്റെ ബന്ധുവും ഇഷ്ടനും ഉപദേഷ്ടാവും രക്ഷിതാവും ആണു്. എന്റെ മനസ്സിനു സമാധാനം തരാൻ അവിടത്തേക്കു മാത്രമേ കഴിവുണ്ടാകൂ എന്നും ഞാൻ വിശ്വസിക്കുന്നു.

കൃഷ്ണൻ:—ദുര്യോധനനെ കണ്ടു നിങ്ങളുടെ അഭിപ്രായം പറഞ്ഞുനോക്കാം. ഭാരതത്തിൽ ചോരപ്പുഴ ഒഴുക്കാതെ കഴിച്ചാൽ കൊള്ളാം എന്നാണ് എനിക്കും ആഗ്രഹം. എന്നാൽ ഞാൻ പോയി വരാം.

## രംഗം ൨

[കൃഷ്ണൻ എഴുന്നേല്ക്കുന്നു. ഉദ്ധവരുടെ അകമ്പടിയോടുകൂടി തേരിന്റെ നേരെ നടക്കുന്നു. കൃഷ്ണന്റെ പുറപ്പാടിൽ ഏതോ കാര്യം ഉണ്ടെന്നു സംശയിച്ച് ഭീമനും പാഞ്ചാലിയും ബദ്ധപ്പെട്ടു മുമ്പോട്ടു വരുന്നു.]

ഭീമൻ:—തിടുക്കത്തിൽ എങ്ങോട്ടാണ് എഴുന്നള്ളത്ത്? ഈ സാധുക്കളെപ്പററി അവിടത്തേക്കു ഓർമ്മയില്ലാതെ പോയോ?

കൃഷ്ണൻ:—എന്താണു ഭീമാ മുഷ്കുവാക്കു പറയുന്നത്? ഞാൻ എന്നെത്തന്നെ മറക്കുന്ന നാളിലല്ലേ നിങ്ങളെ എല്ലാം മറക്കുകയുള്ളു! ഓഹോ, പാഞ്ചാലിയുടെ പൊടി കൈക്കൂടി ഉണ്ടെന്നു തോന്നുന്നു. ഞാൻ പെട്ടെന്നു പോകുന്നതുകൊണ്ടുള്ള നീരസമാണ്, അല്ലേ? ധർമ്മപുത്രരുടെ ഒരു നിയോഗവുംകൊണ്ടു പുറപ്പെട്ടിരിക്കയാണ്. അതുകൊണ്ടാണു നിങ്ങളെ ആരെയും കാണാതെ പുറപ്പെടാൻ തുടങ്ങിയത്.

ഭീമൻ:—(പല്ലു കടിച്ചുകൊണ്ട്) എന്താണാവോ നിയോഗം?

കൃഷ്ണൻ:—ദുര്യോധനന്റെ അടുക്കൽ പോയി ഒരു കാര്യം പറയണം എന്ന്.

ഭീമൻ:—എന്തു കാര്യം? ഈ പാവപ്പെട്ട പാണ്ഡവന്മാർ എന്നും കാട്ടിൽ കിടന്നുകൊള്ളണമെന്നും ദുര്യോധനൻ രാജ്യം ഭരിച്ചുകൊണ്ടാൽ മതി എന്നും, അല്ലേ?

കൃഷ്ണൻ:—അത്രയും സമ്മതിക്കുന്നില്ല. പകുതി രാജ്യം കിട്ടിയാൽ കൊള്ളാം എന്നാണു് നിങ്ങളുടെ ജ്യേഷ്ഠന്റെ അപേക്ഷ.

ഭീമൻ:—അപേക്ഷ! അതെ, അപേക്ഷ! ഇനിയും അപേക്ഷിക്കുന്നതേ ഉള്ളു; പകുത. രാജ്യത്തിനു്. എന്റെ ജ്യേഷ്ഠന്റെ എന്നു പറഞ്ഞതു തെററിപ്പോയി. ഇന്നുതൊട്ടു് ഈ കാര്യത്തിൽ അദ്ദേഹത്തെ ജ്യേഷ്ഠനായി ഞാൻ കരുതുന്നില്ല. (ഗർജ്ജിച്ചുകൊണ്ടു്) കൃഷ്ണാ! ഇങ്ങനെ ഒരു ദൂതുംകൊണ്ടാണോ അവിടുന്നു പോകുന്നതു്? അവിടത്തേയ്ക്കു് ഞങ്ങളോടു ദയ ഇല്ലാതിരിക്കട്ടെ, എങ്കിലും ലജ്ജ ഇല്ലേ? എന്നോടും സഹോദരന്മാരോടും ചെയ്തതൊന്നും അവിടുന്നു് ഓർമ്മിക്കേണ്ട. ഈ നില്ക്കുന്ന പാഞ്ചാലിയെ സഭയിൽവച്ചു് ആക്ഷേപിച്ചതും അവിടുന്നു മറന്നോ? ഇങ്ങനെയാണോ ഞങ്ങളെപ്പററി ഓർമ്മ ഉണ്ടെന്നു പറഞ്ഞതു്? കൃഷ്ണാ! അവിടുന്നു ധർമ്മകാര്യങ്ങൾ അറിയുന്ന ആളാണല്ലോ. സ്ത്രീകളെ ആക്ഷേപിക്കുന്നതാണോ ആര്യന്മാരുടെ നീതി എന്നു പറയുക. ഒരു രാജ്ഞിയായ ഈ പാഞ്ചാലിയെ അവളുടെ ഭർത്താക്കന്മാരും മററു് അനവധി ജനങ്ങളും നോക്കിക്കൊണ്ടു നില്ക്കെ, പറയാൻ പാടില്ലാത്തപ്രകാരം അവമാനിച്ച ആ ഖലന്മാരോടു് സഖ്യത്തിനാണോ അവിടത്തെ പുറപ്പാടു്?

കൃഷ്ണൻ:—ഭീമാ! കോപിക്കരുതു്. ഞാൻ ധൎമ്മപുത്രരുടെ മാത്രം ദൂതു പറയാനല്ല അവിടെ പോകുന്നതു്. പാണ്ഡവന്മാരുടെയും പാഞ്ചാലിയുടെയും കൂടെ ദൂതു നിൎവ്വഹിക്കാനാണു്,

പാഞ്ചാലി:—കൃഷ്ണാ! പല ആപത്തുകളിൽനിന്നു് എന്നെ അവിടന്നു രക്ഷിച്ചിട്ടുണ്ടു്. എന്റെ അഭിപ്രായം അറിയാതെ ദൂതു പറയുന്നതു് എനിക്കു സങ്കടമാണു്.

ഭീമൻ:—കൃഷ്ണാ! ഞങ്ങൾക്കു് എല്ലാവൎക്കുംവേണ്ടി ദൂതു പറയാനാണു പോകുന്നതെന്നു് അവിടന്നു് അരുളിച്ചെയ്തു. എന്റെ ദൂതു് ഇങ്ങനെയാണു്. ആ പൊട്ടക്കണ്ണനായ ധൃതരാഷ്ട്രരോടും, അയാളുടെ മക്കളായ നൂററവരോടും, അവൎക്കെല്ലാം ദുരുപദേശം കൊടുക്കുന്ന കൎണ്ണൻ, ശകുനി തുടങ്ങിയ കശ്മലന്മാരോടും അറിയിച്ചേക്കുക, 'ചെയ്തതു് ഒന്നും മറക്കുന്നതിനു് ഈ ഭീമനു സാദ്ധ്യമല്ല' —എന്നു്. കൗരവന്മാരെ എല്ലാം കൊന്നു മുഴുവൻ രാജ്യം പിടിക്കാൻ ഈ കൈകൾക്കു് കരുത്തില്ലെങ്കിൽ, ഹിഡുംബനെയും ജരാസന്ധനെയും ബകനെയും കിൎമ്മീരനെയും കൊന്ന ഈ തടിയൻ കൈകൾ ഞാൻ എന്തിനു ചുമക്കുന്നു? (ഗദ ചുഴററിക്കൊണ്ടു്) നൂററുവരെയും കൂട്ടരെയും ഒരുമിച്ചുതകൎക്കാൻ ഈ ഗദകൊണ്ടു് ഒരടി മതിയാകും. (ഗൎജ്ജിച്ചു ചാടിക്കൊണ്ടു്) അവകാശമില്ലാത്ത ആ പൊന്നിൻകിരീടം അണിഞ്ഞു ഞെളിയുന്ന ദുൎയ്യോധനനെ—ഞങ്ങളെ പല പ്രകാരത്തിൽ അപായപ്പെടുത്താൻ രാപകൽ കൂടതന്ത്രങ്ങൾ കണ്ടുപിടിക്കുന്ന ആ നീചനെ—പോൎക്കളത്തിൽവച്ചു വലിച്ചു കീറി തുണ്ടു തുണ്ടമാക്കി നായ്ക്കും നരിയ്ക്കും എറിഞ്ഞുകൊടുത്തില്ലെങ്കിൽ ഞാൻ ഭീമനോ? പാഞ്ചാലി

യുടെ തലമുടി പിടിച്ചുവലിച്ചിഴച്ച ആ ദുശ്ശാസനൻ ഉണ്ടല്ലോ, ദുര്യോധനന്റെ പ്രിയപ്പെട്ട അനുജൻ, അവൻ ഈ ഗദകൊണ്ടു തുലയും. അവന്റെ ശരീരത്തിലെ ഒരു തരിപോലും ഈ ഭൂമിക്കു ഭാരമാണു്. ഭസ്മമാക്കി ഞാൻ അവനെ വായുവിൽ പറത്തും. ശകുനിയും കർണ്ണനും, എതിരണിക്കാർ മററെല്ലാവരും തുലയും. കൃഷ്ണാ! (അത്യുച്ചത്തിൽ ഗർജ്ജിച്ചുകൊണ്ടു്) ഇതാണു് എന്റെ ദൂതു്.

കൃഷ്ണൻ:—ഭീമസേനാ! ഇതാണു് എന്റെ ദൂതും.

ഭീമൻ:—കൃഷ്ണാ! ഇപ്പോഴാണു് അവിടുന്നു ഭഗവാനായതു്.

പാഞ്ചാലി:—കൃഷ്ണാ! ദൂതു പറയുമ്പോൾ, ഗതി കെട്ട ഇവളുടെ കാര്യം മറന്നേക്കരുതു്. ഇതാ ദുശ്ശാസനൻ പിടിച്ചഴിച്ച തലമുടി ഇപ്പോഴും അഴിഞ്ഞുകിടക്കുന്നു. ഇതു് എപ്പോഴാണു വീണ്ടും കെട്ടാൻ പോകുന്നതെന്നു് അങ്ങേയ്ക്കു് ഓർമ്മയുണ്ടല്ലോ. ഈ മുടി അഴിച്ച കൈകൾ ലോകത്തു് ഉള്ളിടത്തോളംകാലം സ്ത്രീകൾക്കു മാനമില്ല, പുരുഷന്മാർക്കു വീര്യവും ഇല്ല. കൃഷ്ണാ! ദുശ്ശാസനന്റെ മാറിടം അടിച്ചുപിളർന്നു്, അതിൽനിന്നു തിളച്ചു പൊങ്ങുന്ന രക്തം അണിഞ്ഞ കൈകൊണ്ടു് ഈ തലമുടി കെട്ടാം എന്നാണു് (ഭീമനെ ചൂണ്ടിക്കൊണ്ടു്) പറഞ്ഞിട്ടുള്ളതു്. ദയാശാലിയായ അവിടുന്നു് ആ സത്യം മറന്നു് ദൂതു പറയരുതു് എന്നേ പാഞ്ചാലിക്കു് അപേക്ഷയുള്ളൂ.

കൃഷ്ണൻ:—ദേവീ! മനസ്വിനിയായ അവിടത്തെ ആഗ്രഹങ്ങൾ എന്തെങ്കിലും നടക്കാതെ വരുമോ? അന്നു ഞാൻ വിശന്നു കാട്ടിൽ വന്നപ്പോൾ ചീരക്കറിതന്നു വിശ

പ്പടക്കിയ നന്ദി എങ്കിലും ഇല്ലേ? (ഭീമനും പാഞ്ചാലിയും തൊഴുതുനില്ക്കുന്നു.) എന്നാൽ ഇനി യാത്രയാകാം. ദാരുകൻ ഇതാ തേരു തയ്യാറാക്കി നിറുത്തിയിരിക്കുന്നു.

### രംഗം ൩

[ഇന്ദ്രപ്രസ്ഥം—കൌരവന്മാരുടെ രാജധാനി. ധൃതരാഷ്ട്രർ, ദുര്യോധനാദികൾ, ഭീഷ്മർ, ദ്രോണർ, കൃപർ, അശ്വത്ഥാമാവു്, വിദുരർ, കൎണ്ണൻ, ശകുനി, മഹർഷിമാർ എന്നിവരെല്ലാം സഭയിൽ ഇരിക്കുന്നു. കൃഷ്ണൻ പ്രവേശിക്കുന്നു. എല്ലാവരും എഴുന്നേററുനിന്നു് കൃഷ്ണനെ അഭിവാദനം ചെയ്യുന്നു. കൃഷ്ണനും സഭാവാസികളും ഇരിക്കുന്നു.]

**കൃഷ്ണൻ:**—മഹാന്മാരായ നിങ്ങളെ എല്ലാം ഒരുമിച്ചുകാണ്മാൻ സാധിച്ചതു് വലിയ ഭാഗ്യമായിക്കരുതുന്നു. ഇപ്പോൾ ഞാൻ വന്നിരിക്കുന്നതു പ്രത്യേകം ഒരു ദൂതുംകൊണ്ടാണു്.

**ധൃതരാഷ്ട്രർ:**—കൃഷ്ണാ! എന്റെ മക്കളായ പാണ്ഡവന്മാരുടെ സ്നേഹിതനായ അവിടത്തോടു് എനിക്കു് അതിരററ വാത്സല്യം ഉണ്ടു്. അതിനാൽ അവിടന്നു ഞങ്ങളെ കാണ്മാൻ വന്ന ഈ ദിവസം ഒരു പുണ്യദിനം തന്നെ. വന്ന കാര്യം പറയാമല്ലോ. പാണ്ഡവന്മാൎക്കെല്ലാം സൌഖ്യംതന്നെയല്ലേ? ആ പാഞ്ചാലി അവരുടെ കാര്യങ്ങൾ എല്ലാം നോക്കിക്കൊള്ളുമല്ലോ. അവൾക്കും ക്ഷേമംതന്നെയല്ലേ?

**കൃഷ്ണൻ:**—എല്ലാവൎക്കും ക്ഷേമംതന്നെ. കാട്ടിൽ കായും കനിയും കാട്ടാറുകളിൽ വെള്ളവും ഉള്ളിടത്തോളം കാലം അവൎക്കു് എന്താണു കുറവു്?

ധൃതരാഷ്ട്രർ:—എന്റെ അനുജന്റെ മക്കൾ സുഖമായി ഇരിക്കണമെന്നേ എനിക്കു പ്രാർത്ഥനയുള്ളു. കഴിഞ്ഞ പതിമ്മൂന്നുവർഷമായി അവരെപ്പററിയുള്ള കഥകൾ ചുരുക്കമായേ അറിയുമാറുള്ളു. ഇപ്പോൾ അവർക്കു സുഖമാണെന്നു കേട്ടതിൽ എനിക്കു വളരെ ആശ്വാസമുണ്ടു്.

കൃഷ്ണൻ:—അവിടത്തെ ആശംസ ഞാൻ അവരെ അറിയിക്കാം. അവിടത്തോടും ദുര്യോധനനോടും ഒരു ദൂതു് അറിയിക്കാൻ ധർമ്മപുത്രർ എന്നെ അയച്ചിരിക്കയാണു്.

ദുര്യോധനൻ:—എന്തു ദൂതാണു്? കാട്ടിൽ അവർക്കു കുശലം തന്നെ എന്നോ?

കൃഷ്ണൻ:—നിങ്ങളുടെ ഭരണത്തിൽ നാട്ടിലായാലെന്തു്, കാട്ടിലായാലെന്തു്, രണ്ടും തുല്യമല്ലേ? എന്നാൽ ദൂതു് അതല്ല. ഈ രാജ്യംമുഴുവൻ അവർ ഭരിക്കേണ്ടതല്ലേ? അതിൽ പകുതി രാജ്യമെങ്കിലും ഇപ്പോൾ കിട്ടണമെന്നു് ആവശ്യപ്പെടുകയാണു്.

ദുര്യോധനൻ:—ആവശ്യപ്പെടുന്നതു് അവരോ നിങ്ങളോ?

കൃഷ്ണൻ:—അവർതന്നെ. അല്ലാതെ നിങ്ങളുടെ കുടുംബകാര്യങ്ങളിൽ ഇടപെടാൻ എനിക്കെന്തു കാര്യം? എനിക്കായിരുന്നു അവകാശമെങ്കിൽ നിങ്ങൾ ഭരിക്കയില്ലായിരുന്നുതാനും. എന്റെ അമ്മാവൻ നടത്തിയ ദുർഭരണംപോലും എനിക്കു സഹിക്കാൻ കഴിഞ്ഞില്ല എന്നു നിങ്ങൾക്കു് അറിയാമല്ലോ. ആ കഥകൾ പോകട്ടെ. സാധുക്കളായ പാണ്ഡവന്മാർക്കു പകുതി രാജ്യം കൊടുക്കുന്നതാണു നല്ലതു്.

ദുര്യോധനൻ:—അതിനു പറഞ്ഞയച്ചിരിക്കയായിരിക്കാം?

കൃഷ്ണൻ:—അതു ഞാൻ ആദ്യമേ പറഞ്ഞുകഴിഞ്ഞതല്ലോ.

ദുര്യോധനൻ:—അവർക്ക് രാജ്യത്തിന് എന്താണവകാശം എന്നു ഞാൻ മനസ്സിലാക്കിയിട്ടില്ല.

കൃഷ്ണൻ:—ദുര്യോധനാ! നിങ്ങൾക്കു മനസ്സിലാകാത്ത പലതും ഉണ്ട്. ഈ സഭയിൽ ഇരിക്കുന്ന അറിവുള്ളവരോടു ചോദിക്കുക. ഈ വംശത്തിന്റെ നാരായവേരാണ് ഇതാ ഈ എഴുന്നള്ളിയിരിക്കുന്ന ഭീഷ്മർ. അദ്ദേഹം വേണ്ട എന്നുവച്ചതുകൊണ്ടാണ് രാജ്യം നിങ്ങളുടെ വഴിക്കു വന്നുചേർന്നതു്. ഭീഷ്മർ പറയട്ടെ പാണ്ഡവന്മാർക്ക് അവകാശമില്ലയോ എന്ന്. അല്ലെങ്കിൽ എന്തിന്, ധൃതരാഷ്ട്രരോടുതന്നെ ചോദിക്കുക. നിങ്ങളുടെ ഇളയച്ഛനായി, എല്ലാ അറിവിനും ഉറവായിരിക്കുന്ന വിദുരർ ഉണ്ടല്ലോ. അദ്ദേഹം പറയട്ടെ, നാടുവാണ പാണ്ഡുവിന്റെ മക്കൾക്ക് അവകാശമില്ലയോ എന്ന്.

ദുര്യോധനൻ:—പാണ്ഡുവിനു മക്കൾ ഉണ്ടായിരുന്നു എങ്കിൽ അവകാശവും ഉണ്ടാകുമായിരുന്നു.

കൃഷ്ണൻ:—ആ കഥ പറഞ്ഞാൽ നിങ്ങൾ ധൃതരാഷ്ട്രരുടെ മക്കൾ അല്ലെന്നു വരും. ധൃതരാഷ്ട്രർതന്നെ ഈ കുടുംബത്തിൽപെട്ട ആൾ അല്ലെന്നും തെളിയും. അങ്ങനെ വരുമ്പോൾ നിങ്ങളുടെ രാജ്യത്തിന് പുതിയ അവകാശികളെ കണ്ടുപിടിക്കേണ്ടിയുമിരിക്കും.

ദുര്യോധനൻ:—ഞങ്ങളുടെ വംശകാര്യങ്ങളെപ്പററി പറയുവാനാണോ എഴുന്നള്ളത്ത്? നിങ്ങളുടെ വൃഷ്ണിവംശത്തിലേയും തുടങ്ങിയുള്ളവരുടെ കഥകളും അറിയാം.

കൃഷ്ണൻ:—അറിഞ്ഞുകൊള്ളണം. എന്നാൽ ഇന്നു് വൃഷ്ണിവംശത്തിൽ കൃഷ്ണനും, നിങ്ങളുടെ വംശത്തിൽ ധൎമ്മപുത്രർ തുടങ്ങിയുള്ള മഹാന്മാരും ഉണ്ടു്. പാണ്ഡവർ അവകാശങ്ങൾ നേടുമെന്നും നിശ്ചയമാണു്. ഭീമന്റെയും അൎജ്ജുനന്റെയും പരാക്രമങ്ങൾ ഞാൻ പറഞ്ഞു് അറിയണമെന്നില്ല. ഈ വംശം നശിക്കരുതെന്നു് എനിക്കു് യഥാൎത്ഥമായ താല്പൎയ്യമുണ്ടു്. അതിനുവേണ്ടി പറയുന്നതാണു്. അല്ലയോ, ധൃതരാഷ്ട്രമഹാരാജാവേ, ഭീഷ്മർ, വിദുരർ, ദ്രോണർ തുടങ്ങിയുള്ള മഹാന്മാരേ, ഇളപ്പംകൊണ്ടു് ഈ ദുൎയ്യോധനൻ പറയുന്ന വാക്കു് നിങ്ങൾ ആലോചിക്കണം. ഈ വംശത്തിന്റെ നന്മയ്ക്കുവേണ്ടി അയാളോടു ഗുണദോഷം പറയണം.

ധൃത:—കൃഷ്ണാ, എന്റെ പുത്രൻ ഈ ദുൎയ്യോധനൻ കുറച്ചു് അവിവേകിയാണു്. ചെറുപ്പംകൊണ്ടു്, പറഞ്ഞാൽ അവൻ വകവയ്ക്കാറില്ല. എന്നാൽ എനിക്കു് ഏററവും ഇഷ്ടമുള്ള മകൻ ധൎമ്മപുത്രർ ഉണ്ടു്. അവന്റെ വിചാരം എപ്പോഴും നന്മയിലേ തിരികയുള്ളു. ഞാൻ അപേക്ഷിക്കുന്നതായി എന്റെ മകനോടു പറയണം. വഴക്കുകളും മത്സരങ്ങളും വേണ്ട. അവൎക്കു സുഖമായി നല്ല ആശ്രമങ്ങളിൽ താമസിക്കാമല്ലോ.

ഭീഷ്മർ:—ദുൎയ്യോധനാ! മഹാനായ കൃഷ്ണൻ പറയുന്നതു കേൾക്കുക. കൃഷ്ണൻ ലോകത്തിനു ബന്ധുവാണു്.

ദുൎയ്യോധനൻ:—(തിരിഞ്ഞു നിന്നുകൊണ്ടു്) അതേ എനിക്കും അറിയാം. ലോകത്തിനാണു ബന്ധു എനിക്കല്ല. കൃഷ്ണനോടു്) അവൎക്കു രാജ്യത്തിനു് അവകാശമില്ലെന്നും ഞങ്ങൾ രാജ്യം കൊടുക്കയില്ലെന്നും പറഞ്ഞേക്കുക.

കൃഷ്ണൻ:—അവർക്കു താമസിക്കാൻ അഞ്ചു ദേശങ്ങളും കൊടുക്കരുതോ?

ദുര്യോധനൻ:—എന്റെ രാജ്യത്തിൽ കൊടുക്കുകയില്ല.

കൃഷ്ണൻ:—(സ്വരം പതറി) ഏതെങ്കിലും ഒരു ദേശം കൊടുക്കുക. അവർ അവിടെ കഴിച്ചുകൊള്ളട്ടെ.

ദുര്യോധനൻ:—അവരോട് ഇത്ര പക്ഷപാതമുള്ള അവിടുത്തേയ്ക്കു് ഒരു രാജ്യമുണ്ടല്ലോ. ഒരു ദേശം വിട്ടുകൊടുക്കണം.

കൃഷ്ണൻ:—അതു് ഞാൻ ആലോചിച്ചുകൊള്ളാം. അവർക്കു താമസിക്കാൻ ഒരു വീടെങ്കിലും കൊടുക്കരുതോ?

ദുര്യോധനൻ:—എന്റെ നാട്ടിൽ കാലുകുത്താമെന്നു് അവർ കരുതേണ്ട.

കൃഷ്ണൻ:—(സഭയെ നോക്കിക്കൊണ്ടു്) അല്ലയോ ധൃതരാഷ്ട്ര മഹാരാജാവേ! ഇന്നുതൊട്ടു് അങ്ങയുടെ ജീവിതം ദുഃഖപൂർണ്ണമായിത്തീർന്നിരിക്കുന്നു. അവിടുന്നു താലോലിച്ചു വളർത്തുന്ന ഈ പുത്രന്മാർ പാണ്ഡവന്മാരുടെ ആയുധങ്ങൾക്കു് ഇരയായി പോർക്കളത്തിൽ വീണു നശിക്കും. അവിടുത്തേയ്ക്കു് കണ്ണില്ലാത്തതായിരിക്കും അവിടുത്തെ ജീവിതത്തിലെ വലിയ ഭാഗ്യം. ദുര്യോധനാ! നിങ്ങളുടെ തലയിൽ ഇരിക്കുന്ന കിരീടം ഇതേ ശോഭയോടെ വേറൊരു തലയിൽ പ്രകാശിക്കും. നിങ്ങളുടെ ശിരസ്സു യുദ്ധഭൂമിയിൽ കുറുനരി വലിച്ചിഴയ്ക്കും. പാഞ്ചാലിയെ അവമാനിച്ച ദുശ്ശാസനനും കരുതി ഇരുന്നുകൊള്ളട്ടെ. അവന്റെ ഹൃദയത്തിലെ ചോരപുരണ്ട കൈകൊണ്ടാണു് ഭീമൻ പാഞ്ചാലിയുടെ തലമുടി കെട്ടാൻ പോകുന്നതു്. എഷണി

ക്കാരനായ കണ്ണനും സൂക്ഷിച്ചുകൊള്ളട്ടെ. ഈ വംശം നശിക്കുന്നതു കാണാനുള്ള പാപം നമുക്കെല്ലാം ഉണ്ടായി. എന്താണു ചെയ്യുക?

ദുര്യോധനൻ:—എന്താണു ചെയ്യുക എന്നോ? എന്തെന്നു കണ്ടുകൊള്ളുക.

(ദുര്യോധനൻ പുറകോട്ടു തിരിഞ്ഞു കണ്ണു കാണിക്കുന്നു. മറയ്ക്കുള്ളിൽ ഒളിച്ചുനിന്നവർ കൃഷ്ണനെ പിടിച്ചുകെട്ടാൻ കയറുമായി സഭയിൽ പ്രവേശിക്കുന്നു. ക്ഷണത്തിൽ കൃഷ്ണൻ അത്ഭുതകരമായ വിശ്വരൂപം പ്രദർശിപ്പിക്കുന്നു. ഭക്തന്മാർ നമസ്കരിക്കുന്നു.)

---

പാഠം ഒന്നു

# എന്റെ ബാല്യം

മച്ചാണിലപ്പുറം നീളമില്ലാത്തൊരു
കൊച്ചായിരുന്നു ഞാൻ മുമ്പൊരിക്കൽ
കെല്പും കിളരവുമൊപ്പം തികഞ്ഞതാ
യുൾപ്പൂവിലന്നും ഞാൻ ഗർവ്വമാർന്നേൻ.
നന്മയിലച്ഛനുമമ്മയുമൊത്തു ഞാൻ
നിർമ്മലാനന്ദം കഴിച്ചുകാലം
മാതൃഭുജങ്ങളിൽ പൊന്നൂഞ്ഞാലാടി ഞാൻ
താതന്മുതുകിൽ കുതിരകേറി
ശോകഭയങ്ങളന്നേതുമറിഞ്ഞീലാ
ലോഭമോഹങ്ങളുമവ്വണ്ണമേ. 1

വമ്പിച്ച കുന്നിൻമറവിൽ പതുങ്ങിനി–
ന്നമ്പിളി മന്ദമുയരുന്നേരം
കുന്നിന്മേൽ പെട്ടെന്നു ചെന്നുകരേറിയാൽ
ചന്ദ്രനെച്ചെന്നു പിടിച്ചെടുത്തു്
എന്തൊരു വസ്തുവാണായതെന്നു മതിൽ
ചിന്തുന്ന ലാവണ്യമെന്താണെന്നും
പപ്പടത്തോളം വലിപ്പമുണ്ടോയെന്നും
നോക്കായിരുന്നെന്നു ചിന്തിക്കും ഞാൻ. 2

കാർത്തസ്വരകാന്തി ചിന്തിപ്പടിഞ്ഞാറു
മാർത്താണ്ഡദേവൻ മറയുന്നതും
പോലും പുലർകാലേ രക്തമാമംബരം
ചാർത്തിക്കിഴക്കുയർന്നീടുന്നതും
അത്ഭുതാനന്ദ വിവശനായ് നോക്കിക്കൊ–
ണ്ടപ്പാട്ടു നില്ക്കും ഞാനൊട്ടു നേരം. 3

"ദൈവമേ ബുദ്ധിയുമീശ്വരഭക്തിയും
കൈവരുത്തേണമേ ലോകബന്ധോ
നിന്തിരുപ്പാദകമലങ്ങൾ നിത്യവും
ചിന്തിപ്പാൻവേണ്ടും വരം തരേണം"
മംഗലശീലയാമമ്മ പഠിപ്പിച്ച
നിർമ്മലമാകുമിക്കീർത്തനത്തെ
ബാലഹൃദയമലിഞ്ഞുഭക്തിയോടേവം ഞാൻ
നാലഞ്ചുവട്ടം ജപിച്ചുമേവും. 4

[സി. ഐ. ഗോപാലപിള്ള

---

# പുത്തരിയങ്കം

പഴയകാലത്തു് കേരളത്തിൽ പല കാര്യങ്ങൾക്കും അങ്കം നടത്തുക പതിവായിരുന്നു. വഴക്കു തീർക്കാനും അവകാശം സംബന്ധിച്ച തർക്കങ്ങൾ ഒതുക്കാനും നടത്തിയിട്ടുള്ള പല അങ്കങ്ങളെപ്പററിയും പാട്ടുകൾ ഉണ്ടു്. മേലൂരിടം എന്ന ഒരു തറവാട്ടിൽ മൂപ്പനും ഇള മുറക്കാരനും തമ്മിൽ മത്സരം മൂത്തു. അങ്കം കൊണ്ടേ കാര്യം തീർച്ചപ്പെടൂ എന്ന മട്ടായി. ആ അങ്കത്തിൽ മരിച്ച വീരനായ ആരോമൽ ചേവകരുടെ കഥയാണു് പുത്തരിയങ്കം എന്ന പാട്ടിനു വിഷയം. അതു് അദ്ദേഹത്തിന്റെ കന്നിപ്പോർ ആയതുകൊണ്ടാണു് പുത്തരിയങ്കം എന്നു പറയുന്നതു്.

മേലൂരിടത്തിലെ ഉണ്ണിക്കോനാരും ഉണ്ണിച്ചന്ത്രോരും തമ്മിൽ ആയിരുന്നു തർക്കം. 'മൂവന്തിക്കുള്ളതു ഞാനാകുന്നു, പാതിരായ്ക്കുള്ള തുണ്ണിച്ചന്ത്രോരും' എന്നാണു് തന്റെ മൂപ്പിനു പ്രമാണമായി ഉണ്ണിക്കോനാർ വാദിച്ചതു്. അവർ മൂത്തമ്മയുടെയും ഇളയമ്മയുടെയും മക്കളായിരുന്നു. അവർക്കു കുറെ പ്രായമായപ്പോൾ ഉണ്ണിക്കോനാരെ കുടുംബത്തിൽ മൂപ്പു വാഴാനാക്കിയിട്ടു കാരണവർ കാശിക്കു പോയി. വാഴുന്നോർക്കു താക്കോൽക്കൂട്ടവും, ഇളമുറയായ ഉണ്ണിച്ചന്ത്രോർക്കു കണക്കും കെട്ടോലയും കൊടുത്തിട്ടായിരുന്നു അമ്മാവൻ പോയതു്. കാശിക്കു പോയ കാരണവൻ തരുണീമണി ക്ഷേത്രം എന്ന ഒരു സ്ഥലത്തു ചെന്നു രോഗം പിടിപെട്ടു കിടപ്പായി. അവിടത്തെ രാജാവു് മേലൂരിടത്തേയ്ക്കു വിവരത്തിനു കത്തയച്ചു. അമ്മാവനെ കൂട്ടിക്കൊണ്ടു വരുവാൻ ഉണ്ണിക്കോനാർ ആഗ്രഹിച്ചു. ഉണ്ണിച്ചന്ത്രോർ ആകട്ടെ

'സന്ന്യാസിവേഷം ചമഞ്ഞു പോയാൽ വീട്ടിൽ കേറി മരിക്കരുതു്" എന്നു പറഞ്ഞു് കഴിഞ്ഞുകളഞ്ഞു. വാഴുന്നോർ തരുണീമണി ക്ഷേത്രത്തിൽപോയി കാരണവരെ പല്ലക്കിൽ എഴുപ്പിച്ചുകൊണ്ടുവന്നു് വീട്ടിൽ കിടത്തി ശുശ്രൂഷകളും ചെയ്തു; എങ്കിലും കുറേ ദിവസം കഴിഞ്ഞു കാരണവർ മരിച്ചു. അതിനുശേഷം ആ കുടുംബത്തിൽ മൂപ്പുവഴക്കു് തുടങ്ങി.

'ശേഷവും താക്കോലും ചൊല്ലിത്തമ്മിൽ
ശേഷിച്ചു നെല്ലുമരിയും ചൊല്ലി
എളമുണ്ടൻ തെങ്ങിന്റെ തേങ്ങാ ചൊല്ലി
വരിക്കപ്പിലാവിന്റെ ചക്ക ചൊല്ലി
ഒന്നക്കുഴിയിലെ മീനും ചൊല്ലി
നേടനാർ നാട്ടിലെ ഭാഗം ചൊല്ലി'

വഴക്കമിട്ടു. ഉണ്ണിക്കോനാരെയാണു് ആദ്യം പ്രസവിച്ചതു് എന്നു വയററാട്ടി വന്നു സാക്ഷി പറഞ്ഞതുകൊണ്ടു പ്രയോജനം ഉണ്ടായില്ല. പല ചില്ലറക്കാര്യങ്ങളുംകൊണ്ടു് അമ്പലത്തിന്റെ മുമ്പിൽ വച്ചു് അവർ തമ്മിൽ കലഹങ്ങളും ഉണ്ടായി. ഒടുവിൽ നാടുവാഴി അവരുടെ വഴക്കിൽ ഇടപെട്ടു. തൃപ്പറംകോട്ടപ്പന്റെ അമ്പലത്തിൽ ചെന്നു വെള്ളിയും പൊന്നും പൊതിഞ്ഞു വച്ചു പരീക്ഷ നടത്തി മൂപ്പു നിശ്ചയിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ തീർപ്പു്. എടുക്കുന്ന പൊതി തുറന്നു നോക്കുമ്പോൾ പൊന്നു കിട്ടുന്ന ആളും മൂപ്പു വാഴും. അതനുസരിച്ചു പരീക്ഷ നടത്തി. വാഴുന്നോർക്കു തന്നെ പൊന്നുകിട്ടി. എന്നിട്ടും തർക്കം നിന്നില്ല.

'പൊന്നു കിട്ടിയാലും മൂപ്പെനിക്കു്
വെള്ളി കിട്ടിയാലും മൂപ്പെനിക്കു'

എന്നായി ഉണ്ണിച്ചന്ദ്രോർ. അങ്കംവെട്ടിത്തന്നെ വാദം നിശ്ചയിക്കണം എന്നു വന്നുചേൻ. രണ്ടു കൂട്ടരും അങ്കം നടത്താൻ തയ്യാറായി.

അക്കാലത്തു് അങ്കം നടത്തുന്ന രീതി എങ്ങനെ എന്നു് അറിയേണ്ടതാണു്. ഓരോ കക്ഷിയും യുദ്ധത്തിനു വിശേഷിച്ചു സാമർത്ഥ്യമുള്ള ഓരോ വീരനെ തനിക്കുവേണ്ടി അങ്കം വെട്ടാൻ വരിക്കും. അങ്കത്തിനു പ്രത്യേകം ഒരു ദിവസം നിശ്ചയിക്കും. അങ്കം കാണാൻ വരണമെന്നു നാട്ടുകാരെ അറിയിക്കും. പോരാടുന്നതിനു് പലകകൊണ്ടു് അങ്കത്തട്ടുണ്ടാക്കും. അങ്കത്തട്ടിനു തറയിൽ നിന്നു് ഒരാൾപ്പൊക്കത്തിൽ കൂടുതൽ ഉയരം കാണും. അതിനു മുകളിൽ ചുററും അഴി ഉണ്ടായിരിക്കും. തട്ടിൽനിന്നു പോരാടുന്നതു ചുററും നില്ക്കുന്നവർക്കു വ്യക്തമായി കാണാം. അതു് ഒരു ഉത്സവം പോലെ കരുതി അനേകായിരം പേർ കാണാൻ കൂടുക പതിവായിരുന്നു.

നാട്ടുവാഴി അയച്ചുകൊടുത്ത ഇരുപത്തിരണ്ടു നായന്മാരും ഒരുമിച്ചു് ഉണ്ണിക്കോനാർ അങ്കത്തിനു് ആളിനെ തേടി പുറപ്പെട്ടു. എളപ്പന്നൂർ എന്ന സ്ഥലത്തു പുത്തൂരം വീട്ടിലെ ചേവകന്മാർ അന്നു കേരളത്തിലെങ്ങും പേരുകേട്ട വീരന്മാരായിരുന്നു. അവിടത്തെ ആരോമൽ ചേവകരെ തനിക്കു വേണ്ടി അങ്കം വെട്ടാൻ വരിക്കണമെന്നു് വാഴുന്നോർ ആഗ്രഹിച്ചു. അവർ വേണ്ട ഉപചാരത്തോടെ ചെന്നു ചേവകരോടു കാര്യം അറിയിച്ചു. ചേവകർ അങ്കമുറകളെല്ലാം നല്ലതുപോലെ വശപ്പെടുത്തിയിരുന്നു. എങ്കിലും അതുവരെ അങ്കം വെട്ടാൻ പോയിരുന്നില്ല. അതുകൊണ്ടു് അദ്ദേഹത്തിന്റെ അച്ഛനും അമ്മയും അനുജനും സഹോദരിക്കും ആരോമരെ അങ്കത്തിൽ അയയ്ക്കുന്നതിനു വല്ലാത്ത ദുഃഖം

ഉണ്ടായി. എങ്കിലും അങ്കത്തിന്നു ക്ഷണിച്ചാൽ പോകാതിരിക്കുന്നതു പൗരുഷത്തിന്നു കുറവെന്നു വച്ചു് അദ്ദേഹം വാഴുന്നോരുടെ അപേക്ഷ സ്വീകരിച്ചു.

വീട്ടിൽ എല്ലാവരോടും യാത്ര ചോദിച്ചിട്ടു് ചേവകർ വാഴുന്നോരോടൊത്തു യാത്ര പുറപ്പെട്ടു. അവർ പല ദുശ്ശകുനങ്ങളും കണ്ടു. തനിക്കു് ഇരുപത്തുരണ്ടു വയസ്സാണെന്നും അപ്പോൾ കഷ്ടകാലമാണെന്നും ചേവകർ ഓർത്തു. എന്നിട്ടും പിന്തിരിയുന്നതു വീരന്മാർക്കു ചേർന്നതല്ല എന്നു കരുതി അദ്ദേഹം നടന്നു. വഴിയിൽ പല സ്ഥലങ്ങളിലും വിശ്രമിച്ചും പലരുടെയും സൽക്കാരങ്ങൾ സ്വീകരിച്ചും മേലൂരിടത്തു ചെന്നുചേർന്നു.

വാഴുന്നോരുടെ മാതാവായ കൊങ്കി അമ്മ ചേവകരെ വേണ്ടപോലെ ഉപചരിച്ചു. അദ്ദേഹത്തോടു് ആ സ്ത്രീക്കു വലുതായ ദയ ഉണ്ടായി. തനിക്കു വിജയത്തിന്നു വേണ്ടിയാണു് എങ്കിലും ചേവകരെ അങ്കത്തിന്നയയ്ക്കാൻ ആ സ്ത്രീക്കു വല്ലായ്മ തോന്നി. എന്നാൽ ധീരനായ ചേവകർക്കു കുലുക്കം ഉണ്ടായില്ല. വിധിപോലെ വരുമെന്നു പറഞ്ഞു ചേവകർ യുദ്ധത്തിന്നു തയാറായി.

ഉണ്ണിച്ചന്ദ്രോർ യുദ്ധം ചെയ്യാൻ കൊണ്ടുവന്നതു് കോലത്തുനാട്ടിൽനിന്നും അരിങ്ങോടർ എന്നൊരു വീരനെ ആയിരുന്നു. അങ്കത്തട്ടു് ഇടാനുള്ള ഏർപ്പാടുകളെല്ലാം അവർ തന്നെയാണു് ചെയ്തതു്. കോലത്തുനാട്ടുകാരനായ ഒരു തച്ചൻ അരിങ്ങോടരുടെ ദുഷ്പ്രേരണയ്ക്കു വശപ്പെട്ടു് അങ്കത്തട്ടിൽ ചില കള്ളപ്പണികൾ ചെയ്തിരുന്നു. ആ വിവരം ചേവകർ മനസ്സിലാക്കിയില്ല. അദ്ദേഹത്തിന്നു വേറൊരു ചതിവും പിണഞ്ഞു. ചുരിക തീർപ്പിക്കാൻ ഏല്പിച്ചിരുന്നതു ചന്തു എന്ന മച്ചുനനെ ആയിരുന്നു. എന്തോ കാരണംകൊണ്ടു്

ചന്തുവിനു ചേവകരുടെ പേരിൽ പക ഉണ്ടായിരുന്നു. കുത്തുമ്പോൾ ഒടിഞ്ഞുപോകത്തക്കവണ്ണം അയാൾ ചുരിക ഉണ്ടാക്കിച്ചു. ആ വിവരവും ചേവകർ അറിഞ്ഞില്ല. വരാനുള്ളതു തടയാൻ ആൎക്കും കഴികയില്ലല്ലോ!

അങ്കത്തിനു സമയമായി. നാട്ടുകാർ അങ്കംകാണാൻ ചുറ്റും നിറഞ്ഞു. നാടുവാഴിയും ദേശവാഴിയും അങ്കം നടത്താൻ വന്നുചേൎന്നു. പൂജകഴിച്ചു് ആശാരി അങ്കത്തട്ട ചേവകരെ കരേറ്റിച്ചു. ദക്ഷിണ കൊടുത്തു് ആശാരിയെ അയച്ചിട്ടു് അവർ അങ്കത്തിനു തയാറായി.

കാണികളുടെ അപേക്ഷയനുസരിച്ചു് അങ്കത്തിനുമുമ്പു ചില അഭ്യാസങ്ങൾ കാണിക്കാൻ ചേവകർ ഒരുങ്ങി. അങ്കത്തട്ടിൽ ഒരു പീഠമിട്ടു് അതിൽ അരിനിറച്ചു ഒരു തളിക വച്ചു. അതിന്മേൽ ഒരു തേങ്ങായും തേങ്ങായുടെ പുറത്തു് ഒരു ചെമ്പഴക്കായും അതിനു മുകളിൽ ഒരു കോഴിമുട്ടയും വച്ചു. മുട്ടയുടെ പുറത്തു സൂചിയും അതിന്മേൽ ഒരു ചുരികയും നാട്ടി. എന്നിട്ടു് ചുരികയുടെ മുനമ്പു കയറിനിന്നുകൊണ്ടു് ആരോമർ പലതരം നൃത്തങ്ങൾ ചെയ്തു് കാണികൾക്കു് അത്ഭുതം ഉണ്ടായി.

കോഴിപ്പോർ നടത്തി ജയം നിശ്ചയിക്കാം എന്നു് അരിങ്ങോടർ അഭിപ്രായം പറഞ്ഞു. ചേവകർ പോരിനു കോഴിയെ കൊണ്ടുവന്നിരുന്നില്ല. വാഴുന്നോരും കോഴിപ്പോരിനു തയാറായിരുന്നില്ല. കാൎയ്യം അതുകൊണ്ടു പരുങ്ങലിലായി. ചേവകർ ഒരു കോഴിമുട്ട വരുത്തി; അദ്ദേഹം മുട്ട പൊട്ടിച്ചു. ഇന്ദ്രജാലം കൊണ്ടെന്നപോലെ അതിൽനിന്നു് ഒരു പോരുകോഴി ഉണ്ടായി. കാണികൾക്കു് ആശ്ചൎയ്യം വൎദ്ധിച്ചു.



ആരോമലും അരിങ്ങോടരും അങ്കം വെട്ടുന്നു

ചേവകരുടെ കോഴിയും അരിങ്ങോടരുടെ കോഴിയും തമ്മിൽ പോരുതുടങ്ങി. തന്റെ കോഴി തോററു പോകുമോ എന്നു ചേവകൎക്കു സംശയം ഉണ്ടായി. കുക്കുടമന്ത്രം ധ്യാനിച്ചു. പെട്ടെന്നു ചേവകരുടെ കോഴിക്കു വീറു് ഏറി. അതു മറേറ കോഴിയെ കൊത്തിക്കീറി കുടൽമാല വലിച്ചെടുത്തു. അങ്ങനെ ചേവകൎക്കു വിജയം സിദ്ധിച്ചു.

അങ്കം നിവത്താം എന്നു കാണികൾ വിധിച്ചു. അരിങ്ങോടൎക്കു് അതു സമ്മതമായില്ല. ആളങ്കം തന്നെ നടത്തണമെന്നു് അയാൾ നിൎബ്ബന്ധിച്ചു. ഏണി ചാരി അരിങ്ങോടർ അങ്കത്തട്ടിൽ കയറി. ചേവകൎക്കു് ഏണി ഇല്ലായിരുന്നു. എന്നാൽ അതുകൊണ്ടു് അദ്ദേഹത്തിനു് ഒരു പ്രയാസവും ഉണ്ടായില്ല. ചേവകരും ചന്തുവും കുതിച്ചു ചാടി തട്ടിൽ കയറാം എന്നു് ഉറച്ചു.

'സൂൎയ്യഭഗവാനെ കൈവണങ്ങി
കാവിങ്കൽ മൂത്ത ഗുരുക്കളെയും
നന്നായ് മനസ്സിൽ നിനന്തുകൊണ്ടു്
ഏഴടി പിന്നാക്കം മാറി നിന്നു്
മൂന്നടി മുന്നാക്കം വച്ചുനിന്നു്
എന്നാലോ ചാടിക്കോ മച്ചുനിയാ
വൈരം മറിഞ്ഞു കുതിച്ചു ചാടി
മയിലു പറന്നങ്ങിരിക്കുംവണ്ണം
തട്ടിന്മേൽച്ചെന്നങ്ങിരുന്നവരും.'

ചേവകരും അരിങ്ങോടരും തമ്മിൽ യുദ്ധം തുടങ്ങി. പോരിൽ അരിങ്ങോടർ ചതിവായി ആയുധം പ്രയോഗിച്ചു് ചേവകൎക്കു വീൎയ്യം ഉജ്ജ്വലിപ്പിച്ചു. രണ്ടു കൂട്ടരും അടവുകളെല്ലാം പ്രയോഗിച്ചു. ചേവകർ ചുരികകൊണ്ടു് ഊക്കോടെ കുത്തി. ചന്തു ചെയ്തിരുന്ന ചതിവുകൊണ്ടു് ചുരിക കണയിൽ

വച്ചു മുറിഞ്ഞു. ആരോമർ നെഞ്ചത്തു കൈവച്ചു പോയി. വേറെ ഒരായുധം എടുത്തുകൊള്ളട്ടെ എന്നു് അദ്ദേഹം അരിങ്ങോടരോടു് അപേക്ഷിച്ചു. അയാൾ സമ്മതിച്ചില്ല. ചേവകർ ചന്തുവിന്റെ ചുരിക ആവശ്യപ്പെട്ടു. അതു ചന്തു കൊടുത്തില്ല. ചന്തുവിന്റെ ചതിവിന്റെ ആഴം ചേവകൎക്കു മനസ്സിലായി. എങ്കിലും അദ്ദേഹം പരിഭ്രമിച്ചില്ല. ആയുധം ഓങ്ങി ചേവകരെ കുത്താൻ അരിങ്ങോടർ കുതിച്ചു. കുത്തേററ ചേവകരുടെ വയററിൽ ചെറിയ ഒരു മുറിവുണ്ടായി. മുറിഞ്ഞു താഴെ കിടന്ന ചുരിക ഒരു നിമിഷത്തിനുള്ളിൽ ആരോമർ കുനിഞ്ഞെടുത്തു. താൻ നേടിയ സാമർത്ഥ്യത്തിനു് ഇപ്പോഴാണു് ഫലം ഉണ്ടാകേണ്ടതു് എന്നു ചേവകർ കരുതി. മുറിഞ്ഞ ചുരിക ചുഴററി എറിഞ്ഞു. അതു് എററു് 'കറി കരിമ്പു തണ്ടററപോലെ' അരിങ്ങോടരുടെ തലയററു നിലത്തു വീണു. കാണികൾ അത്ഭുതപ്പെട്ടു. ചേവകരെ അഭിനന്ദിച്ചു് അവർ ആർത്തുവിളിച്ചു.

അരിങ്ങോടരെ കൊന്നു് അങ്കത്തിൽ വിജയം നേടിയെങ്കിലും ചന്തുവിന്റെ ചതിയിൽനിന്നു രക്ഷപ്പെടാൻ ചേവകൎക്കു കഴിഞ്ഞില്ല. ചന്തുവിനോടു് അങ്കത്തട്ടിന്റെ അഴിവാതിൽ അടയ്ക്കാൻ പറഞ്ഞിട്ടു് ചേവകർ തട്ടിന്മേൽ തളർന്നു കണ്ണടച്ചു കിടപ്പായി. ചന്തു ആ തക്കം കണ്ടു് കുത്തുവിളക്കിന്റെ തണ്ടെടുത്തു് ചേവകരുടെ വയററത്തുള്ള മുറിവിൽ കുത്തിയിറക്കി. ചേവകർ ഞെട്ടിയെഴുന്നേററപ്പോഴേക്കും ചന്തു അരിങ്ങോടരുടെ ആളുകൾ നിന്ന സ്ഥലത്തേക്കു ചാടി രക്ഷപ്പെട്ടു.

ചന്തു ഏല്പിച്ച മുറിവു് ചേവകരുടെ മരണത്തിനു കാരണമായി. മരിക്കുന്നതിനു മുമ്പു് അച്ഛനമ്മമാരെയും

ബന്ധുക്കളെയും കാണണമെന്ന് ചേവകക്ക് ആഗ്രഹം ഉണ്ടായി. വാഴുന്നോർ ചേവകരെ പല്ലക്കിൽ എടുപ്പിച്ചു കൊണ്ടു് പുത്തൂരം വീട്ടിൽ പോയി. മാതാപിതാക്കന്മാരെയും ബന്ധുക്കളെയും കണ്ടു് അന്ത്യയാത്ര പറഞ്ഞുകൊണ്ടു് ആ വീരൻ ചരമമടഞ്ഞു. പുത്തൂരം വീട്ടിൽ ഉണ്ടായ ദുഃഖം ഊഹിക്കാവുന്നതാണല്ലോ.

---

പാഠം ൨൰

# കൃഷിയും ജന്തുശാസ്ത്രവും

നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട തൊഴിൽ കൃഷിയാണു്. അതിനാൽ കൃഷിക്കു് ഉപദ്രവം ചെയ്യുന്ന ജന്തുക്കളെപ്പററി പഠിക്കുന്നതുകൊണ്ടു് നമുക്കു പ്രത്യേകം പ്രയോജനമുണ്ടു്. എലിയും ചാഴിയും വെട്ടുകിളിയും പല തരം പുഴുക്കളും കുരുവി തുടങ്ങിയുള്ള മററു കിളികളും കൃഷിക്കു നാശം ചെയ്യുന്നു. മലയിൽ ഉള്ള കൃഷികൾക്കു് ആന, പന്നി തുടങ്ങിയ മൃഗങ്ങളുടെ ശല്യം നേരിടുന്നു. ഇവയുടെ എല്ലാം ഉപദ്രവത്തിൽനിന്നു് കൃഷിയെ രക്ഷിക്കേണ്ടതു് അത്യാവശ്യമാണല്ലോ.

പ്രാണികളെപ്പററി പഠിക്കുന്നതിൽ മനുഷ്യർ പണ്ടു മുതൽക്കേ ശ്രദ്ധ കാണിച്ചുപോന്നു. എന്നാൽ ചെറിയ പ്രാണികളുടെ ജീവിതരീതിയെപ്പററി ആരാഞ്ഞു മനസ്സിലാക്കുന്നതുകൊണ്ടുള്ള പ്രയോജനം ഈയിടെയാണു് പൂർണ്ണമായി ഗ്രഹിക്കാൻ ഇടവന്നിട്ടുള്ളതു്. പല പ്രാണികളിൽ

നിന്നും കണക്കററ ഉപദ്രവം മനുഷ്യർ അനുഭവിക്കുന്നുണ്ടു്. അതിനു പ്രതിവിധി ചെയ്യുന്നതിനു് ജന്തുശാസ്ത്രജ്ഞന്മാർ ശ്രമം ചെയ്തുപോരുന്നു. ഉപദ്രവം ചെയ്യുന്ന ഓരോ ജീവിയുടെയും ജീവിതരീതിയെപ്പററി സൂക്ഷ്മമായ അറിവു് ഈ വിഷയത്തിൽ വിജയം നേടാൻ അത്യാവശ്യമാണു്. അതിനെപ്പററി പഠിക്കുന്ന ആളുകളുടെ കണ്ടുപിടിത്തങ്ങൾ വിലമതിക്കാൻ പാടില്ലാത്ത ഉപകാരം നമുക്കു ചെയ്തുതരുന്നു.

മൃഗങ്ങളിൽനിന്നും പക്ഷികളിൽനിന്നും ഉള്ള ഉപദ്രവം പ്രയാസംകൂടാതെ പരിഹരിക്കാൻ കഴിയും. എന്നാൽ അല്പപ്രാണികളിൽനിന്നുള്ള ശല്യം തടയാൻ എളുപ്പമല്ല. ആനയുടെ ഉപദ്രവത്തിൽനിന്നു രക്ഷ നേടുന്നതിനെക്കാൾ പ്രയാസമാണു് കൊതുകിന്റെ ശല്യം ഒഴിക്കുന്നതു്. എത്രയോ കാലമായി ഇത്തരം ജന്തുക്കളോടു് മനുഷ്യൻ മല്ലടിച്ചുവരുന്നു. ഈ യത്നത്തിൽ മുമ്പു് പൂർണ്ണമായ വിജയം കിട്ടിയില്ല; എന്നുമാത്രമല്ല, അവയെ നശിപ്പിക്കാൻ ചെയ്ത പ്രയോഗങ്ങൾ ചിലപ്പോൾ പുതിയ ഉപദ്രവങ്ങളും ഉണ്ടാക്കി. ചാഴികളെ കൊല്ലാൻ ഉപയോഗിച്ച വിഷം ചില അനിഷ്ടങ്ങൾ ഉളവാക്കി. മനുഷ്യനു് ഉപകാരമുള്ള ജന്തുക്കളും ആ വിഷംകൊണ്ടുതന്നെ നശിച്ചു. എന്നാൽ ശല്യം ചെയ്യുന്ന ജീവികളെ സംഹരിക്കാൻ ഇന്നു പുതിയ ഉപായം കണ്ടുപിടിച്ചിട്ടുണ്ടു്. ഓരോ ജീവിക്കും പ്രകൃതിയിൽത്തന്നെ ശത്രു കാണും. ആ വൈരിയെ കണ്ടുപിടിച്ചു്, ഉപദ്രവിയായ ജീവിയെ കൊന്നൊടുക്കാൻ വിടുകയാണു് ഇന്നു ചെയ്യുന്നതു്. ഒരു തരം വണ്ടു് കരിമ്പുകൃഷിക്കു നാശം ചെയ്യുന്നു. അതിനെ സംഹരിക്കാൻ ഒരു ശാസ്ത്രജ്ഞൻ പല പരീക്ഷണങ്ങളും നടത്തി. ഒടുവിൽ ആ വണ്ടി

ളെ തിന്നുന്ന ഒരു തരം പൂച്ചിയെ കണ്ടുപിടിച്ചു. ആ വണ്ടിൽനിന്ന് കരിമ്പുകൃഷിയെ അങ്ങനെ രക്ഷിച്ചു.

കള്ളിച്ചെടി ഒട്ടകത്തിനു നല്ല ഒരു ആഹാരസാധനം ആണ്. അതിനാൽ ആസ്ട്രേലിയായിൽ ഒട്ടകത്തെ ധാരാളമായി വളർത്താൻ തുടങ്ങിയപ്പോൾ അതിനു തീററിക്കുവേണ്ടി കള്ളിച്ചെടിയും നട്ടുപിടിപ്പിച്ചു. കള്ളി അതിവേഗത്തിൽ വർദ്ധിച്ചു. ആ ഖണ്ഡം മുഴുവൻ നിറയും എന്ന മട്ടായി. കള്ളിച്ചെടിയെ നശിപ്പിക്കുന്ന ഒരു പ്രാണിയെ അന്വേഷിച്ച് വളരെ നാളത്തെ ശ്രമത്തിന്റെ ഫലമായി ചെറിയ ഒരു ജീവിയെ കണ്ടുപിടിച്ചു. ആ പ്രാണിയെ ധാരാളമായി വളർത്തി ആസ്ട്രേലിയായിൽ കൊണ്ടുപോയി വിട്ടു. കള്ളിച്ചെടിയുടെ അമിതമായ വർദ്ധന അങ്ങനെ നിലച്ചു.

തെങ്ങിനു വരുന്ന രോഗംകൊണ്ട് നമ്മുടെ നാട്ടിൽ വലുതായ നഷ്ടം നേരിടുന്നുണ്ടല്ലോ. ഇതു തടയാൻ പല ശ്രമങ്ങളും നടത്തിവരുന്നു. ഈ വിഷയത്തിൽ ഫിജി ദ്വീപത്തിൽ ചെയ്ത ഒരു പരീക്ഷണം നമുക്കു വഴിതെളിച്ചു കാണിക്കാൻ ഉതകും. ഒരു തരം പൂച്ചി വീണ് അവിടെ തെങ്ങിനു വലുതായ ദോഷം സംഭവിച്ചു. മലയായിൽനിന്ന് ആ പൂച്ചിയുടെ ശത്രുവായ ഒരു പക്കിയെ കണ്ടുപിടിച്ചു. അതിനെ ഫിജി ദ്വീപത്തിൽ കൊണ്ടുവന്നു വിട്ടതിനോടുകൂടി അവിടെ തെങ്ങിനു പൂച്ചിയിൽനിന്ന് ഉണ്ടായിരുന്ന ദോഷവും വിട്ടുമാറി. നമ്മുടെ രാജ്യത്തു തെങ്ങുകൾക്കു വരുന്ന രോഗത്തിനും ഈ തരത്തിൽ പ്രതിവിധി കണ്ടുപിടിക്കാമായിരിക്കും. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു ജന്തുവിനു വിരുദ്ധമായി പ്രയോഗിക്കുന്ന വേറൊരു ജന്തു തന്നെ ഉപദ്രവം ചെയ്യുന്നതായിത്തീർന്നേക്കാം. അതിനാൽ കണ്ടുപിടിക്കുന്ന ജന്തു നമുക്കു ദ്രോഹം ചെയ്യാത്തതായിരി

കാരണം ശ്രദ്ധിക്കണം. എലിയെ നശിപ്പിക്കാനായി വെസ്റ്റിൻഡീസ് ദ്വീപുകളിൽ കീരിയെ വളർത്തി. ഉദ്ദേശിച്ച കാര്യത്തിന് കുറേ നാൾ അതു പ്രയോജനപ്പെട്ടു. എന്നാൽ ക്രമേണ കീരി അസംഖ്യമായി വർദ്ധിച്ച് കോഴിയെയും മററും കൊന്നു തിന്നാൻ തുടങ്ങി.

പ്രാണികളെപ്പററി പഠിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ഗുണങ്ങൾ ഈ കാര്യങ്ങളിൽനിന്നു വ്യക്തമാകുമല്ലോ. കൃഷിക്കു നേരിടുന്ന ഉപദ്രവങ്ങൾ ശ്രദ്ധിച്ചു പരിഹരിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. ആഹാരസാധനങ്ങൾക്കു കുറവുള്ള കാലം ആണല്ലോ ഇതു്. വാഴയ്ക്കു് ഒരു തരം രോഗം ഉണ്ടായി വലിയ നഷ്ടം ഇപ്പോൾ സംഭവിക്കുന്നു. അതിനു ശരിയായ ഒരു പരിഹാരം കണ്ടുപിടിക്കുന്നതു് വളരെ ഉപകാരമായിരിക്കും. ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയണം.

---

പാഠം ൨൯

# കുചേലപ്രാഭൃതം

'വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാം ബന്ധം വിനാ
വിശക്കുന്ന നമുക്കതു സഹിച്ചുകൂടാ. ൧
വിദഗ്ദ്ധനായ ഭവാന്റെ ഭവപീഡ തീർന്നുപോമീ
വശക്കേടു ശമിക്കുമ്പോളതിനെന്തുള്ളൂ? ൨
പൊതിയിങ്ങോട്ടുതന്നാലും ലജ്ജിക്കേണ്ടാ ഗോപിമാരും
കൊതിയനെന്നിജ്ജനത്തെ പറവൂ ഞായം.' ൩

ഇതി യദുപതി മുദാ സതതമിരന്നു സതരം—
ഗതിയതു കൈയ്ക്കലാക്കീട്ടഴിച്ചുകൊണ്ടു് ൮
കല്ലും നെല്ലുമെല്ലാമവലെന്നു വച്ചിട്ടൊരു പിടി
നല്ലവണ്ണം വാരി വേഗം വയററിലാക്കി. ൧൦

മല്ലരിപു പിന്നെയും വാരുവാനാഞ്ഞ നേരം വീണ്ടും
വല്ലഭ വന്ദിച്ചു തന്റെ കരം പിടിച്ചു. ൧൨

മതിമതി പതിയോടു പറവ്വതും ചെയ്തു "കാന്താ!
മതിമതി കദശനമതീവമൂല്യം ൧൪
മതിപ്പാനും കൊടുപ്പാനും തന്നെ ഞാനിന്നൊന്നു [കൊണ്ടും
മതിയാകയില്ലെന്നായി വന്നിരിക്കുന്നു. ൧൬
പിറന്നന്നു തുടങ്ങീട്ടു പിരിയാതെ പാർക്കുമെന്നെ
മറന്നെന്നു തോന്നീടുന്നിതധുനാ ബന്ധം ൧൮
കനിച്ചുയച്ചീ വിപ്രന്റെ പത്നിക്കു ദാസിയാക്കുവാൻ
ഉറച്ചിതോ തിരുമനസ്സിലിതെന്തയ്യോ?" ൨൦

"പരിഭ്രമിക്കേണ്ടാ പത്നീ! പറഞ്ഞതുകൊള്ളാം താനും
പരമഭക്തന്മാരെക്കണ്ടിരിക്കുന്നേരം ൨൨

പരവശനായ് കൃപകൊണ്ടെന്നെയും മറന്നുപോം [ഞാൻ
പരിചയിച്ചിട്ടും നീയതറിഞ്ഞിട്ടില്ലേ? ൨൪

നിറഞ്ഞുകഴിഞ്ഞു നമുക്കൊരു മുഷ്ട്യാ, നിന്റെ ഭാവം
അറിഞ്ഞുകൊൾവതിന്നായി പുനരുദ്യോഗം ൨൬
കുറഞ്ഞൊരു ചിപിടകം ശേഷിച്ചതിതാ, ഭേതി
പറഞ്ഞതും മറക്കാമോ ഭക്തയല്ലോ നീ?" ൨൮

വിവിധ ചരാചരങ്ങളാം പിതാക്കന്മാരേവം കാര്യം
സവിധഗന്നാം ദ്വിജനെ ശ്രവിപ്പിക്കാതെ ൩൦
ചെവിയിലന്യോന്യ മോതീട്ടു മൃതമാക്കിയ ശേഷം
അവലമ്മ കൊണ്ടുപോയി, പിന്നെയും വീശി. ൩൨

സഖിദത്തപൃഥുകൈകമുഷ്ടിയാൽ നിറയ്ക്കപ്പെട്ടു
സഖി മുകുന്ദനാലേവം വദിക്കപ്പെട്ടു. ൩൪

‘പണ്ടൊരിക്കൽ പാണ്ഡവമഹിഷിയുടെ ശാകാദനം
ഉണ്ടു നാമിന്നു ഭവാൻെറ പൃഥുകം തിന്നു ൩൬
രണ്ടുകൊണ്ടുമുണ്ടായയോളം സുഖവും തൃപ്തിയും കിഴി-
ലുണ്ടായിട്ടില്ലൊരിക്കലുമെനിക്കു സഖേ! ൩൮

കൈക്കലർത്ഥമൊന്നുമില്ലാഞ്ഞെൻെറ ഭക്തന്മാരപ്പി
[ച്ചാൽ
കല്ലും കാഞ്ഞിരക്കുരുവുമെനിക്കമൃതം, ൪൦
ഭക്തിഹീനന്മാരായ മർത്ത്യന്മാരമൃതം തന്നാലും
തിക്തകാരസ്കരഫലമായിട്ടു തീരും. ൪൨

കുചേലവൃത്തം—വഞ്ചിപ്പാട്ട്.] [രാമപുരത്തു വാര്യർ

---

പാഠം ൨൦

# ഗുണവാനായ സമരിയാക്കാരൻ

ഒരിക്കൽ ശ്രീ യേശുവിനോട് ഒരു നിയമപണ്ഡിതൻ ഇങ്ങനെ ചോദിച്ചു:

‘ഗുരോ! മരണാനന്തരം ശാശ്വതമായ സൗഖ്യം ലഭിക്കുന്നതിനു ഞാൻ എന്താണു ചെയ്യേണ്ടതു്?’

ഇതിന്ന് ഉത്തരമായി യേശുദേവൻ അരുളിച്ചെയ്തു:

'നിങ്ങൾക്കു വേദവിധികളിലും ശാസ്ത്രതത്വങ്ങളിലും അഗാധമായ പാണ്ഡിത്യം ഉണ്ടല്ലോ? നിങ്ങളുടെ ചോദ്യത്തിന്ന വേദം എന്തു സമാധാനമാണു നൽകുന്നതു്?'

'ജഗൽപിതാവായ ഈശ്വരനെ ഉള്ളഴിഞ്ഞു സ്നേഹിക്കുക; അതുപോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.'

യേശു:—നിങ്ങൾ പറഞ്ഞതു ശരിയാണു്. ഈ നിയമങ്ങൾ അനുസരിച്ചു ജീവിച്ചുകൊൾക. നിശ്ചയമായും നിങ്ങൾക്കു പരലോകത്തിൽ സൗഖ്യം ലഭിക്കും

ആ നിയമജ്ഞൻ യേശുവിനോടു വീണ്ടും ചോദിച്ചു: 'ഗുരോ! അയൽക്കാരനെ സ്നേഹിക്കണമെന്നു പറഞ്ഞതു് ആരെ ഉദ്ദേശിച്ചാണു്?'

ഈ ചോദ്യത്തിന്ന മറുപടി ആയി യേശുദേവൻ ഒരു കഥ പറഞ്ഞു.

ഒരിക്കൽ ജറുസലം നഗരത്തിൽനിന്നു് ഒരാൾ ജറിക്കോ എന്ന സ്ഥലത്തേയ്ക്കുപോയി. വഴിക്കുവച്ചു് കള്ളന്മാർ അവനെ പിടികൂടി. അവന്റെ കൈയിൽ ഉണ്ടായിരുന്ന സാധനങ്ങളും, വസ്ത്രംപോലും, അവർ അപഹരിച്ചു. അതിന്നശേഷം ആ സാധുവിനെ കഠിനമായി ഉപദ്രവിച്ചു. മരിക്കാറായ അയാളെ അവിടെ തള്ളിയിട്ടു തസ്കരന്മാർ കടന്നുകളഞ്ഞു. കുറെക്കഴിഞ്ഞു് ഒരു പുരോഹിതൻ ആ വഴിയേ വന്നു. ദയനീയമായി കരഞ്ഞുകൊണ്ടു കിടന്ന ആ മനുഷ്യനെ കണ്ടിട്ടും പുരോഹിതൻ ഒരു വാക്കുപോലും പറയാതെ കടന്നുപോയി. അല്പസമയത്തിന്നശേഷം ലവണ്ണുദേശക്കാരനായ ഒരുവൻ ആ വഴിവന്നു. അയാളും

നിലവിളിക്കുന്ന ആ സാധുവിനെ ഒന്നു നോക്കിയിട്ടു നടന്നതേയുള്ളു. പിന്നീടു സമരിയാക്കാരനായ ഒരാൾ ആ വഴിക്കു വന്നു. ആ സാധുവിന്റെ നിലവിളികേട്ട് അയാൾ അടുത്തു ചെന്നു. അയാളുടെ സ്ഥിതി കണ്ട് സമരിയാക്കാരന്റെ ഹൃദയം അലിഞ്ഞു. താൻ ധരിച്ചിരുന്ന വസ്ത്രം വലിച്ചുകീറി അതുകൊണ്ടു മുറിവുകൾ കെട്ടി. പിന്നീടു തന്റെ കുതിരയുടെ പുറത്ത് അയാളെ കയററി താങ്ങിപ്പിടിച്ചുകൊണ്ട് ഒരു സത്രത്തിൽ കൊണ്ടുചെന്നാക്കി. സത്രം വിചാരിപ്പുകാരന്റെ സഹായത്തോടുകൂടി ആ സാധുവിനു വേണ്ട ശുശ്രൂഷകൾ ചെയ്തു. അയാൾക്കു സുഖമായ ഭക്ഷണവും വസ്ത്രങ്ങളും കൊടുക്കുന്നതിനും ഏർപ്പാടു ചെയ്തു. അടുത്ത ദിവസം പ്രഭാതത്തിൽ സമരിയാക്കാരൻ, കള്ളന്മാർ ഉപദ്രവിച്ച ആ സാധുവിനോടു യാത്ര പറഞ്ഞു. അതിനു ശേഷം സത്രം വിചാരിപ്പുകാരനെ വിളിച്ച് കുറേ പണം ഏല്പിച്ചുകൊണ്ടു പറഞ്ഞു.

'എനിക്കു ജറിക്കോയിൽ എത്തുവാൻ തിടുക്കം ഉണ്ട്. ഇവിടെ സുഖമില്ലാതെ കിടക്കുന്ന ആ സാധുവിനു വേണ്ടതെല്ലാം കൊടുത്തേക്കണം. ചെലവിനെപ്പററി നിങ്ങൾ വിചാരിക്കേണ്ട. ഇതുകൊണ്ടു മുഴക്കാഞ്ഞാൽ ഞാൻ തിരിച്ചുവരുമ്പോൾ കൂടുതൽ പണം തന്നുകൊള്ളാം.'

'കള്ളന്മാരുടെ ഉപദ്രവം ഏററ് ആ മനുഷ്യൻകിടന്ന വഴിയെ മൂന്നുപേർ കടന്നുപോയല്ലോ. ഇവരിൽ ആരാണു നല്ല അയൽക്കാരനെപ്പോലെ വർത്തിച്ചതു'' എന്നു യേശു ആ പണ്ഡിതനോടു ചോദിച്ചു.

'പീഡിതനോടു കരുണ പ്രദർശിപ്പിച്ച സമരിയാക്കാരൻ തന്നെ ആണു നല്ല അയൽക്കാരൻ.'

ഇതുകേട്ട് യേശു പറഞ്ഞു:—

'ആ സമരിയാക്കാരനെപ്പോലെ വർത്തിക്കുക; നിന്നെപ്പോലെ നിൻെറ അയൽക്കാരെയും സ്നേഹിക്കുക.'

---

പാഠം ൨൭

# പഞ്ചവത്സരപദ്ധതികൾ

പ്രവൃത്തികളുടെ വിജയത്തിന് സൂക്ഷ്മമായ ചിന്തനം ആവശ്യമാണ്. അങ്ങനെ ചിന്തിക്കേണ്ടതു് പ്രവർത്തിക്കുന്നതിന് മുൻപായിരിക്കണം. നമ്മുടെ ചില പ്രവൃത്തികൾ നിമിഷം കൊണ്ടു് ചിന്തിച്ചു തീരുമാനിക്കാനുള്ളവയായിരിക്കും. എന്നാൽ മററു ചില കാര്യങ്ങൾ സാവധാനമായി ആലോചിച്ചുശേഷം തീരുമാനിക്കേണ്ടവയാണ്. റോഡിൽക്കൂടി സഞ്ചരിക്കുമ്പോൾ നമ്മുടെ എതിരെ ഒരു കാറോ സൈക്കിളോ പാഞ്ഞു വരികയാണെന്നു വിചാരിക്കുക. അവ വന്നു പററു കയറാതെ നമുക്ക് പെട്ടെന്നു ഒഴിഞ്ഞു മാറേണ്ടിവരുന്നു. ഇങ്ങനെ ഒഴിഞ്ഞു മാറുന്നതിനിടയ്ക്കു് നമുക്കു ചിന്തിക്കുവാൻ കിട്ടുന്ന സമയം വളരെ ചെറുതാണ്. കടിക്കാൻ വരുന്ന പട്ടിയിൽനിന്നും, വെട്ടാൻ വരുന്ന പോത്തിൽനിന്നും രക്ഷപ്രാപിക്കുന്നതിനു മുൻപ് ചിന്തിക്കുവാൻ നമുക്ക് എത്ര സമയം കിട്ടും? നിമിഷം കൊണ്ടു് ചിന്തിച്ചു തീരുമാനിച്ചു പ്രവർത്തിക്കുവാനുള്ള കാര്യങ്ങളുണ്ടവ.

ആലോചിച്ചുശേഷം തീരുമാനിക്കേണ്ട കാര്യങ്ങളും അനവധിയുണ്ട്. വേണ്ടപോലെ ചിന്തിച്ച് ഒരു പദ്ധ

പാടി തയ്യാറാക്കി അതനുസരിച്ചു് പ്രവൎത്തിച്ചാൽ ആ കാൎയ്യത്തിൽ വിജയം സിദ്ധിക്കും. ദൃഷ്ടാന്തമായി ഒരു ഭവനം നിൎമ്മിക്കണമെന്നു സങ്കല്പിക്കുക. പണി ആരംഭിക്കുന്നതിനു മുൻപുതന്നെ കെട്ടിടത്തിൻെറ സ്ഥാനം, വലിപ്പം, വേണ്ടിവരുന്ന ചെലവു് മുതലായവയെപ്പററി സൂക്ഷ്മമായി ചിന്തിക്കണം. പിന്നീടു് കെട്ടിടത്തിൻെറ ഒരു പ്ലാൻ തയ്യാറാക്കി അതിനു് എത്രമാത്രം കല്ലു്, സിമൻറു്, തടി, മണൽ മുതലായവ വേണ്ടിവരുമെന്നു് കണക്കാക്കണം. ജോലി എപ്പോൾ ആരംഭിക്കണമെന്നും എത്രകാലം കൊണ്ടു് അതു് അവസാനിപ്പിക്കാമെന്നും തീരുമാനിക്കണം. ഈ തീരുമാനം അനുസരിച്ചു് ഒരു പരിപാടി തയ്യാറാക്കി അതനുസരിച്ചു പണി തുടൎന്നാൽ നഷ്ടം കൂടാതെയും കടം കൊള്ളാതെയും യഥാസമയത്തു് പണി പൂൎത്തിയാക്കാൻ സാധിക്കും.

കെട്ടിടം പണിയിച്ചു് കടക്കാരായിത്തീൎന്നിട്ടുള്ളവരെപ്പററി നിങ്ങൾ കേട്ടിരിക്കും. ആവശ്യമുള്ള സാമാനങ്ങൾ വേണ്ടിടത്തോളം വാങ്ങി ശേഖരിക്കാത്തതിനാൽ വളരെക്കാലമായി പണിതീരാതെ കിടക്കുന്ന കെട്ടിടങ്ങളും നിങ്ങൾ കണ്ടിരിക്കാം. ഈ നഷ്ടത്തിനും കടത്തിനും കാരണം പണി തുടങ്ങുന്നതിനു മുൻപു് ഒരു പ്രവൎത്തനപരിപാടി ആസൂത്രണം ചെയ്യാത്തതാകുന്നു.

കെട്ടിടം പണിയുക ഒരു കുടുംബത്തെ സംബന്ധിക്കുന്ന വലിയ കാൎയ്യമാണു്. ഒരു രാഷ്ട്രത്തേയോ സംസ്ഥാനത്തെയോ സംബന്ധിച്ചിടത്തോളം ഇതിലും വളരെ വലിയ കാൎയ്യങ്ങൾ നടത്തേണ്ടിയിരിക്കുന്നു. അവ നടപ്പിൽ വരുത്തുന്നതിനു് പ്രത്യേക പരിപാടികൾ ആവശ്യമാണു്. പരിപാടികൾ തയ്യാറാക്കുന്നതിനു മുൻപു് അവയെപ്പററി വിശദ

മായി ചിന്തിച്ചു് ഗുണദോഷങ്ങൾ മനസ്സിലാക്കണം. വിദഗ്ദ്ധക്കമ്മിററികളും, നിയമസഭകളും, നല്ലപോലെ പര്യാലോചിച്ചു് തീരുമാനം ചെയ്തശേഷം ഓരോ കാര്യങ്ങളും പടിപടിയായി നടപ്പിൽ വരുത്തുന്നു. ഒരു രാഷ്ട്രത്തിന്റെ വരവിനങ്ങളും ചെലവും പരിമിതമാണു്. അതിനാൽ വളരെ വലിയ കാര്യങ്ങൾ ഒരാണ്ടത്തെ വരവു ചിലവു കണക്കിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ലാതെ വരാം. അതിനാൽ അഞ്ചോ പത്തോ കൊല്ലം കൂടുന്ന ഒരു നിശ്ചിത കാലയളവിനുള്ളിൽ ചെയ്തുതീർക്കാനുള്ള കാര്യങ്ങൾ ഏതെല്ലാമാണെന്നു നിശ്ചയിക്കുകയും അതിലേയ്ക്കാവശ്യമായ ചെലവു തിട്ടപ്പെടുത്തുകയും ചെയ്യണം. വർഷംതോറും ചെലവാക്കാവുന്ന തുകയുടെ ക്രമം അനുസരിച്ചു് ഒരു പരിപാടി ആസൂത്രണം ചെയ്യുകയും അതനുസരിച്ചു് കാര്യങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്യാം. ഇപ്രകാരം അഞ്ചുവർഷത്തിനുള്ളിൽ രാഷ്ട്രനിർമ്മാണത്തിനുവേണ്ടി ചെയ്തു തീർക്കാൻ തയ്യാറാക്കിയിട്ടുള്ള പരിപാടിയെ പഞ്ചവത്സരപദ്ധതി എന്നു പറയുന്നു. പരിപാടി അനുസരിച്ചു് ചെയ്തു തീർക്കേണ്ട കാര്യങ്ങളെ പദ്ധതി എന്നു പറയുന്നു. സ്വതന്ത്രഭാരതത്തിൽ മേൽ വിവരിച്ചപ്രകാരം ഒരു പഞ്ചവത്സരപദ്ധതി ഉണ്ടായിട്ടുണ്ടു്. അതു് 1951 മുതൽ 1956 വരെയുള്ള വർഷങ്ങളിലേയ്ക്കായിരുന്നു. അതിൽ ഉൾക്കൊണ്ടിട്ടുള്ള പല വലിയ പദ്ധതികളും നടപ്പിലായിക്കഴിഞ്ഞിരിക്കുന്നു. രണ്ടാമത്തെ പഞ്ചവത്സര പദ്ധതിയും പൂർണ്ണരൂപം പ്രാപിക്കുകയാണു്.

ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുകയാണു് പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം. കൃഷി, വ്യവസായം, വിദ്യാഭ്യാസം മുതലായവയുടെ പുരോഗതിയിലാണു് അതിന്റെ വിജയം സ്ഥിതിചെയ്യുന്നതു്. ഭാരതം ഒരു കർഷകരാജ്യമാണു്. കർ

കന്റെ ക്ഷേമത്തിലാണ് ഭാരതത്തിന്റെ ഭാവി സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് ഒന്നാം പഞ്ചവത്സര പദ്ധതിയിൽ കൃഷിയുടെ അഭിവൃദ്ധിയ്ക്കു് വളരെ പ്രാധാന്യം നല്കിയിരുന്നു. ജലസേചന പദ്ധതികൾ നിർമ്മിക്കുക, കൃത്രിമ വളം ഉണ്ടാക്കുക, ആധുനിക യന്ത്രസാമഗ്രികൾ ഉല്പാദിപ്പിക്കുക മുതലായവയ്ക്കു് ഗവമെന്റ വേണ്ട പ്രോത്സാഹനം നല്കി.

സ്വാതന്ത്ര്യലബ്ധിവരെ, വയറുനിറയെ കഴിക്കുവാനുള്ള ആഹാരസാധനം പോലും നമ്മുടെ നാട്ടിൽ ഉല്പാദിപ്പിച്ചിരുന്നില്ല. അന്നു നാം ആഹാരത്തിന് അന്യരാജ്യങ്ങളെ ആശ്രയിച്ചിരുന്നു. ഇന്നാകട്ടെ, നമുക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ നമ്മുടെ നാട്ടിൽതന്നെ ഉണ്ടാക്കുന്നു. ഭാരതം ഇന്ന് ഭക്ഷണകാര്യത്തിൽ സ്വയംപര്യാപ്തത നേടിക്കഴിഞ്ഞിരിക്കുന്നു. അനതിദൂരഭാവിയിൽ നമുക്ക് ഭക്ഷ്യധാന്യങ്ങൾ വിദേശങ്ങളിലേക്ക് കയററി അയയ്ക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. ഇതെല്ലാം ഒരു പരിപാടി അനുസരിച്ചുള്ള പ്രവൃത്തികൊണ്ടുണ്ടായ ഗുണങ്ങളാണ്.

വ്യവസായാഭിവൃദ്ധിക്കും പ്രഥമ പഞ്ചവത്സര പദ്ധതിയിൽ പ്രാധാന്യം നല്കിയിരുന്നു. വ്യവസായാഭിവൃദ്ധിയ്ക്കു് വിദ്യുച്ഛക്തി അനുപേക്ഷണീയമാണല്ലോ. ജലസേചനത്തിനുള്ള അണക്കെട്ടുകളോടുകൂടിത്തന്നെ വിദ്യുച്ഛക്തി ഉല്പാദനത്തിനും വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. പഞ്ചവത്സര പദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഭാരതം വ്യാവസായികമായും വളരെ പുരോഗതിപ്രാപിക്കും. ഗ്രാമീണർക്കും, വൈദ്യുതിദീപങ്ങൾ, റേഡിയോ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ലഭിക്കുകയും ചെയ്യും.

വിദ്യാഭ്യാസം സാർവ്വത്രികമാക്കുകയാണ് പഞ്ചവത്സര പദ്ധതിയുടെ മറെറാരു ലക്ഷ്യം. ഈ പദ്ധതി ആരംഭിച്ച

ശേഷം ഇൻഡ്യയുടെ വിവിധഭാഗങ്ങളിലായി നിരവധി വിദ്യാലയങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. ബാലന്മാരുടെ മാത്രമല്ല, വയോജനങ്ങളുടെ വിദ്യാഭ്യാസത്തിനും വേണ്ട വ്യവസ്ഥകൾ ഒന്നാം പഞ്ചവത്സര പദ്ധതിയിൽ ചെയ്തിരിക്കുന്നു. അതിലേയ്ക്കു് അനവധി വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ടു്.

ഇതുപോലെ റോഡുകളും റയിൽവേകളും നൂതനമായി നിൎമ്മിച്ചു് ഗതാഗത സൗകര്യം വൎദ്ധിപ്പിക്കുക, പഞ്ചായത്തുകൾ സ്ഥാപിച്ചു് ഗ്രാമങ്ങൾ ഉദ്ധരിക്കുക, സകലൎക്കും നിഷ്പ്രയാസം വൈദ്യസഹായം ലഭിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ നല്കുക, മുതലായവയും പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊണ്ടിട്ടുള്ളവയാണു്. ഈ പഞ്ചവത്സര പദ്ധതി അനുസരിച്ചുള്ള പ്രവൎത്തനം പൂൎത്തിയാകുമ്പോൾ ഭാരതത്തിനു് ഒരു നവോത്ഥാനം തന്നെ ഉണ്ടാകുന്നതാണു്.

ഇൻഡ്യയുടെ പ്രഥമ പഞ്ചവത്സരപദ്ധതി അനുസരിച്ചുള്ള പ്രവൎത്തനങ്ങൾ 1956–57-ൽ അവസാനിക്കുന്നതാണു്. അതു കഴിഞ്ഞാൽ രണ്ടാം പഞ്ചവത്സര പദ്ധതി ആരംഭിക്കുകയായി. അതിൽ വ്യവസായ പുരോഗതിക്കാണു് പ്രധാന സ്ഥാനം നല്കിയിട്ടുള്ളതു്. ആ പദ്ധതികൂടി നടപ്പിൽ വരുമ്പോൾ ഭാരതം വ്യാവസായികമായി വളരെ പുരോഗമിക്കുമെന്നും, അതിന്റെ സാമ്പത്തികസ്ഥിതി വളരെ അഭിവൃദ്ധമാകുമെന്നും നമുക്കു് പ്രതീക്ഷിക്കാം. അതിനു സകലരുടേയും സഹകരണം ആവശ്യമാണു്. ജനങ്ങൾ ഒരുമയോടുകൂടി ആത്മാൎത്ഥമായി പ്രയത്നിച്ചാൽ വിജയം നിശ്ചയം തന്നെ. നമ്മുടെ രാജ്യം അങ്ങനെ പുരോഗതിയെ പ്രാപിക്കുകയും ചെയ്യും.

പാഠം ൨൨

# കേരളഗാനം

ജയ ജയ കോമള കേരളധരണീ
ജയ ജയ മാമക പൂജിത ജനനീ
ജയ ജയ പാവന ഭാരതഹരിണീ
ജയ ജയ ധർമ്മസമന്വയരമണീ
ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരള ധരണീ.
ചേര പുരാതന പാവന ചരിതേ
ആര്യകുലാൽക്കട ഭാസ്സ്വ നിരതേ,
ദ്രാവിഡപരിവൃഢ വനിതേ! മഹിതേ!
ദ്രാവിഡ സംസ്കൃത വംശോജ്ജ്വലിതേ!
ഭാരതരണഭുവി വീരജനാനാം
ഭോജനഭാന സമുൽസുക ചരിതേ!
ജയ ജയ കോമള കേരള ധരണീ
ജയ ജയ മാമക പൂജിത ജനനീ.

•   *   *   •

പശ്ചിമ ജലധിതരംഗാവലിതൻ
ഉൽസ്രുതശീതള ശീകരസേവ്യം;
വിസ്തൃത ഭുവന കലാനിലയോപരി
നിസ്തുല മരുളിന മോഹന കാവ്യം
കുന്ദലതാ പരിസേവിത നിലയം
സുന്ദര കേതക ഭൂഷിതവലയം
ചമ്പക കുവലയ കുവളനിവഹം
ജൃംഭിതസുരഭിലമെന്നുടെ രാജ്യം.

ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരളധരണീ!

*  *  *  *

മാധവമാസം ഞങ്ങൾക്കെന്നും
വാസന്തശ്രീയന്നദിനമിവിടെ
മോഹന ഖഗഗണകൂജന രാജിത
മോഹദവാടികയെന്നുടെ രാജ്യം
ജാതിമതാന്ധ്യമതാന്തമെത്തിക്കും
ബോധവിഭാവിതമെന്നുടെ രാജ്യം
സർവ്വസ്വാതന്ത്ര്യ സമസ്ഥിതിദായക
സാർവ്വജനീന കലിനയുവതാം
നിത്യവുമെങ്ങു കതിച്ചുയരുന്നിതു
നിർഭയമതുതാൻ മാമകരാജ്യം!
ജയ ജയ കോമള കേരളധരണീ
ജയ ജയ മാമക പൂജിത ജനനീ.

*  *  *  *

പാലൊളിതൂകും പൂങ്കുകിൽ ചാർത്തും
ലോലകളം വിലസും മലയാളത്തിൽ,
പുത്തനിലഞ്ഞിപ്പൂമണമുതിരും
സ്നിഗ്ദ്ധാകളം മരുവും മലയാളത്തിൽ,
ചന്ദനമണിയും ചാരുകിശോരകർ
ബന്ധുരമാകും മലയാളത്തിൽ,
തുഞ്ചശ്ശുകികളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ,
മാമകമോഹം മാമക ഗേഹം
മാമകനാകം മാമകവിലയം!

നിഖിലചരാചര പൂരിതരമ്യേ
സകല ജനാന്വയ ഭൂഷിതധന്യേ
ജയ ജയ കോമള കേരളധരണി
ജയ ജയ മാമക പൂജിത ജനനി
ജയ ജയ ജയ ജയ ജയ ജയ ജനനി
ജനനി മാമക കേരള ധരണി!

[ബോധേശ്വരൻ

---

പാഠം ൨൩

# ഒരു മഹാത്യാഗി

(ഒന്നാംഭാഗം)

ശാന്തസമുദ്രത്തിന്റെ ഉത്തരഭാഗത്തു് "ഹാവായി ദ്വീപങ്ങൾ" എന്ന പേരുള്ള ഒരു ദ്വീപസമൂഹം ഉണ്ടു്. ഇവയെല്ലാം അഗ്നിപർവ്വതങ്ങളുടെ ക്ഷോഭംമൂലം ഉണ്ടായിട്ടുള്ളവയാണു്. ഇവയിൽ ഏററവും വലുതും തെക്കേ അററത്തു കിടക്കുന്നതും ആയ ഹാവായി ദ്വീപിൽ മാത്രം ഇന്നും അണയാത്ത അഗ്നിപർവ്വതം ഉണ്ടു്.

ഹാവായി ദ്വീപിലെപ്പോലെ പ്രകൃതിസൌന്ദര്യം നിറഞ്ഞ ഭൂഭാഗങ്ങൾ വളരെ ചുരുക്കമാണു്. എവിടെയും സസ്യങ്ങൾ തഴച്ചു വളരുന്നതുകൊണ്ടു് ദ്വീപു മുഴുവൻ പച്ച നീരാളംകൊണ്ടു മൂടിയതുപോലെ ശോഭിക്കുന്നു. നിർമ്മലജലം നിറഞ്ഞ അനവധി അരുവികൾ പച്ചവിരിച്ച പർവ്വതസാനുക്കളിൽക്കൂടി ചിലപ്പോൾ കുതിച്ചുചാടിയും, ചില

പ്പോൾ കണ്ണഞ്ചിയോടിയും ഇന്ദ്രനീലമായ സമുദ്രത്തിൽചെന്നു ലയിക്കുന്നു. സമുദ്രത്തിന്റെ ഭംഗി ഒന്നു വേറെതന്നെയാണ്. ഇന്ദ്രനീലംപോലെ തിളങ്ങുന്ന വെള്ളത്തിനടിയിൽ നിരന്നു നില്ക്കുന്ന വെൺപവിഴപ്പുറ്റുകളും, അവയുടെ ഇടയിൽ കൂടി നീന്തിക്കളിക്കുന്ന നാനാവർണ്ണത്തിലുള്ള മത്സ്യങ്ങളും കൺകുളിർപ്പിക്കുന്ന കാഴ്ചകളാണ്. കടുംമഞ്ഞ, കടുംചുവപ്പ്, മഞ്ഞയും ചുവപ്പുംകൂടി ചേർന്നതു്, കടുംനീലം, മഴവില്ലുപോലെ നാനാവർണ്ണങ്ങൾ ഇടകലർന്നതു്, ഇങ്ങനെ ഉജ്ജ്വലങ്ങളായ പലേ നിറത്തിലുള്ള മത്സ്യങ്ങളാണ് അവിടെ വിഹരിക്കുന്നതു്.

തെങ്ങിൻതോപ്പുകൾ കടലോരംമുതൽ ഉള്ളിലേയ്ക്കു വ്യാപിച്ചുകിടക്കുന്നു. ഉദ്യാനങ്ങൾ പലേ നിറത്തിലും തരത്തിലുമുള്ള പുഷ്പങ്ങൾകൊണ്ടു നിബിഡമാണ്. അടുത്തുതന്നെ തടിച്ച വള്ളികൾകൊണ്ടു വനമാല ചാർത്തുന്ന വന്മരങ്ങൾ നിറഞ്ഞ കൊടുംകാടുകളും കാണാം. അവയുടെ ഉള്ളിൽ നട്ടുച്ചയ്ക്കും ഇരുട്ടാണ്. എപ്പോഴും ഭയം ജനിപ്പിക്കത്തക്ക നിശ്ശബ്ദതയുമാണ്.

ഹാവായിലെ ഭൂപ്രകൃതിപോലെതന്നെ അവിടത്തെ മനുഷ്യപ്രകൃതിയും ആകർഷകമാണ്. ശാന്തശീലരും പ്രസന്നചിത്തരുമാണ് അവിടത്തെ നാട്ടുകാർ. വിദേശീയരായ അതിഥികളെ സല്ക്കരിച്ചു സന്തോഷിപ്പിക്കുന്നതിനും അവരോടു ഭേദബുദ്ധിയില്ലാതെ പെരുമാറുന്നതിനും അവർ എപ്പോഴും തയ്യാറാണ്.

അവരുടെ ഈ സ്നേഹവും, മര്യാദയും, വിദേശീയരുമായി ഇടപെടുന്നതിനുള്ള സന്നദ്ധതയും കാലാന്തരത്തിൽ അവർക്കുതന്നെ വിനയായിത്തീർന്നു. വളരെ വേഗം വിദേശീ

യർ അവരുടെ അധിപന്മാരായി. അതിനെത്തുടർന്നുണ്ടാകുന്ന അസ്വാതന്ത്ര്യങ്ങളും കഷ്ടതകളും അവർക്ക് അനുഭവിക്കേണ്ടിവന്നു. പക്ഷേ ഇതിനെ ഒക്കെക്കാൾ അവരുടെ ജീവിതം ദുഃഖപൂർണ്ണമാക്കിയതു് മറെറാന്നാണു്. അവിടെ എത്തിയ അന്യദേശക്കാരിൽ ആരോ ഒരാൾ മഹാരോഗങ്ങളിൽവച്ചു് ഏററവും ഭയങ്കരമായ കുഷ്ഠത്തിന്റെ വിഷബീജം അവരുടെ ഇടയിൽ പാകി.

ഒരുമിച്ചു കഴിഞ്ഞുകൂടുന്നതിൽ താൽപ്പര്യമെന്നല്ല നിർബ്ബന്ധംതന്നെ ഉള്ളവരാണു് അവർ. രോഗികളും അരോഗികളും ഒരേ പാത്രത്തിൽനിന്നു ഭക്ഷണം കഴിക്കും. ഒരേ പായിൽ കിടക്കും. ഒരേ പൈപ്പിൽനിന്നു പുകവലിക്കും. അങ്ങനെ ജീവിക്കുന്നവരുടെ ഇടയിൽ ആ മഹാരോഗം പടർന്നുപിടിച്ചതിൽ എന്താണത്ഭുതം? സദാ സന്തോഷഭരിതമായിരുന്ന എത്രയോ ഗൃഹങ്ങൾ ദുഃഖപൂരിതമായി!

ഈ രോഗത്തിന്റെ അതിവേഗത്തിലുള്ള പകർച്ച വലിയ ആപത്തായിത്തീർന്നു. കുഷ്ഠരോഗികളെ ഒററതിരിച്ചു "മൊളോക്കായി" എന്ന മറെറാരു ദ്വീപിൽ കൊണ്ടുപോയി താമസിപ്പിക്കണമെന്നു് 1865-ൽ അവിടത്തെ ഗവൺമെന്റ് ഒരു നിയമം നിർമ്മിച്ചു. എന്നാൽ അതു നടപ്പിൽ വരുത്തുക അത്ര എളുപ്പമായിരുന്നില്ല. ഓരോ രോഗിയുടേയും ബന്ധുക്കൾ അതിനെ കഴിവുള്ളവണ്ണം തടസ്സപ്പെടുത്തി. സ്നേഹം നിറഞ്ഞ അവരുടെ ഹൃദയത്തിനു് പ്രിയജനങ്ങളെ വിട്ടുപിരിയാൻ ശക്തി ഇല്ലായിരുന്നു. അവർ രോഗികളെ വിട്ടുകൊടുത്തില്ല. വീട്ടിലും, ചിലപ്പോൾ കാട്ടിലും അവരെ ഒളിച്ചുവച്ചു. തന്നിമിത്തം അവരുടെ ഇടയിൽ രോഗം കൂടുതൽ പടർന്നുപിടിച്ചു.

കുറേക്കഴിഞ്ഞു് ഈ സ്ഥിതിക്കു മാററം വന്നു. രോഗികളെ പ്രത്യേകസ്ഥലത്തു മാററി താമസിപ്പിക്കണം എന്ന നിയമം ഗവണ്മെൻറ് ഊർജ്ജിതമായി നടപ്പിൽ വരുത്താൻ തുടങ്ങി.

അത്യന്തം നികൃഷ്ടവും ദുരിതപൂർണ്ണവുമായ ഒരു ജീവിതമാണു് മൊളോക്കൊയിലേയ്ക്കു മാററിയ കുഷ്ഠരോഗികൾ നയിച്ചതു്. ജീവിതത്തിൽ ആഗ്രഹിക്കാൻ യാതൊന്നുമില്ലെന്നു് അവർ കരുതി. സമുദായം അവരെ പുറംതള്ളി. പ്രിയപ്പെട്ട ബന്ധുജനങ്ങളിൽനിന്നു് അവർ എന്നെന്നേയ്ക്കുമായി വേർപെട്ടു. ഒരിക്കലും മാറാത്ത ഭയങ്കരരോഗം അവരെ നിമിഷംതോറും ദ്രവിപ്പിച്ചു നശിപ്പിച്ചുകൊണ്ടിരുന്നു. ജീവിതത്തിൽ വിലയുള്ളതായി അവർക്കു് ഇനി എന്തുണ്ടു്? അവർ എങ്ങനെ ജീവിച്ചാലെന്തു്?

ജീവിതത്തിലുള്ള സകല നിയന്ത്രണങ്ങളും അവർ ദൂരത്തെറിഞ്ഞു. അവിടെയുള്ള ഒരു തരം ചാരായം അവർ വാററി എടുത്തു. അതു് എപ്പോഴും കുടിച്ചു് ലക്കുകെട്ടു്, കൂട്ടംകൂടി ആടിയും പാടിയും ചീട്ടുകളിച്ചും അവർ ദിവസങ്ങൾ പുറകോട്ടുതള്ളി. ശേഷിച്ച ജീവിതകാലം അവരുടെ ദുരിതത്തെപ്പററിയും വേദനയെപ്പററിയും ഉള്ള ഓർമ്മ കൂടാതെ എങ്ങനെ എങ്കിലും കഴിച്ചുകൂട്ടണം എന്നു് ഒരു മോഹമേ അവർക്കുണ്ടായിരുന്നുള്ളു.

പുല്ലുകൾകൊണ്ടു മേഞ്ഞ ചെററക്കുടിലുകളിലാണു് അവർ താമസിച്ചതു്. ഓരോന്നിലും വളരെപ്പേർ തിങ്ങിക്കൂടി വസിച്ചു. വസ്ത്രങ്ങൾ വളരെ ചുരുക്കമായിരുന്നതുകൊണ്ടും, അടുത്തെങ്ങും വെള്ളമില്ലാതിരുന്നതുകൊണ്ടും വൃത്തികെട്ടു് ദുസ്സഹമായ ദുർഗ്ഗന്ധം വമിക്കുന്ന വസ്ത്രങ്ങളാണു് അവർ ധരിച്ചിരുന്നതു്. അവരുടെ വ്രണങ്ങളും കഴുകി

ശുദ്ധി ആക്കുന്നതിനോ, വേണ്ടവണ്ണം ശരീരം രക്ഷിച്ചു രോഗത്തിന്റെ വളർച്ചയെ തടയുന്നതിനോ ആരും ശ്രമിച്ചില്ല. ഇതിന്റെ ഒക്കെ ഫലമായി ദിവസംതോറും അനേകം പേർ മരിച്ചു. ശരിയായ വിധത്തിൽ ശവസംസ്കാരം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഇല്ലാതിരുന്നതുകൊണ്ട്, മരിച്ചവരെ അന്ത്യകർമ്മങ്ങളൊന്നും കൂടാതെ അവിടവിടെ കുഴിച്ചുമൂടുക മാത്രമേ ഉണ്ടായുള്ളു. ചുരുക്കിപ്പറഞ്ഞാൽ ഭൂമിയിലെ നരകംതന്നെയായിരുന്നു മൊളോക്കായിലെ കുഷ്ഠരോഗികളുടെ സങ്കേതം.

1820-ാം മാണ്ടിടയ്ക്കു ചില അമേരിക്കൻ പാതിരിമാർ ഹവായിയിൽ പ്രവേശിച്ചു ക്രിസ്തുമതം പ്രചരിപ്പിച്ചു. പള്ളികളും മററും സ്ഥാപിച്ചു മതകാര്യങ്ങളിൽ വേണ്ട ബോധനവും പരിശീലനവും നല്കാൻ ആദ്യമായി പരിശ്രമിച്ചതു് ഏകദേശം അഞ്ചു കൊല്ലത്തിനുശേഷം അവിടെ വന്നുചേർന്ന ഏതാനും ബെൽജിയം മിഷനറിമാരാണ്. ക്രമേണ കൂടുതൽ കൂടുതൽ മിഷണറിമാർ വന്നെത്തി. ദ്വീപിന്റെ പല ഭാഗങ്ങളിലായി അവർ പ്രവർത്തനം ആരംഭിച്ചു.

മൊളോക്കായിലെ കുഷ്ഠരോഗികളുടെ കഷ്ടത നിറഞ്ഞ ജീവിതത്തെപ്പററിയുള്ള വർത്തമാനങ്ങൾ ഹവായിൽ എത്താതിരുന്നില്ല. എങ്കിലും അവിടെപ്പോയി അവരുടെ ഇടയിൽ താമസിച്ച് അവർക്കുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള ധൈര്യം ആർക്കും ഉണ്ടായില്ല.

മിഷണറിമാരുടെ ഈ ഭീരുത്വവും ഉദാസീനതയും അവിടത്തെ മെത്രാനെ വേദനിപ്പിച്ചു. ഒരു ദിവസം അദ്ദേഹം മിഷണറിമാരുടെ ഒരു യോഗത്തിൽ പ്രസംഗിക്കവേ മൊളോക്കായിലെ കുഷ്ഠരോഗികളുടെ ദയനീയ

സ്ഥിതിയെപ്പററി വിവരിക്കുകയുണ്ടായി. പ്രസംഗം അവസാനിച്ച നിമിഷത്തിൽ ഒരു മിഷണറി എഴുന്നേററുനിന്നു. ഒരു ദീർഘകായൻ, സുന്ദരൻ; സാധാരണയിൽ കവിഞ്ഞ പുഷ്ടിയും ശക്തിയും ഉള്ള ശരീരം, വിനയവും മാധുര്യ്യവും ഈശ്വരഭക്തിയും തെളിഞ്ഞുവിളങ്ങുന്ന മുഖം. ഏകദേശം മുപ്പത്തിമൂന്നു വയസ്സു പ്രായം. ആരും നോക്കിനിന്നുപോകുന്ന ഒരു രൂപമായിരുന്നു അതു്. "ഡാമിയൻ" എന്നായിരുന്നു അദ്ദേഹത്തിന്റെ പേരു്. കുറേ സംവത്സരങ്ങളായി അദ്ദേഹം ഹാവായിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയായിരുന്നു.

അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"പൂജ്യപാദരേ, ആരെയെങ്കിലും എന്റെ ജോലിസ്ഥലം ഏല്പിക്കുക. ഞാൻ മൊളോക്കായിൽ പോകാം. നിരാശ്രയരായ കുഷ്ഠരോഗികൾക്കുവേണ്ടി കഴിവുള്ളതു പ്രയത്നിക്കാം. അവരുടെ കഷ്ടതകൾ ഓർത്തു ഞാൻ പലപ്പോഴും ദുഃഖിച്ചിട്ടുണ്ടു്."

വൻകടൽ നടുവിൽ എങ്ങോകിടക്കുന്ന ഒരു ദ്വീപിൽ ആരും അറിയാത്ത ഒരു മിഷണറി വിനയപൂർവ്വം ചെയ്ത ആ ശപഥം പിൽക്കാലത്തു ലോകത്തിനുമുഴുവൻ രോമാഞ്ചം ഉണ്ടാക്കിയ ഒരു മഹാത്യാഗത്തിന്റെ നാന്ദിയായിരുന്നു.

(രണ്ടാം ഭാഗം)

ബെൽജിയം രാജ്യത്തിൽ ട്രെമലു എന്ന ഗ്രാമത്തിൽ ഒരു കുടുംബത്തിൽ മൂന്നു സന്താനങ്ങൾ ജനിച്ചു. ആദ്യത്തേതു് ഒരു പെൺകുട്ടിയും, രണ്ടാമത്തേതും മൂന്നാമത്തേതും ആൺകുട്ടികളും ആയിരുന്നു. മൂന്നാമത്തെ കുട്ടി ജനിച്ചതു് 1804-ൽ ആണു്. നിർദ്ധനരായ മാതാപിതാക്കന്മാർ

ആദ്യത്തെ രണ്ടു കുട്ടികളേയും സന്യാസത്തിനു നേർന്നു. എന്നാൽ മൂന്നാമനായ ജോസഫ് വല്ല തൊഴിലിലും ഏർപ്പെട്ടു കുടുംബം സംരക്ഷിക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. മനുഷ്യൻ ഒന്നു വിചാരിക്കുന്നു നിയതി മറ്റൊന്നു നിശ്ചയിക്കുന്നു. ജോസഫിന്റെ മനസ്സു ചെറുപ്പം മുതൽ തന്നെ ഈശ്വരഭക്തിയിലേക്കു തിരിഞ്ഞു. പ്രായമാകുന്തോറും ആ ചായ്‌വ് ശക്തിപ്പെട്ടു. ഒടുവിൽ അവന്റെ ആഗ്രഹത്തിന് മാതാപിതാക്കന്മാരും വഴിപ്പെടേണ്ടിവന്നു. അവനും സന്യാസം സ്വീകരിച്ച് ജ്യേഷ്ഠന്റെ കൂടെ മതം പഠിക്കാൻ ആരംഭിച്ചു.

ജ്യേഷ്ഠൻ മതപഠനം പൂർത്തിയാക്കി പുരോഹിതപട്ടം സ്വീകരിച്ചു. 1863-ൽ ഹാവായിദ്വീപിൽ പോയി സേവനം നടത്തുന്നതിനു മതാധികാരികൾ അദ്ദേഹത്തെ നിയോഗിച്ചു. എന്നാൽ യാത്ര തിരിക്കേണ്ട സന്ദർഭത്തിൽ പെട്ടെന്ന് അദ്ദേഹത്തിന് ജ്വരം പിടിപെട്ടു. ജ്യേഷ്ഠന്റെ അനുവാദത്തോടെ ആ കൃത്യം ജോസഫ് കൈയേറ്റ്. പുരോഹിതപട്ടം കിട്ടാത്തവരെ മതപ്രചരണത്തിന് അയയ്ക്കാറില്ലായിരുന്നുവെങ്കിലും ജോസഫിന്റെ മതഭക്തിയും സേവനത്തിലുള്ള ഉത്സാഹവും കണ്ടു സന്തോഷിച്ച് മതാധികാരികൾ അയാളെ ഹാവായി ദ്വീപിലേയ്ക്കു പൊയ്ക്കൊള്ളുവാൻ അനുവദിച്ചു. അങ്ങനെ ഇരുപത്തിനാലമത്തെ വയസ്സിൽ ഒരു മതപ്രവർത്തകനായി ജോസഫ് ഹാവായിലെത്തി. അവിടെവച്ച് അവിടത്തെ മെത്രാനിൽനിന്നു പുരോഹിതപട്ടം ഏറ്റു; ഡാമിയൻ എന്ന സന്യാസനാമവും സ്വീകരിച്ചു.

ഒൻപതു സംവത്സരം ഡാമിയൻ ഹാവായിൽ സേവനം നടത്തി. തന്റെ ശിഷ്യന്മാർക്കുവേണ്ടി എന്തു

ക്ലേശങ്ങളും സഹിക്കുന്നതിനുള്ള മനസ്സും കരുത്തും അദ്ദേഹത്തിനുണ്ടായിരുന്നു. വളരെ വേഗം അദ്ദേഹം അവരുടെ ആരാധനയ്ക്കും മതാധികാരികളുടെ അഭിനന്ദനത്തിനും പാത്രമായി.

ഡാമിയൻ ഹാവായിൽ എത്തുമ്പോൾ അവിടെ കുഷ്ഠരോഗികൾ ഉണ്ടെന്നു് അറിഞ്ഞിരുന്നു. പക്ഷേ ആ രോഗത്തെപ്പററിയോ രോഗികളെപ്പററിയോ അക്കാലത്തു് അദ്ദേഹം വളരെ ചിന്തിച്ചില്ല. എന്നാൽ മൊളോക്കായിലേയ്ക്കു് അവരെ മാററിത്താമസിപ്പിക്കാൻ ശ്രമിച്ചതോടുകൂടി അവരുടെ കാര്യത്തിൽ അദ്ദേഹം കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. ദയനീയമായ അസംഖ്യം വേർപാടുകൾക്കു് അദ്ദേഹം സാക്ഷി നില്ക്കേണ്ടിവന്നു. ക്രമേണ അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിസ്സഹായരായി മൊളോക്കായിൽ ദുരിതം അനുഭവിക്കുന്ന രോഗികൾ സ്ഥലം പിടിക്കുവാൻ തുടങ്ങി. അവരെപ്പററിയുള്ള ചിന്ത അദ്ദേഹത്തെ കൂടുതൽ ശല്യപ്പെടുത്തിത്തുടങ്ങിയ അവസരത്തിലാണു് മെത്രാന്റെ പ്രസംഗം കേൾക്കുന്നതിനു് ഇടയായതു്. അതിനെത്തുടർന്നു ഡാമിയൻ ചെയ്ത നിശ്ചയം നാം അറിഞ്ഞു കഴിഞ്ഞതല്ലോ.

മൊളോക്കായിൽ ഡാമിയൻ ഏകാകിയായി അനുഷ്ഠിച്ച ആ ഉഗ്രവ്രതം ഒരു അത്ഭുതകഥയാണു്. അദ്ദേഹത്തിനു് അവിടെ താമസിക്കാൻ കെട്ടിടം ഇല്ലായിരുന്നു. രോഗികളുടെ കൂടെ ചെററക്കുടിലുകളിലെങ്ങാനും താമസിക്കാം എന്നുവച്ചാൽ ഒന്നിലും സ്ഥലം ഇല്ലായിരുന്നു. മാത്രമല്ല ആ ഭയങ്കരവ്യാധി അദ്ദേഹത്തിനുംകൂടി പെട്ടെന്നു പിടിപെട്ടാൽ അവരെ ശുശ്രൂഷിക്കുന്നതിനും സഹായിക്കുന്നതിനും അദ്ദേഹത്തിനും കഴിവില്ലാതെയാകും. ആ രോഗം

തന്നെയും ബാധിക്കുമെന്നുള്ള കാൎയ്യത്തിൽ ആരംഭം മുതൽ തന്നെ ഡാമിയനു സംശയം ഇല്ലായിരുന്നു. ആ രോഗം വരിച്ചു് അവരിൽ ഒരാളായി ജീവിക്കാൻ ഉറച്ചുകൊണ്ടു തന്നെയാണു് അദ്ദേഹം അവിടെ ചെന്നതു്. എങ്കിലും തനിക്കു രോഗം പിടിപെടുന്ന ദിവസം അവൎക്കുവേണ്ടി കഴിവുള്ളിടത്തോളം മുന്നോട്ടു തള്ളണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അതുകൊണ്ടു് അവരോടുകൂടി താമസിക്കാൻ ഒരുങ്ങിയില്ല. സ്വന്തമായി ഒരു പാർപ്പിടം ഉണ്ടാക്കാൻ സമയവും ഇല്ലായിരുന്നു. ആഴ്ചയിൽ പത്തും പന്ത്രണ്ടും പേർ വീതം മരിച്ചുകൊണ്ടിരുന്നു. ഒരു ഡാക്ടരും അവിടെ ഇല്ലായിരുന്നു. അദ്ദേഹത്തിന്റെ സമയമെല്ലാം രോഗശുശ്രൂഷയിലും ശവസംസ്കാരത്തിലും ചെലവഴിക്കേണ്ടിവന്നു. അതുകൊണ്ടു് ആദ്യകാലങ്ങളിൽ ഒരു മരത്തിന്റെ തണലിലാണു് അദ്ദേഹം താമസിച്ചതു്.

വിശ്രമമില്ലാത്ത ഈ ജോലിത്തിരക്കിനിടയിലും അവരുടെ ജീവിതത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തുന്നതിനുള്ള ഏർപ്പാടുകൾ അദ്ദേഹം ചെയ്തുതുടങ്ങി. ആദ്യമായി വൃത്തിയും വായുസഞ്ചാരവുമുള്ള ഗൃഹങ്ങൾ അവൎക്കു നിൎമ്മിച്ചുകൊടുക്കുന്നതിനാണു് അദ്ദേഹം പരിശ്രമിച്ചതു്. അദ്ദേഹത്തിന്റെ അപേക്ഷ അനുസരിച്ചു് ഗൃഹനിൎമ്മാണത്തിനുള്ള സാമഗ്രികൾ കപ്പലുകളിൽ വന്നുചേൎന്നു. പണം കൈവശം ഉണ്ടായിരുന്ന രോഗികൾ ഗൃഹങ്ങൾ നിൎമ്മിപ്പിച്ചു. ശേഷിച്ചവർക്കു കുഷ്ഠരോഗികളായ ഒരു സംഘം കുട്ടികളുടെ സഹായത്തോടുകൂടി ഡാമിയൻതന്നെ ഗൃഹങ്ങൾ നിർമ്മിച്ചുകൊടുത്തു.

അവിടത്തെ ജലദാരിദ്ര്യം പരിഹരിക്കുന്നതിന്നായിരുന്നു അടുത്ത ശ്രമം. സമീപത്തുള്ള ഒരു പൎവ്വതത്തിന്റെ

ചരിവിൽ ഡാമിയൻ ഒരു വലിയ ജലാശയം കണ്ടെത്തി. ആവശ്യമുള്ള കുഴലുകൾ വരുത്തി ഡാമിയനും രോഗികളും കൂടി ആ ജലാശയത്തിൽനിന്നു കുഴൽവഴി അവർ താമസിക്കുന്ന പ്രദേശത്തേയ്ക്കു ശുദ്ധജലം കൊണ്ടുവന്നു. അങ്ങനെ വെള്ളത്തിന്റെ ക്ഷാമം നിശ്ശേഷം തീർന്നു.

അദ്ദേഹത്തിന്റെ നിരന്തര ശ്രമത്തിന്റെ ഫലമായി അവിടെ ആശുപത്രിയുണ്ടായി. അവിടെത്തന്നെ താമസിച്ചു രോഗികളെ ശുശ്രൂഷിക്കുന്നതിനും ചികിത്സിക്കുന്നതിനും തയ്യാറുള്ള ഡാക്ടരേയും നേഴ്സുകളേയും വരുത്തി. പള്ളികൾ അങ്ങിങ്ങായി ഉയർന്നു. ഇതിൽ ഒന്നിനോടുചേർത്തു് അദ്ദേഹം ഒരു വലിയ ശവക്കോട്ട ഉണ്ടാക്കി. ശവം അതിനകത്തേ മറവുചെയ്യാവൂ എന്നു നിർബ്ബന്ധിച്ചു. ശവം അടക്കുന്നതിനുള്ള ശവപ്പെട്ടികൾ അദ്ദേഹംതന്നെ നിർമ്മിച്ചു. ശവപ്പെട്ടി ഉണ്ടാക്കുക, ശവം അതിനകത്താക്കുക, എടുത്തുകൊണ്ടുപോകുക, കുഴി തോണ്ടുക, മറവുചെയ്യുക അനുസംബന്ധിച്ചുള്ള മതകർമ്മങ്ങൾ ചെയ്യുക ഇതെല്ലാം ഡാമിയൻ തന്നെ നിർവ്വഹിച്ചിട്ടുള്ള അവസരങ്ങൾ അസംഖ്യമാണു്; ആദ്യത്തെ ആറു കൊല്ലത്തിനകം അദ്ദേഹം ആയിരത്തിയഞ്ഞൂറു ശവങ്ങളാണു മറവുചെയ്തതു്!

അദ്ദേഹത്തിന്റെ സകല ശ്രമങ്ങളിലും അവിടത്തെ കുഷ്ഠരോഗികൾ പൂർണ്ണമായി സഹകരിച്ചു. അവർ അദ്ദേഹത്തെ ഒരു ദൈവദൂതനെപ്പോലെ ആരാധിച്ചു. അവരുടെ ഇരുളടഞ്ഞ ജീവിതത്തിൽ അദ്ദേഹമാണു് അല്പം പ്രകാശം കൊണ്ടുവന്നതു്. വൃത്തിയായി ജീവിക്കാനും രോഗശമനത്തിനുവേണ്ടി ശ്രമിക്കാനും ജീവിതം വ്യർത്ഥമെന്നു് എണ്ണാതിരിക്കാനും അദ്ദേഹം അവരെ പഠിപ്പിച്ചു. മഹാരോഗികളും മനുഷ്യത്വം സംരക്ഷിക്കാമെന്നു് അവർ അറിഞ്ഞു.

എന്നാൽ ഒരു ദുശ്ശീലം മാത്രം അവർ കൈവെടിഞ്ഞില്ല, മദ്യപാനം. ചാരായം വാറ്റിയെടുക്കുന്നതു നിയമത്തിനു വിരുദ്ധമായിരുന്നു. അതുകൊണ്ടു് ഡാമിയൻ അതിനെ ശക്തിയായി വിലക്കി. അതു പലൎക്കും തീരെ രസിച്ചില്ല. അദ്ദേഹത്തോടുള്ള കടപ്പാടുകൾ മുഴുവൻ മറന്നു. അവരിൽ പലരും പെട്ടെന്നു് അദ്ദേഹത്തിനു ശത്രുക്കളായി. ആ വിരോധം ദീർഘകാലം നീണ്ടുനിന്നു. അതു നീങ്ങിയതു ഡാമിയനും തങ്ങളെപ്പോലെ കുഷ്ഠരോഗിയായിരിക്കുന്നു എന്നുള്ള വസ്തുത അവർ അറിഞ്ഞപ്പോൾ മാത്രമായിരുന്നു. അപ്പോൾ അവരുടെ സ്നേഹം മുഴുവൻ ആ മഹാത്യാഗിയുടെ നേൎക്കു് ഒഴുകി.

അദ്ദേഹം കുറേക്കാലമായി രോഗം തന്നേയും ബാധിച്ചിട്ടില്ലയോ എന്നു സംശയിക്കുന്നുണ്ടായിരുന്നു. കൂടെക്കൂടെ ഡാക്ടർമാരെക്കൊണ്ടു ശരീരം പരിശോധിപ്പിച്ചും പോന്നു. അവരെല്ലാം അദ്ദേഹത്തെ രോഗം ബാധിച്ചിട്ടില്ല എന്നു് ഉറപ്പു പറഞ്ഞു. ഒരു ദിവസം എന്തോ അസുഖം തോന്നിയതുകൊണ്ടു് അദ്ദേഹം കുറേനേരം ചൂടുവെള്ളത്തിൽ കാലു വച്ചുകൊണ്ടിരുന്നു. അതിനുശേഷം നോക്കിയപ്പോൾ പാദം മുഴുവൻ പൊള്ളിക്കഴിഞ്ഞിരിക്കുന്നതുകണ്ടു. തിളയ്ക്കുന്ന വെള്ളത്തിന്റെ ചൂടുപോലും അറിയുന്നതിനുള്ള ശക്തി പാദങ്ങൾക്കു് ഇല്ലാതെയായിത്തീർന്നിരിക്കുന്നെന്നു തെളിഞ്ഞു. കുഷ്ഠരോഗം തന്നേയും ബാധിച്ചുകഴിഞ്ഞിരിക്കുന്നു എന്നു് അദ്ദേഹം മനസ്സിലാക്കി.

അദ്ദേഹം പരിഭ്രമിച്ചില്ല, ദുഃഖിച്ചില്ല. മാററാൻ പാടില്ലാത്ത ഈശ്വരവിധിക്കു് അദ്ദേഹം സന്തോഷത്തോടെ വഴങ്ങി. കുഷ്ഠരോഗികളെപ്പററി അദ്ദേഹം അതുവരെ "എന്റെ സഹോദരങ്ങൾ" എന്നാണു് പറഞ്ഞുവന്നതു്.

അതിൽപിന്നെ "ഞങ്ങൾ കുഷ്ഠരോഗികൾ" എന്നേ അദ്ദേഹം പറഞ്ഞിട്ടുള്ളൂ.

അദ്ദേഹം ചെയ്തുകൊണ്ടിരുന്ന മഹാത്യാഗത്തിന്റെ കഥ ഇതിനകം നാനാദേശങ്ങളിലും പരന്നു കഴിഞ്ഞിരുന്നു. അദ്ദേഹത്തിനും രോഗം ബാധിച്ച വാർത്ത കഠിനമായ ദുഃഖത്തോടുകൂടിയാണ് ലോകം സ്വീകരിച്ചത്. എന്നാൽ ലോകത്തിന്റെ ബഹുമതിയും അനുതാപവും അദ്ദേഹത്തെ സഹായിച്ചില്ല. അന്യരെ അദ്ദേഹം രക്ഷിച്ചു, സ്വയം രക്ഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

അദ്ദേഹം മറ്റു തന്റെ കൃത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരുന്നു. ജനങ്ങൾക്കു മതബോധം നല്കി ആത്മശുദ്ധി കൈവരുത്തി. അവരുടെ വ്രണങ്ങൾ കഴുകിക്കെട്ടി രോഗംകൊണ്ടു കൈയറ്റുപോയവർക്ക് ഒരമ്മയെപ്പോലെ ആഹാരം വായിൽ ഇട്ടുകൊടുത്തു. ഈ സമയമത്രയും മരണം അദ്ദേഹത്തെ മെല്ലെ മെല്ലെ സമീപിക്കുന്നത് അദ്ദേഹം കാണുന്നുണ്ടായിരുന്നു.

ക്രമേണ രോഗലക്ഷണങ്ങൾ അദ്ദേഹത്തിൽ കൂടുതലായി കണ്ടുതുടങ്ങി. മുഖം വിരൂപമായി. പക്ഷേ അപ്പോഴും മുഖത്തിന് പ്രത്യേകമായ ഒരു ശാന്തിയും ശോഭയും ഉണ്ടായിരുന്നു.

മരണം അടുക്കുന്തോറും അദ്ദേഹം കൂടുതൽ ശാന്തനും പ്രസന്നനുമായി. 1889 ഏപ്രിൽ 15-ാംനു- അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ശാന്തമായി ഉറങ്ങുന്നവനെപ്പോലെ അദ്ദേഹം മരിച്ചു. അവസാനത്തെ നിമിഷങ്ങളിൽ രണ്ടു രൂപങ്ങൾ അദ്ദേഹത്തിന്റെ കാല്ക്കലും, തലയ്ക്കലുമായി നില്ക്കുന്നു എന്ന് അദ്ദേഹത്തിനു തോന്നി. ആരെന്ന് അദ്ദേഹം പറഞ്ഞില്ല.

അങ്ങനെ ലോകം അതിനുമുമ്പു കണ്ടിട്ടില്ലാത്ത ഒരു മഹായജ്ഞം സമാപിച്ചു. ഡാമിയനെപ്പോലെ ക്രിസ്തു ഭഗവാന്റെ കാലടികളെ ഇത്ര ധീരമായി നിഷ്കർഷമായി പിന്തുടർന്നിട്ടുള്ള ഭക്തന്മാർ വളരെ ഇല്ല. ലോകത്തെ അനുഗ്രഹിച്ചിട്ടുള്ള മഹാത്മാക്കളുടെ മുന്നണിയാണു് ആ മഹാത്യാഗിയുടെ സ്ഥാനം.

---

പാഠം ൨൪

# റിപ്‌വാൻ വിങ്കിൾ

വടക്കെ അമേരിക്കയുടെ വടക്കുകിഴക്കെ തീരത്തു ഹഡ്സൺ എന്നു് ഒരു തുറമുഖം ഉണ്ടു്. ഹഡ്സൺ നദി വന്നു വീഴുന്നതു് അതിനടുത്താണു്. അതിനു പടിഞ്ഞാറായി ക്യാററ്സ്കീൽ പർവ്വതത്തിന്റെ ശിഖരം ആകാശത്തിൽ തല ഉയർത്തി നില്ക്കുന്നതു കാണാം. ദൂരെനിന്നുള്ള കാഴ്ചയിൽ ആ പർവ്വതം വലിയ അത്ഭുതം ഉളവാക്കും. പല ആകൃതികളും ഛായകളും അതിൽ തെളിയുന്നതുപോലെ തോന്നും. അതിന്റെ ഗുഹകളിൽ വസിക്കുന്ന ഭൂതങ്ങളുടെയും ദേവതകളുടെയും വിളയാട്ടംകൊണ്ടാണു് ഇങ്ങനെ കാണുന്നതു് എന്നു അവിടത്തുകാർ വിശ്വസിച്ചുപോരുന്നു.

ആ പർവ്വതത്തിന്റെ അടിവാരത്തു ചെറിയ ഒരു ഗ്രാമമുണ്ടു്. അതു വളരെ പഴക്കമുള്ളതാണു്. അമേരിക്കയിൽ ആദ്യം കുടിയേറിയ ഡച്ചുകാർ സ്ഥാപിച്ചതാണു് അതു്. വളരെ വർഷങ്ങൾക്കു മുമ്പു അവിടെ റിപ്‌വാൻ വിങ്കിൾ

എന്നു പേരായ ഒരാൾ താമസിച്ചിരുന്നു. 'വകക്കു കൊള്ളാത്തവൻ' എന്നും 'ശുദ്ധഗതിക്കാരൻ' എന്നും സാധാരണക്കാർ പറയാറുള്ള കൂട്ടത്തിൽ ആയിരുന്നു അയാൾ. വീട്ടുകാര്യം നോക്കുന്നതിലും മററാവശ്യങ്ങൾ നിർവ്വഹിക്കുന്നതിലും വിങ്കിൾ വെറും മടിയൻ ആയിരുന്നു. എന്നാൽ, വേറെ ആർക്കും എന്തും ചെയ്തുകൊടുക്കാൻ അയാൾ എപ്പോഴും ഉത്സാഹം കാണിച്ചു. അതുകൊണ്ടു് വായാടിയായ ഭാര്യയുടെ ശകാരം കണക്കില്ലാതെ അയാൾക്കു ലഭിച്ചു വന്നു എന്നാൽ തിരിച്ചു് ഒരു വാക്കുപോലും പറയാൻ റിപ്‌വാൻ വിങ്കിൾ ഒരിക്കലും മുതിർന്നില്ല. ആ സ്ത്രീ ഭർത്താവിനെ ചൊല്പടിയിൽ നിറുത്തി കരങ്ങാടിച്ചു,

കാശിനുകൊള്ളാത്തവൻ ആണു താൻ എന്നു വിങ്കിളിനും നല്ല വിശ്വാസമായിരുന്നു. അതിനാൽ ഭാര്യയുടെ ശകാരങ്ങളും വീട്ടിലെ കുഴപ്പങ്ങളും ഒന്നും അയാളെ കണക്കററ് അലട്ടിയില്ല. ഭാര്യ ശകാരിക്കുമ്പോൾ ഒക്കെ തോൾ കുലുക്കി മിണ്ടാതെ ഇരിക്കയേ അയാൾ ചെയ്തിരുന്നുള്ളു. നിത്യവും ഇങ്ങനെ ചെയ്തുചെയ്തു് അതു് അയാളുടെ സ്വഭാവമായിത്തീർന്നിരുന്നു. വീട്ടിലെ വിഷമങ്ങളിൽനിന്നു രക്ഷപ്പെടാൻ വിങ്കിളിനു് ഒരു ഉപായമേ ഉണ്ടായിരുന്നുള്ളു. ആ ഗ്രാമത്തിലെ തൊഴിലില്ലാത്തവരും വയസ്സന്മാരും അലസന്മാരും വേദാന്തികളും ചെറിയ ഒരു സത്രത്തിന്റെ മുററത്തു കൂടിയിരിക്ക പതിവായിരുന്നു. ആ സംഘത്തിൽ ഒരിക്കലും മുടങ്ങാത്ത ഒരു അംഗമായി വിങ്കിൾ കൂടും. എന്നാൽ, അയാൾക്കു് അവിടെയും എപ്പോഴും രക്ഷ ഉണ്ടായിരുന്നില്ല. ഭയങ്കരിയായ ഭാര്യ അവിടെ ചെന്നും അയാളെ ആക്രമിക്കും. തന്റെ ഭർത്താവിനെ മടിയനാക്കുന്നതു് ആ

സത്രത്തിൽ കൂടിയിരുന്നവരാണു് എന്നു പറഞ്ഞു് അവളെയും ആ സ്ത്രീ ശകാരിച്ചുപോന്നു.

സത്രത്തിലും രക്ഷയില്ലെന്നു കണ്ടപ്പോൾ വിങ്കിൾ അടുത്തുള്ള പർവ്വതത്തിൽ അഭയം തേടാം എന്നു കരുതി തോക്കും എടുത്തുകൊണ്ടു് വനങ്ങളിൽ വേട്ടയ്ക്കു പോയിത്തുടങ്ങി. അപ്പോഴെല്ലാം വിങ്കിളിനോടുകൂടി അയാളുടെ പട്ടിയും പോകും. ആ മൃഗത്തിനും ഗൃഹനാഥയെ വലിയ പേടി ഉണ്ടായിരുന്നു. അതിനാൽ തുല്യദുഃഖം ഉള്ള വിങ്കിളും ആ പട്ടിയും ഒരുമിച്ചു കാട്ടിൽ പോകാൻ വളരെ ഇഷ്ടപ്പെട്ടു.

പതിവുപോലെ ഒരു ദിവസം വിങ്കിൾ വനത്തിൽ അഭയം പ്രാപിച്ചു. അന്നു വിശേഷിച്ചു് ഉത്സാഹം തോന്നിയതുകൊണ്ടു് അണ്ണാനെ വേട്ടയാടാൻ തക്കംനോക്കി പർവ്വതത്തിന്റെ ഒരു കൊടുമുടിയിൽ വലിഞ്ഞിഴഞ്ഞു കയറി. വിങ്കിൾ വിയർത്തു തളർന്നു് അതിന്റെ മുകൾപ്പരപ്പിൽ ഒരിടത്തു ചെന്നു കിടന്നു നാലുപാടും നോക്കി. പർവ്വതത്തിന്റെയും ദൂരെ കാണുന്ന സമുദ്രത്തിന്റെയും ഭംഗി കണ്ടു് അയാൾ സർവ്വവും മറന്നു. തിരിച്ചു പോകണം എന്നു് ഓർമ്മയുണ്ടായപ്പോഴേയ്ക്കും സൂര്യൻ അസ്തമിക്കാറായിരുന്നു. പർവ്വതത്തിൽനിന്നു് ഇറങ്ങാൻ തുടങ്ങിയാൽ താഴെ ചെല്ലുന്നതിനു മുമ്പു രാത്രിയായിപ്പോകും. വീട്ടിൽ ചെന്നാൽ ഭാര്യയുടെ അലട്ടലും ഏൽക്കണം. ഇങ്ങനെ വിഷമിച്ചു് അയാൾ പതുക്കെ ഇറക്കാൻ തുടങ്ങി.

കീഴോട്ടു് അധികം ഇറങ്ങിയില്ല; അപ്പോൾ 'റിപ്‌വാൻ വിങ്കിൾ, റിപ്‌വാൻ വിങ്കിൾ' എന്നു് ഉച്ചത്തിൽ ആരോ വിളിക്കുന്നതു കേട്ടു. ചുറ്റും നോക്കി, ആരെയും കണ്ടില്ല. വിങ്കിളിന്റെ സഹചാരി ആയ പട്ടി

വല്ലാതെ മുഴമുഴുത്തു് ശബ്ദം വന്ന ദിക്കിലേയ്ക്കു നോക്കി. അവിടെ തന്റെ പേരുപറഞ്ഞു വിളിക്കുന്നതു് ആരാണ് എന്നു വിങ്കിൾ പരുങ്ങി. പക്ഷെ ഭാൎയ്യ തന്നെ ഇങ്ങോട്ടു കടന്നിരിക്കുന്നോ? അല്ലാ, ഉററുനോക്കിയപ്പോൾ വിശേഷപ്പെട്ട ഒരു മനുഷ്യരൂപം പാറ കയറി മേലോട്ടു വരുന്നതു കണ്ടു. വിങ്കിളിനു അത്ഭുതം ഉണ്ടായി. പൊക്കം കുറഞ്ഞു് ഉറച്ച ശരീരവും നീണ്ടുവളൎന്ന മീശയും താടിയും ആയിരുന്നു വന്ന ആളിന്റെ ലക്ഷണങ്ങൾ. മദ്യം നിറച്ച വലിയ ഒരു വീപ്പ അയാൾ ചുമലിൽ വഹിച്ചിരുന്നു. താങ്ങി സഹായിപ്പാനാണ് അയാൾ വാൻ വിങ്കിളിനെ വിളിച്ചതു്. പരോപകാരി ആയിരുന്ന വിങ്കിൾ ആ അപേക്ഷ മടികൂടാതെ സ്വീകരിച്ചു. അന്യോന്യം താങ്ങിയും പാറകളിൽ അള്ളിപ്പിടിച്ചും നീരൊലിപ്പുകൊണ്ടു് ഉണ്ടായ ഒരു ഇടുക്കുവഴിയെ അവർ മേലോട്ടു കയറി. അങ്ങനെ അവർ ചുററും തൂക്കായ പാറകൾ ഉള്ള ഒരു തുറന്ന സ്ഥലത്തു ചെന്നു ചേൎന്നു

അവിടെ കണ്ട കാൎയ്യങ്ങൾ വിങ്കിളിനു് അത്ഭുതം വൎദ്ധിപ്പിച്ചു. കാഴ്ചയിൽ വിശേഷപ്പെട്ട പല ആളുകളും കളികളിൽ ഏൎപ്പെട്ടു് ഒരു സ്ഥലത്തു് ഇരിക്കുന്നുണ്ടായിരുന്നു. അവർ യാതൊരു ശബ്ദവും പുറപ്പെടുവിച്ചിരുന്നില്ല. അവരെ കണ്ടു വാൻ വിങ്കിളിനു അല്പം ഭയവും ഉണ്ടായി. മദ്യം കൊണ്ടുവന്ന ആൾ വിങ്കിളിനെ കൂട്ടിക്കൊണ്ടു് അവരുടെ അടുത്തു ചെന്നു. ഒന്നും പറയാതെ വീപ്പയിൽനിന്നു് മദ്യം പകൎന്നു് ഓരോരുത്തൎക്കും കൊടുത്തു. മൗനം അശേഷം ഭഞ്ജിക്കാതെ അവർ നിറയെ കുടിച്ചിട്ടു പിന്നെയും കളി തുടൎന്നു.

അല്പസമയത്തിനുള്ളിൽ വിങ്കിളിന്റ് ഭയം ഇല്ലാതായി. അടുത്തു ചെന്നു കുറച്ചു മദ്യം ആസ്വദിച്ചു. പതുക്കെ പതുക്കെ ആരും കാണാതെ കുറെ ഉള്ളിലാക്കി. തല കറങ്ങിത്തുടങ്ങി. കണ്ണു മയങ്ങി. നിലത്തു് ഒരിടത്തു കിടപ്പുപിടിച്ചു. അങ്ങനെ ആനന്ദസമാധിയിൽ ലയിച്ചു.

വിങ്കിൾ നീണ്ട ഒരു ഉറക്കം ആണു് ഉറങ്ങിയതു്. തലപ്പൂപിടിച്ചു മത്തുവിട്ടു് ഉണർന്നപ്പോൾ നല്ല ഉന്മേഷവും സുഖവും തോന്നി. കണ്ണു തുടച്ചു് എഴുന്നേററു. ഉദിച്ചുയന്ന സൂര്യൻ പർവ്വതത്തിൽ ചെങ്കതിരുകൾ പൊഴിച്ചുകൊണ്ടിരുന്നു. കുറച്ചു് ആലോചിച്ചപ്പോൾ ഉറങ്ങുന്നതിനു മുമ്പു് ഉണ്ടായ കാര്യങ്ങൾ ഓർമ്മവന്നു. ഒരു രാത്രി വീട്ടിൽ ചെല്ലാതെ കഴിച്ചുപോയല്ലോ എന്നു് അയാൾ നട്ടുങ്ങി. ഭാര്യയോടു് എന്താണു സമാധാനം പറയുക?

വിങ്കിൾ സഹചാരിയായ പട്ടിയെ അന്വേഷിച്ചു. അതിനെ അവിടെ എങ്ങും കണ്ടില്ല. ഉറങ്ങുന്നതിനു മുമ്പു് അവിടെ കളിച്ചുകൊണ്ടിരുന്ന ആളുകളും പോയിക്കഴിഞ്ഞിരുന്നു. അവർ മദ്യം കൊടുത്തു തന്റെ പട്ടിയേയും മയക്കിക്കൊണ്ടു പോയതായി അയാൾ വിചാരിച്ചു. അതോ, വല്ല ചെറിയ വേട്ടയും അവിടെ എങ്ങാനും അതു ചുററി നടക്കയായിരിക്കുമോ. തോക്കു് എടുത്തുകൊണ്ടു പുറപ്പെടാം എന്നു് ആലോചിച്ചു. അപ്പോഴാണു വേറേ ഒരു അത്ഭുതവും കണ്ടതു്. തോക്കു തുരുമ്പുപിടിച്ചു ഏതാണ്ടു് നശിച്ചിരുന്നു വാൻ വിങ്കിൾ കുഴങ്ങി.

ഏതായാലും അവിടെനിന്നു പുറപ്പെടാൻ ഒരുങ്ങി. കൈയ്കാലുകൾ നല്ലപോലെ അനങ്ങുന്നില്ല. ദേഹം മരവിച്ചുള്ള നിലത്തു കിടന്നതിനാൽ ആയിരിക്കാം എന്നു കരുതി, പണിപ്പെട്ടു പർവ്വതത്തിൽനിന്നു് ഇറങ്ങി. മുൻപ

കണ്ട സ്ഥിതികൾക്ക വലുതായ മാററം നേരിട്ടിരുന്നു. കഴിയുന്നതും വേഗത്തിൽ നടന്നു വീട്ടിൽ എത്താൻ ശ്രമിച്ചു. തന്റെ ഗ്രാമത്തിൽ ചെന്നപ്പോൾ വിങ്കിളിന് അത്ഭുതം വളരെ കൂടുതലായി. അയാളുടെ ജീർണ്ണിച്ച വസ്ത്രങ്ങളും വളർന്ന താടിയും മീശയും കണ്ടു് അനേകം ആളുകൾ ചുററും കൂടി. അവരിൽ ഒരുത്തരേയും വിങ്കിളിനു പരിചയം ഉണ്ടായിരുന്നില്ല. ഇതു് എന്തു മറിമായം!

അയാൾ മുന്നോട്ടു നടന്നു. ഗ്രാമത്തിലെ വികൃതികളായ പിള്ളർ അയാളുടെ പിറകേ കൂട്ടമായി എത്തി. താൻ സ്വപ്നം കാണുകയാണോ എന്നു പോലും അയാൾ സംശയിച്ചുതുടങ്ങി. സംഭ്രമിച്ചും അത്ഭുതപ്പെട്ടും അയാൾ വീട്ടിൽ ചെന്നുചേർന്നു. കഷ്ടം! വീടു് ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നു. വീട്ടിനുള്ളിൽ കയറിനോക്കി. അവിടെ ആരും ഉണ്ടായിരുന്നില്ല. ഏതായാലും ഭാര്യ അവിടെ ഇല്ലല്ലോ എന്നു് അയാൾ ആശ്വസിച്ചു. അവിടെ നിന്നു വിങ്കിൾ ഗ്രാമത്തിലെ സത്രത്തിലേക്കു നടന്നു. സത്രം നിന്ന സ്ഥലത്തു വേറൊരു പേരിൽ ഒരു ഹോട്ടൽ ആണു് കണ്ടതു്. കാര്യം മനസ്സിലാകാതെ വിങ്കിൾ കുഴങ്ങി.

ഭ്രാന്തനെപ്പോലെ വിങ്കിൾ പരുങ്ങിനില്ക്കുന്നതു കണ്ടു പലരും അയാളെ വളഞ്ഞുകൂടി. പലതരം ചോദ്യങ്ങൾ കൊണ്ടു് അയാളെ വിഷമിപ്പിക്കാൻ തുടങ്ങി. കഥകൾ ഒന്നും അയാൾക്ക മനസ്സിലായില്ല. കൂട്ടുകാരെപ്പററി തിരക്കി. അവരെല്ലാം മരിച്ചുപോയി എന്നു ചുററും നിന്നവർ പറഞ്ഞു. റിപ്‌വാൻ വിങ്കിൾ എന്ന ഒരു ആളിനെ അറിയുമോ എന്നു അയാൾ തുടർന്നു് അന്വേഷിച്ചു. അടുത്തു നിന്ന ഒരു ആൾ പറഞ്ഞു:—

റിപ്‌വാൻ വിങ്കിളോ? അതാ! ആ നില്ക്കുന്ന പയ്യൻ ആണു്.

എന്താണു കഥ എന്നു വിങ്കിൾ അമ്പരന്നു.

വിങ്കിൾ:—വാൻ വിങ്കിളിന്റെ ഭാര്യയോ?

കൂട്ടത്തിൽ നിന്നു ഒരു സ്ത്രീ മുന്നോട്ടുവന്നു പറഞ്ഞു:—

എന്തിനു് എന്റെ അമ്മയെപ്പറ്റി തിരക്കുന്നു?

വിങ്കിൾ:—അവൾ എന്റെ ഭാര്യ ആണു്.

സ്ത്രീ:—(വിങ്കിളിനെ സൂക്ഷിച്ചുനോക്കിക്കൊണ്ടു്.) ആങ്ങ്! എന്റെ അച്ഛനാണോ അവിടുന്നു്? ഇരുപതു കൊല്ലമായി കാണാത്തതുകൊണ്ടു്, എന്നേ മരിച്ചിരിക്കും എന്നു് എല്ലാവരും വിശ്വസിച്ചു. അമ്മ മരിച്ചിട്ടു കുറച്ചുനാൾ ആയി. ഇപ്പോൾ ഞാനും ആ നില്ക്കുന്ന ചേട്ടനും മാത്രമേ ഉള്ളൂ.

താൻ ഇരുപതു വർഷം നീണ്ട ഒരു ഉറക്കം ഉറങ്ങി എന്നു വിങ്കിളിനു് അപ്പോൾ മാത്രമേ മനസ്സിലായുള്ളൂ. അതിനിടയ്ക്കു് അമേരിക്ക മുഴുവൻ മാറിപ്പോയി. തന്റെ നാടു് അടിമത്തത്തിൽനിന്നു സ്വതന്ത്രമായതും അപ്പോഴേ അയാൾ അറിഞ്ഞുള്ളൂ.

---

പാഠം ൨൭

# മായാമാനുഷൻ

ആയില്ലധികനാളൊന്നു
മന്നൽ പരമദേശികൻ
പാരിൽ നിന്നു മറഞ്ഞിട്ട്
ഭഗവാൻ പാർത്ഥസാരഥി. 1

കാളിന്ദിയാററിൻ കരയിൽ
കണ്ണിന്നമൃതധാരയായ്
പരപ്പിലുണ്ടൊരാരോമൽ
പച്ചപ്പുൽത്തകടിപ്പുറം 2

അനന്തമഹിമാവെന്തു
മാവൃന്ദാവനഭൂമിയിൽ
മാടുമേച്ചു കളിച്ചാൻ പോൽ
മായാമാനുഷനെൻ പുരാൻ 3

കോടക്കാർ കൊമ്പു കുത്തുന്ന
കോമളത്തിരുമേനിയിൽ
മഴമിന്നൽ തൊഴുംമട്ടിൽ
മഞ്ഞപ്പട്ടാട ചാർത്തിയോൻ. 4

മനോജ്ഞമാം മയിൽ പീലി
മകുടം വിട്ടു നീങ്ങവേ;
മാൺപെഴും കവിളിൽത്തട്ടി
മണികുണ്ഡലമാടവേ; 5

കുഞ്ഞിളങ്കാററിലങ്ങിങ്ങു
കുനുകുന്തൽ പാറവേ;
ഗോപിക്കുറി വിയർപ്പാററ
കുളുർ നെററിയിൽ മായവേ; 6

കനിവാററിൻ തിരക്കോളിൽ
കടക്കൺ കോൺ കളിക്കവേ;
തൂവെൺ ചെറുചിരിപ്പൈമ്പാൽ
സുന്ദരാസ്യേന്ദു തൂകവേ; 7

ഓടക്കുഴലണച്ചാൻ പോ—
ലോമൽത്തേൻ ചോരിവായ്ക്കുമേൽ;
ഊതിനാൻപോ, ലാടിനാൻ പോൽ,
ലോങ്കാരപ്പൊരുളെൻ പുരാൻ. 8

പാലാഴിവാഴ്‌വോനാവത്സൻ
പാലും പ്രാണനുമൊത്തവൻ
ഭാരതാംബ! ഭവൽസ്തന്യ—
പാനത്താൽ തൃപ്തനായി പോൽ. 9

കൽത്തുറുങ്കിനകത്തമ്മ
കണികണ്ടദിനംമുതൽ
കാട്ടാളനെയ്യുകണയാൽ
കാൽത്താർ വീണ്ടദിനംവരെ 10

കണ്ണൻ കപട ഗോപാലൻ
കൈവല്യാംബുഘനാഘനം;
ചെയ്യുകാര്യം സകലവും
ജഗന്മോഹന മോഹനം. 11

പാഞ്ചാലിക്കണ്ണൊടിക്കുള്ളിൽ
പട്ടുചേലകൾ നെയ്യുതും
സുദാമാവിൻെറ പത്നിക്ക
തുംഗസൌധങ്ങൾ തീർത്തതും; 12

താനുണ്ട ചീരയിലയാൽ
ദാന്തന്നുംതൃപ്തിചേർത്തതും;
വിദുരന്റെ ഗൃഹത്തിങ്കൽ
വിരുന്നിന്നു ഗമിച്ചതും; 13

ആയുധം കൈയിലേന്താതെ-
യടർക്കളമണഞ്ഞതും;
ചമ്മട്ടിപൂണ്ടു തങ്കത്തേർ
ചങ്ങാതിക്കു തെളിച്ചതും; 14

അത്തേർത്തടത്തിൽനിന്നും കൊ-
ണ്ടതി മഞ്ജുളരീതിയിൽ
അഖിലോപനിഷൽ സാര-
മ“ന്നര”ന്നരുൾ ചെയ്തതും; 15

ആരാരു? മാറിടത്തിങ്ക-
ലലർമാത മരുന്നവൻ
അങ്ങേക്കങ്ങേത്താമനല്പത-
ലായ്മാവത്തവസുന്ധരേ! 16

[എസ്സ്. പരമേശ്വരയ്യർ

---

പാഠം പത്തു

# സംഭാഷണം

മനുഷ്യനു മൃഗങ്ങളിൽനിന്നുള്ള പ്രധാനമായ ഒരു വ്യത്യാസം അയാൾക്കു സംസാരിക്കാൻ കഴിയും എന്നുള്ളതാണു്. സംഭാഷണത്തിന്റെ ചാതുര്യം ജീവിതവിജയ

ത്തിനു പ്രയോജനപ്പെടുന്നു. അതുകൊണ്ടു് സംഭാഷണത്തെപ്പററി നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

ഏതു ഭാഷയിലും ബഹുമാനം കാണിക്കുന്നതിനു പ്രത്യേകം പദങ്ങൾ ഉണ്ടു്. വേണ്ടിടത്തോളം ബഹുമാനം ഇല്ലാത്ത വാക്കു് ഉപയോഗിച്ചാൽ കേൾക്കുന്നവർക്കു് മുഷിച്ചിൽ തോന്നും. സംസാരിക്കുന്ന ആളിനു് ഒരാളിനെ അപമാനിക്കണം എന്നു് ഉദ്ദേശം ഇല്ലെങ്കിലും, ബഹുമാനം കുറഞ്ഞ വാക്കുകൾ നിന്ദയെ സൂചിപ്പിക്കുന്നതായിത്തന്നെ കേൾക്കുന്നവർ കരുതും. നീ, നിങ്ങൾ, അങ്ങു്, അങ്ങുന്നു്, അവിടുന്നു്, താൻ, താങ്കൾ എന്നിങ്ങനെ മദ്ധ്യമപുരുഷനെ സൂചിപ്പിക്കുന്ന പല വാക്കുകളും നമ്മുടെ ഭാഷയിൽ ഉണ്ടല്ലോ. ഇതിനു് ഓരോന്നിനും ഓരോ തരത്തിലാണു് അർത്ഥം. നീ എന്നു പറഞ്ഞാൽ പലർക്കും കേൾക്കാൻ അസുഖം തോന്നും. നിങ്ങൾ എന്ന പദം കുറേക്കൂടി മര്യാദ സൂചിപ്പിക്കുന്നു. എന്നാൽ വളരെ ഉയർന്ന നിലയിൽ ഉള്ളവരോടു നിങ്ങൾ എന്നു പറയുന്നതും മര്യാദയല്ല. അവരോടു സംസാരിക്കുമ്പോൾ "അവിടുന്നു് ഇരിക്കണം" "അങ്ങേയ്ക്കു് സുഖംതന്നെയോ?" എന്നൊക്കെയാണു് സംസാരിക്കേണ്ടതു്.

ബഹുമാനമുള്ള വാക്കുകൾ ഉപയോഗിക്കുന്നതുകൊണ്ടു മാത്രം സംഭാഷണത്തിനു വേണ്ട മര്യാദ സിദ്ധിക്കുകയില്ല. പ്രായം കൂടിയവരോടും സ്ഥാനമഹത്വമുള്ളവരോടും സംസാരിക്കുമ്പോൾ പ്രത്യേകം സൂക്ഷിക്കണം. ആവശ്യമുള്ള കാര്യങ്ങൾ മാത്രമേ പറയാവൂ. അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാൻ നിവൃത്തി ഇല്ലെങ്കിലും അവ തെററാണു് എന്നു പറയുന്നതു മര്യാദയല്ല. നമുക്കു പറയാനുള്ളതു വിനയത്തോടുകൂടി അറിയിച്ചു വിരമിക്കുന്നതായിരിക്കും

നല്ലതു്. പറയുന്നതു തെററാണെന്നു സ്പഷ്ടമായി പറഞ്ഞാൽ ആക്കും രസമാകയില്ല. 'മറുതല പറയുക' എന്നു നിങ്ങൾ കേട്ടിരിക്കുമല്ലോ. മററു് ഏതു കാര്യത്തിൽ തോററാലും, സംഭാഷണത്തിൽ തോല്ക്കാൻ ആക്കും ഇഷ്ടമില്ല. അതു കൊണ്ടു് തോല്പിച്ചു എന്നു വരുത്താതെ സംസാരിച്ചു കാര്യം നേടുകയാണു വേണ്ടതു്.

'ഞാൻ പിടിച്ച മുയലിനു കൊമ്പു മൂന്നു്' എന്ന വിധത്തിൽ വാശിപിടിച്ചു സംഭാഷണം ചെയ്യുന്നവർ പലരും ഉണ്ടു്. മറെറാരാളിന്റെ സംഭാഷണം ശ്രദ്ധിച്ചു കേൾക്കാനും അവരുടെ വാദമുഖം മനസ്സിലാക്കുവാനും ഇക്കൂട്ടർക്കു ക്ഷമയില്ല. അവർ ധരിച്ചിട്ടുള്ള ഏതെങ്കിലും കാര്യം തെററായിരിക്കാം എന്നു് അവക്കു ബോധവും ഇല്ല. ആരെപ്പററിയും എന്തിനെപ്പററിയും സൂക്ഷ്മമായി അറിയാതെ അവർ അഭിപ്രായങ്ങൾ തട്ടിമൂളിക്കും. ആ അഭിപ്രായങ്ങൾ തെററാണെന്നു തെളിയിച്ചാലും അവർ സമ്മതിക്കുകയില്ല. കുതക്കം പറയുന്നതിലാണു് അവക്കു രസം. വെയിൽ കൊള്ളുന്നതു ചീത്തയാണെന്നു നിങ്ങൾ പറയുക. അതിൽ അഭിപ്രായഭേദത്തിനു വക എന്താണു്? എങ്കിലും കുതക്കക്കാരൻ വിടുകയില്ല. അയാൾ പറയും:—'ഹേ! ശരിയല്ല. വെയിലിന്റെ ഗുണത്തെപ്പററി നിങ്ങൾ എന്തറിഞ്ഞു? സൂര്യന്റെ രശ്മികൊണ്ടാണു് സകല രോഗാണുക്കളും നശിക്കുന്നതു്. അതിനാൽ ആരോഗ്യം വേണ്ടവർ നിശ്ചയമായും വെയിൽ കൊള്ളണം'. ഈ വിധത്തിൽ സംസാരിക്കുന്നവരെ ആരും വെറുത്തുപോകും.

ചിലർ സംസാരിക്കാൻ തുടങ്ങിയാൽ എളുപ്പത്തിൽ നിറുത്തുകയില്ല. നാം ഇടയ്ക്കു വല്ലതും പറയാൻ ഭാവിച്ചാലും അവർ തടഞ്ഞുകൊണ്ടു പറഞ്ഞുതുടങ്ങും നമുക്ക

കേൾക്കാൻ ഇഷ്ടമില്ലാത്ത കാര്യങ്ങളും ആയിരിക്കും അവർ പറയുന്നതു്. കേൾക്കുന്നവരെ ഇങ്ങനെയുള്ള സംസാരം ശ്വാസം മുട്ടിക്കും. ഇരിക്കാനും പോകാനും വയ്യാതെ വിഷമിക്കും. പിന്നെ മുഖം കറുപ്പിക്കും. കോട്ടുവാ വിടും. പറയുന്നതു ശ്രദ്ധിക്കാതെ ചുററുപാടും നോക്കും. തീരെ നിവൃത്തിയില്ലെങ്കിൽ ഒടുവിൽ സംഭാഷണം നിറുത്തണമെന്നു ദയനീയമായി അപേക്ഷിക്കും.

നിറുത്താതെ ഇങ്ങനെ സംഭാഷണം ചെയ്യുന്ന ഒരാളിന്റെ പിടിയിൽ ഫലിതപ്രിയനായ ഒരാൾ അകപ്പെട്ടു. ഒരു മണിക്കൂറോളം കഴിഞ്ഞപ്പോൾ അതിഥി പോകാനായി എഴുന്നേററു. കാപ്പികുടിച്ചിട്ടേ പോകാവൂ എന്നു പറഞ്ഞു് ആതിഥേയൻ തടഞ്ഞു. ആകട്ടെ എന്നു സമ്മതിച്ചു് അയാൾ ഇരുന്നു. കാപ്പി കഴിഞ്ഞു. കഥകൾ തുടർന്നു. നിറുത്തുന്ന മട്ടു കണ്ടില്ല. രണ്ടുമൂന്നുവട്ടം പോകാനായി എഴുന്നേററിട്ടും പോകാൻ അനുവദിച്ചില്ല. നിവൃത്തികാണാതെ അതിഥി പേനാക്കത്തി എടുത്തു നിവർത്തു്, സംസാരംകൊണ്ടു കുഴക്കുന്ന ആളിന്റെ കൈയിൽ കൊടുത്തു. 'വേണമെങ്കിൽ ഈ കത്തികൊണ്ടു കൊന്നു കൊള്ളണം, നിങ്ങളുടെ നാക്കുകൊണ്ടു കൊല്ലുന്നതു് വളരെ ഭയങ്കരമാണു്' എന്നു പറഞ്ഞു. അങ്ങനെ അയാൾ രക്ഷപ്പെട്ടു. അപ്രകാരമുള്ള സംഭാഷണം ഏതു വിധത്തിലും കൂടാതെ കഴിക്കേണ്ടതാണു്.

മററെല്ലാ കാര്യങ്ങളിലും എന്നപോലെ സംഭാഷണത്തിലും ഔചിത്യമാണു് പ്രധാനമായി നോക്കാനുള്ളതു്. ചോദിക്കാതെ പറയുക, സന്ദർഭം നോക്കാതെ സംസാരിക്കുക, കേൾക്കുന്നവരുടെ മനോഭാവം ഗണിക്കാതെ സംഭാഷണം ചെയ്യുക എന്നിവയെല്ലാം ഔചിത്യമില്ലായ്മയാണു്. 'തന്നോടു ചോദിയാതെ താനേറി പറയൊല്ലാ' എന്ന പഴ

തൊഴി ഒരു മന്ത്രം പോലെ ആരും ദിവസവും ഉരുക്കഴിക്കണം. ആവശ്യമില്ലാത്ത കാര്യങ്ങളാണ് പലരും പലപ്പോഴും പറയുന്നതു്. ഇതുകൊണ്ടു പറയുന്നവർക്കും കേൾക്കുന്നവർക്കും മാത്രമല്ല മററു പലർക്കും ഉപദ്രവങ്ങൾ ഉണ്ടാകും. സന്ദർഭം നോക്കാതെ പറഞ്ഞാൽ കാര്യം അവതാളത്തിൽ കലാശിക്കും. വളരെ തിടുക്കത്തിൽ എന്തെങ്കിലും ചെയ്യാൻ ഒരാൾ പോകുമ്പോൾ അത്യാവശ്യമായി അയാളോടു് ഒരു കാര്യം പറയാൻ ഒരുമ്പെടുന്നതു ശരിയാണോ? ഫലം നിങ്ങൾക്കു് ഊഹിക്കാമല്ലോ. മീശയ്ക്കു തീപിടിച്ചു ഓടുമ്പോൾ പിടിച്ചു നിറുത്തി ചുരുട്ടു കത്തിക്കാൻ ശ്രമിക്കുന്നതു പോലെയാണ് ഇക്കൂട്ടരെന്നു ചിലർ ഫലിതമായി പറയും.

വാക്കുകൾക്കു സന്ദർഭം അനുസരിച്ചു് അർത്ഥവും പ്രയോജനവും മാറി മാറി വരും. പറഞ്ഞതു തെററിപ്പോയി, പറയേണ്ടിയില്ലായിരുന്നു എന്നും മററും പലരും പശ്ചാത്തപിക്കുന്നതു നിങ്ങൾ കേട്ടിരിക്കുമല്ലോ. ഇവരെപ്പററിയാണ് "പിൻ ബുദ്ധിക്കാർ" എന്നു പറയുന്നതു്. സംസാരത്തിൽ ഇങ്ങനെയുള്ള വീഴ്ചകൾ പലവിധത്തിൽ വരാം. വിഡ്ഢിയായ ഒരു ശിഷ്യന്റെ കഥ ഈ സന്ദർഭത്തിൽ ഓർമ്മ വരുന്നു. ഒരു രാജ്യത്തിൽ ഒരിക്കൽ വലുതായ ക്ഷാമം ബാധിച്ചു. ധനവാന്മാർക്കുപോലും ആഹാരത്തിനു വകയില്ലാതെയായി. ചോളം മാത്രം കൊണ്ടു കഴിക്കേണ്ടിവന്നു. നാട്ടിലെ ഒരു പ്രഭുവും മററു ചിലരും കൂടിയിരിക്കുമ്പോൾ അടുക്കളക്കാരൻ ചെന്നു 'ചോളക്കഞ്ഞി കാലമായി' എന്നു് ഉച്ചത്തിൽ അറിയിച്ചു. പ്രഭു കോപിച്ചു് അവനെ ശാസിച്ചു. ഇനിയും ഇമ്മാതിരി കാര്യങ്ങൾ വിളിച്ചു പറയരുതെന്നു മുന്നറിവു കൊടുത്തു. പിന്നെ ഒരിക്കൽ പ്രഭു

വിൻെറ അടുക്കളയ്ക്കു തീ പിടിച്ചു. അപ്പോൾ പ്രഭു മററു ചിലരോടു സംസാരിച്ചുകൊണ്ടു് ഇരിക്കയായിരുന്നു. അടുക്കളക്കാരൻ അവിടെ ചെന്നു പരുങ്ങിനിന്നു. മററുള്ളവർ പോയിട്ടു് കാര്യം പറയാം എന്നു് അവൻ വിചാരിച്ചു. അവൻെറ നില കണ്ടു സംശയിച്ചു പ്രഭു വിവരം ചോദിച്ചു. അവൻ ശബ്ദം പുറത്തു കേൾപ്പിക്കാതെ കാര്യം പറഞ്ഞു. വീണ്ടും വീണ്ടും ചോദിച്ചിട്ടേ കഥ മനസ്സിലാക്കാൻ സാധിച്ചുള്ളു. അപ്പോഴേയ്ക്കും വീടു പകുതി വെന്തുകഴിഞ്ഞു. ഔചിത്യമില്ലായ്മയുടെ ഫലം നോക്കണേ!

സംഭാഷണത്തിൽ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ ഇനിയും പറയാൻ ഉണ്ടു്. സത്യമേ പറയാവൂ. എന്നാൽ അപ്രിയം പറകയുമരുതു്. സത്യം എല്ലാം പറഞ്ഞു കൊള്ളണം എന്നു് ഒരു നിയമവും ഇല്ല. ഒരാളിനെപ്പററി സത്യമായ ഒരു അപവാദം നമുക്കറിയാം എന്നിരിക്കട്ടെ. അതു പറഞ്ഞാൽ അയാൾ നമ്മുടെ നിത്യശത്രു ആകും. കേൾക്കുന്നവരുടെ രസം അനുസരിച്ചു പറയുന്നതാണു് വിഷയത്തിനു കാരണം. എന്നാൽ കുരളപറഞ്ഞാൽ വിഷമത്തിൽ അകപ്പെടും. അതു തല്ക്കാലം രസമാകും എങ്കിലും പിന്നീടു നാം പറയുന്നതിനു് വില ഇല്ലാതാകും. ഏഷണിയും അപവാദവും പറയുന്നവരെ എല്ലാവരും വെറുക്കും. വമ്പു പറയുന്നതും മററുള്ളവരെ ദുഷിക്കുന്നതും ഒരുപോലെ ഉപേക്ഷിക്കേണ്ടതാകുന്നു. എതിരാളിയുടെ കുത്തുവാക്കു കേൾക്കുന്നതുപോലെ വിരോധം ഉണ്ടാകുന്ന കാര്യം വേറെയില്ല. ഈ ഉപായം ചിലപ്പോൾ എതിരാളിയെ തോല്പിക്കാൻ കൊള്ളാം. പക്ഷേ സാധാരണ സംഭാഷണം ചെയ്യുമ്പോൾ കുത്തുവാക്കു മൂലം അന്യരെ വേദനിപ്പിക്കരുതു്. ഒരു നമ്പൂരി രണ്ടു രസികന്മാരെ കൊമ്പുകുത്തിച്ച കഥ പ്രസി

ഷമാണല്ലോ. റയിൽവണ്ടിയുടെ ഒരു മുറിയിൽ രണ്ടുപേർ മാത്രം രണ്ടററത്തായി ഇരിക്കയായിരുന്നു. നമ്പൂരി തിടുക്കത്തിൽ നടുക്കു ചെന്നിരുന്നു. രസികന്മാരിൽ ഒരാൾ വെറുപ്പോടെ 'കഴുത' എന്നു പറഞ്ഞു. മറേറ ആൾ 'പോത്തു്' എന്നു പിൻതാങ്ങി. നമ്പൂരി തന്നെത്താനെ പറയുന്നതുപോലെ, 'അല്ല രണ്ടിനും ഇടയ്ക്കു്', എന്നു് ഉച്ചരിച്ചു. ഇവിടെ കുത്തും മറുകുത്തും എത്ര പററിയിരിക്കുന്നു എന്നു നോക്കുക. ഇതുപോലെ സംഭാഷണത്തിൽ സ്വീകരിക്കേണ്ടതും ഉപേക്ഷിക്കേണ്ടതും ആയ കാര്യങ്ങൾ പരിചയംകൊണ്ടു് വളരെ അറിയാനുണ്ടു്.

സംഭാഷണം ചെയ്യാൻ മിടുക്കനായ ഒരാൾക്കു് സഭായ മദ്ധ്യത്തിൽ മാന്യസ്ഥാനം ഉണ്ടായിരിക്കും.

---

പാഠം ൨൧

# സോക്രതീസ്

പണ്ടു ഭാരതീയർ യവനദേശം എന്നു പറഞ്ഞുവന്നിരുന്ന ഗ്രീക്കുസംസ്ഥാനങ്ങൾ ക്രിസ്തുവിനു മുമ്പു് അഞ്ചാം നൂററാണ്ടിൽ വളരെ പ്രാബല്യവും പരിഷ്കാരവും സമ്പാദിച്ചിരുന്നു. ആ സംസ്ഥാനങ്ങൾ ഓരോന്നും വാസ്തവത്തിൽ ഓരോ നഗരം മാത്രം ആയിരുന്നു. വിദ്യയിലും കലകളിലും വാണിജ്യത്തിലും അന്നു ഗ്രീക്കുസംസ്ഥാനങ്ങളുടെ മുന്നണിയിൽനിന്നതു് ആതൻസ് നഗരമാണു്. ആ മനോഹര

മായ നഗരത്തിൽ ക്രിസ്തുവിന്നു മുമ്പു നാനൂററി അറുപത്തൊമ്പതാമാണ്ടു സോക്രതീസ് ജാതനായി. അദ്ദേഹത്തിന്റെ പിതാവു് ഒരു ശില്പിയും മാതാവു ധാത്രിയുമായിരുന്നു. അച്ഛന്റെ തൊഴിലായ പ്രതിമാനിർമ്മാണംതന്നെ സോക്രതീസും പരിചയിച്ചു.

ആതൻസിലെ മററു യുവാക്കളെപ്പോലെ അദ്ദേഹവും സൈന്യത്തിൽ ചേർന്നു. പല പ്രസിദ്ധങ്ങളായ യുദ്ധരംഗങ്ങളിലും അദ്ദേഹം ധീരമായി പൊരുതിയിട്ടുണ്ടു്. അതിൽ പിന്നെ അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ വെറും സംഭാഷണത്തിലാണു് കഴിച്ചുകൂട്ടിയതു്. സംഭാഷണംകൊണ്ടു് അനവധി ആളുകളെ അദ്ദേഹം ആകർഷിച്ചു. എന്നാൽ കാഴ്ചയിൽ അദ്ദേഹം സാമാന്യം വികൃതൻതന്നെ ആയിരുന്നു. ആ പതിഞ്ഞ മൂക്കും ഉന്തിയ കണ്ണും തടിച്ച ചുണ്ടും കുടവയറും ഉള്ള കുറുകിയ മനുഷ്യന്റെ കല്ലുവച്ച ഫലിതങ്ങൾ ആരെയും വശീകരിച്ചു. ആഴവും കഴമ്പുമുള്ള അദ്ദേഹത്തിന്റെ വാക്കുകൾ ആളുകളെ അത്ഭുതപ്പെടുത്തി. ലോകത്തിലേയ്ക്കു് ഏററവും അറിവുള്ള മനുഷ്യനാണു് അദ്ദേഹമെന്നു് ലോകത്തിന്നു ബോദ്ധ്യമായി.

പ്രഭാതത്തിൽ അദ്ദേഹം പതിവായി ഒരു സവാരി നടത്തും. അദ്ദേഹത്തിന്റെ പ്രാകൃതമായ വേഷം ആതൻസുകാർക്കു സുപരിചിതമായിരുന്നു. കാലിൽ ചെരിപ്പോ ഉടലിൽ ഉടുപ്പോ ധരിക്കാതെ, ദാരിദ്ര്യത്തിന്റെ പീഡകൾ വകവയ്ക്കാതെ, അദ്ദേഹം കഴിച്ചുകൂട്ടി. ഉൽകൃഷ്ടങ്ങളായ വിചാരങ്ങളിൽ മാത്രം മുഴുകിക്കഴിയുക ആയിരുന്നു ആ മഹാൻ.

മററു് ഏതൊരാളും ഈ കഷ്ടതയിൽനിന്നു രക്ഷ നേടാൻ ആതൻസിൽനിന്നു് ഓടിപ്പോയേനേ. ആതൻ

സിലെ തെരുവുകളിലും ചന്തയിലും അദ്ദേഹം അലഞ്ഞു തിരിയും. പലപ്പോഴും അവിടത്തെ പൊതുക്കളരിയിൽ ചെന്നുകൂടും. അദ്ദേഹത്തിന്റെ തൊഴിലും ആരംഭിക്കും. എന്തു തൊഴിൽ? സംഭാഷണം. ആരോടും സംസാരിക്കും. ഉയർന്നവനും താണവനും, വലിയവനും എളിയവനും— ആരും അദ്ദേഹം പറയുന്നതു ശ്രദ്ധിക്കും. കറിക്കുകൊണ്ടു തലകറക്കുന്ന ചോദ്യങ്ങൾ ആരോടും തട്ടിവിടും. അവർ മറുപടി പറകയോ മിണ്ടാതെ നില്ക്കയോ ചെയ്യട്ടെ, ഏതായാലും വേണ്ടില്ല. ഏതെങ്കിലും വാദത്തിൽ ഏർപ്പെട്ടാൽ താൻ ഒന്നും അറിഞ്ഞുകൂടാത്ത മഠയൻ എന്നാണ് സോക്രതീസ് ഭാവിക്കുന്നതു്. ചെറിയ ചില ഉദാഹരണങ്ങൾ പറയും. ചില കൊച്ചുചോദ്യങ്ങൾ ചോദിക്കും. എന്താണ് ഉദ്ദേശം? 'നല്ലതു്' എന്താണ് എന്നു കേൾക്കുന്നവരെക്കൊണ്ടു പരിശോധിപ്പിക്കണം. നന്മയാണ് അദ്ദേഹത്തിന്റെ പാഠവിഷയം. നന്മയില്ലാത്ത ഒരു മനുഷ്യൻ മനുഷ്യനല്ലല്ലോ. നന്മ എന്താണ് എന്നു ശരിയായി അറിഞ്ഞാൽ എല്ലാ മനുഷ്യരും നന്നാകും എന്നായിരുന്നു സോക്രതീസിന്റെ വിശ്വാസം. നന്മയെപ്പറ്റിയുള്ള അറിവാണ് സദ്ഗുണങ്ങൾക്കെല്ലാം കാരണം. അറിവില്ലായ്മയാണ് തിന്മ.

യഥാർത്ഥത്തിൽ സോക്രതീസ് ഒരു ഋഷി ആയിരുന്നു. വിചാരത്തിൽ മുഴുകി ഇരുപത്തിനാലു മണിക്കൂർ നേരം ഒരു നില്പിൽ നിന്നിട്ടുണ്ടു് അദ്ദേഹം എന്നു പറയുന്നുണ്ടു്. പക്ഷേ അദ്ദേഹം ഗൃഹസ്ഥാശ്രമം സ്വീകരിച്ചിരുന്നു. ആദ്യത്തെ ഭാര്യയിൽ രണ്ടു പുത്രന്മാരും രണ്ടാമത്തെ ഭാര്യയായ സാന്തിപ്പെയിൽ ഒരു പുത്രനും ഉണ്ടായിരുന്നു. രണ്ടാമത്തെ ഭാര്യ

ചരിത്രപ്രസിദ്ധി സമ്പാദിച്ചിട്ടുമുണ്ടു്. എന്തിനു്? ക്ഷിപ്രകോപത്തിനും കലഹപ്രകൃതിക്കും.

സോക്രതീസിന്റെ നിർഭയവും സ്വാതന്ത്ര്യവുമായ അഭിപ്രായങ്ങൾകൊണ്ടു് അദ്ദേഹത്തിനു വളരെ ശത്രുക്കൾ ഉണ്ടായി. അദ്ദേഹത്തിന്റെ അടുത്തുകൂടുന്ന ആളുകളെ, വിശേഷിച്ചും യുവാക്കളെ അദ്ദേഹം ഉപദേശിച്ചു വഴി തെററിക്കുന്നു എന്നു് ഒരു ആക്ഷേപം ചിലർ പരത്തിത്തുടങ്ങി.

ക്രിസ്തുവിനുമുമ്പു് 399-ാമാണ്ടു് സോക്രതീസിന്റെ ശത്രുക്കളുടെ സംഘടനയ്ക്കു ശക്തികൂടി. അന്നു് അദ്ദേഹത്തിനു് എഴുപതു വയസ്സു് പ്രായമുണ്ടായിരുന്നു. ആ വന്ദ്യനായ വൃദ്ധന്റെ പേരിൽ കുററം ആരോപിച്ചു് അന്യായം പതിഞ്ഞു. രണ്ടു കുററമാണു് പ്രധാനമായി ആരോപിച്ചതു്. ഒന്നു്—നാട്ടിലെ ദൈവങ്ങളിൽ അവിശ്വാസവും അനാദരവും; രണ്ടു്—നാട്ടിലെ യുവജനങ്ങളെ ദുഷിപ്പിക്കുക. ഒരു പ്രമുഖനായ പ്രഭാഷകൻ സോക്രതീസിനു വേണ്ടി ന്യായവാദങ്ങൾ എഴുതിക്കൊടുത്തു. പക്ഷേ അതു് സോക്രതീസ് ഉപയോഗിച്ചില്ല. വാദിഭാഗത്തിന്റെ തെളിവുകളെ ഖണ്ഡിക്കാൻ സോക്രതീസ് ശ്രമിച്ചില്ല. സ്വന്തം ഉദ്ദേശവും ലക്ഷ്യവും എന്തെന്നു് അദ്ദേഹം ധീരമായി വ്യക്തമാക്കി. സഹപൗരന്മാരുടെ ജീവിതം ആനന്ദമയം ആക്കണമെന്നേ അദ്ദേഹം ആഗ്രഹിച്ചുള്ളു. അതു തന്റെ ധർമ്മമാണു്. ഈശ്വരന്റെ നിയോഗം അനുസരിച്ചുള്ള കൃത്യമാണു്. 'ഈശ്വരന്റെ അധികാരത്തെ നിങ്ങളുടെ അധികാരത്തെക്കാളും ഞാൻ ആദരിക്കുന്നു' എന്നു് അദ്ദേഹം ജഡ്ജിമാരോടു പ്രസ്താവിച്ചു. ജഡ്ജിമാർ വധശിക്ഷ വിധിച്ചു. 'ഹെംലാക' എന്ന ഒരു വിഷദ്രാവകം കൊടുത്തു കൊല്ലുക ആയിരുന്നു ആതൻസിലെ അക്കാലത്തെ വധശിക്ഷ.

അന്നു് ആതൻസിൽ ഉത്സവകാലമായിരുന്നതുകൊണ്ടു് മൂന്നാഴ്ചക്കു് വധശിക്ഷ മാററിവച്ചു. ആ കാലം എല്ലാം സോക്രതീസ് അക്ഷോഭ്യനായി തടവിൽ കഴിച്ചു. ഏതെങ്കിലും പ്രകാരത്തിൽ സോക്രതീസിനെ തടവിൽ നിന്നു രക്ഷപ്പെടുത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിന്റെ ശിഷ്യന്മാരും മിത്രങ്ങളും തയ്യാറായി. പക്ഷേ അതിനൊന്നും സോക്രതീസ് വഴിപ്പെട്ടില്ല. ഒടുവിൽ വധദിവസം വന്നുചേന്നു. സ്നേഹിതർ എല്ലാം തടവുമുറിയിൽ അദ്ദേഹത്തെ ചെന്നു കണ്ടു. അദ്ദേഹത്തെ ബന്ധിച്ചിരുന്ന ഇരുമ്പുചങ്ങല അന്നു് അഴിച്ചുമാററിയിരുന്നു. അദ്ദേഹത്തിന്റെ ഭാൎയ്യയായ സാന്തിപ്പേയും കൊച്ചുമകനും അവസാനം ഒരു നോക്കു കാണുവാൻ എത്തിയിരുന്നു. വിങ്ങി വിങ്ങിക്കരഞ്ഞിരുന്ന സാന്തിപ്പേയെ അവിടെ നിന്നു വീട്ടിലേയ്ക്കു കൊണ്ടുപോകാൻ അദ്ദേഹം ഏർപ്പാടുചെയ്തു. ആ മഹാനായ ജയിൽപ്പുള്ളി കിടക്കയിൽ എണീററിരുന്നു് ഇരുമ്പുതളയുടെ പാടു വീണ കാലു തടവിക്കൊണ്ടു ശാന്തമായി സംസാരിച്ചുതുടങ്ങി—സുഖവും ദുഃഖവും തമ്മിലുള്ള ബന്ധത്തെപ്പററി, ജീവിതത്തെപ്പററി, മരണത്തെപ്പററി, ശരീരം നശിച്ചാലും നശിക്കാത്ത ആത്മാവിനെപ്പററി. വൈകുന്നേരം കുളികഴിഞ്ഞു് സന്ധ്യാസമയം മരണത്തിനു തയ്യാറായി. വധത്തിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഹാജരായി. തന്റെ കൃത്യത്തിനുവേണ്ടി സോക്രതീസിനോടു അയാൾ മാപ്പു ചോദിച്ചു. ആ സാധു ഉദ്യോഗസ്ഥൻ തിരിഞ്ഞുനിന്നു കരഞ്ഞുപോയി. സോക്രതീസ് പുഞ്ചിരിതൂകിക്കൊണ്ടു വിഷപാത്രമെടുത്തു. കുറെ വിഷം ദേവാർപ്പണമായി നിലത്തൊഴിച്ചു. ബാക്കി എല്ലാം കുടിച്ചുതീൎത്തു. ചുററും നിന്ന മിത്രങ്ങൾ വാവിട്ടു കരഞ്ഞു. അവരെ സോക്രതീസ് ശാസിച്ചു; ശാന്തമായി സൎവ്വവും സഹിക്കണമെന്നു് ഉപദേശിച്ചു.

അങ്ങനെ ലോകത്തിലെ ചിന്തകന്മാരിൽ അത്യുത്തമനായ ഒരു മഹാത്മാവു മരണമടഞ്ഞു. ഒരു വാക്കുപോലും സോക്രതീസ് എഴുതിയിട്ടില്ല. ബുദ്ധിമാന്മാരായ അനേകം ശിഷ്യന്മാരെ അദ്ദേഹത്തിനു ലഭിച്ചു. പ്ലേറ്റോ, സെനാഫൺ മുതലായ മഹാന്മാരായ ശിഷ്യന്മാർ എഴുതിയ ഗ്രന്ഥങ്ങളിൽ നിന്നാണു സോക്രതീസിന്റെ ആദർശങ്ങളും ഉപദേശങ്ങളും നാം അറിയുന്നതു്. ഉപദേശിച്ച ആദർശങ്ങൾ അനുസരിച്ചു് അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിന്റെ ചിന്തകളും സിദ്ധാന്തങ്ങളും മനുഷ്യചരിത്രത്തിൽ ഒരു പുതിയ യുഗത്തെ സൂചിപ്പിക്കുന്നു. സത്യവും സൌന്ദര്യവും നന്മയുംകൊണ്ടു ജീവിതത്തെ ഉയർത്താൻ, സത്യത്തിലേയ്ക്കും സൌന്ദര്യത്തിലേയ്ക്കും നന്മയിലേയ്ക്കും മനുഷ്യനെ ഉയർത്താൻ, ആ മഹാഗുരുവിന്റെ ജീവിതം വഴിതെളിച്ചു.

---

## പാഠം ൨൧

# പൂക്കാലം

പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കന്നു വീശുന്നവായു
ഉല്ലാസമീ നീണ്ട കൂകൂരവത്താ
ലെല്ലാക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവുതേടി
ക്ഷീണതമേശാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ
ന്തോണം വെളുക്കുന്നക്ഷസ്സോരയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ
പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം
കേടററനെല്ലിൻകതിർക്കാമ്പുകൊത്തി
ക്കൂടാൻ ദിക്കോർത്തുപോകുന്നവാറിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ—
യന്തിയ്ക്കു പൂങ്കാവിലാളേറെയായി
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നവാദ്യങ്ങൾ—വന്നു വസന്തം!

നാകത്തിൽ നിന്നോമനേ, നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിൻെറ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ.

ചിന്തിച്ചിളങ്കാററുതൻ നിസ്വനത്താ—
ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞു;
"എന്താതനാം ദേവനോതുന്നതേ ഞാ—
നെന്താകിലും ചെയ്യു"വെന്നല്ലയല്ലി?

പുഷ്പവാടി] [എൻ. കുമാരനാശാൻ

പാഠം ൨൯

# അതിഥി

[ഒരു ഗ്രാമപ്രദേശം. നഗരത്തിലേയ്ക്കു പോകുന്ന പ്രധാന രാജപാതയുടെ അരികിലുള്ള ഒരു ആൽത്തറ. സായംകാലം.]

(ആൽത്തറയിലിരിക്കുന്ന നാലു ബാലന്മാരെയൊഴിച്ചാൽ രംഗം വിജനമാണു്. അവർ ആരെയോ ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചിട്ടെന്നവിധം കൂടെക്കൂടെ നോക്കുന്നുണ്ടു്. അവരിൽ മൂന്നു ബാലന്മാർ ശ്രീകാന്തൻ, ധനപാലൻ, വിജയനാഥൻ ധനികന്മാരുടെ മക്കൾ ആണെന്നു് അറിയാം. അവരുടെ അടുത്തു് ഒരു വെള്ളിത്തട്ടവും അതിൽ മധുരനാരങ്ങ, മാമ്പഴം, മുന്തിരിപ്പഴം മുതലായ മധുരഫലങ്ങളും, ഒരു പനിനീർക്കുപ്പിയും, ഒരു വെള്ളിക്കിണ്ണത്തിൽ വാസനദ്രവ്യങ്ങൾ ചേർത്ത കളഭക്കൂട്ടും, ഒരു റോസാപ്പൂമാലയും ഇരിപ്പുണ്ടു്. നാലാമൻ ഹരിദാസൻ അവരിൽ നിന്നു് അല്പം മാറിയാണിരിക്കുന്നതു്. അവൻ അവരെ അപേക്ഷിച്ചു ദരിദ്രനാണെന്നു് ഒററ നോട്ടത്തിൽ തന്നെ കാണാം. ഒരു ചെറുനാരങ്ങാ, തേച്ചുമിനുക്കിയിട്ടുള്ള ഒരു ചെറിയ ഓട്ടുപാത്രത്തിൽ കുറേ ശുദ്ധജലം, ഒരു പിച്ചളപ്ലേററിൽ കുറച്ചു ചന്ദനം, തുളസിയും വാടാമല്ലിയും കൊണ്ടു് കെട്ടിയിട്ടുള്ള ഒരു മാല—ഇത്രയും ഒരു വാഴയിലയിൽ അവനും അടുത്തു് ഒരുക്കി വച്ചിരിപ്പുണ്ടു്. കൂടെക്കൂടെ അവനെ ഏറുകണ്ണിട്ടു നോക്കിയതിനുശേഷം മററു മൂന്നു ബാലന്മാർ അന്യോന്യം നോക്കി അർത്ഥവത്തായി ചിരിക്കുന്നുണ്ടു്. സമയം കഴിയുന്തോറും ബാലന്മാരിൽ, പ്രത്യേകിച്ചു

ശ്രീകാന്തൻ, ധനപാലൻ, വിജയനാഥൻ ഇവരിൽ അക്ഷമ പ്രകടമാകുന്നു.)

ശ്രീകാന്തൻ:——ആ സന്ന്യാസി നമ്മെ കളിപ്പിക്കുകയാണെന്നാണു തോന്നുന്നതു്.

ധനപാലൻ:——ഛെ! അങ്ങനെ വരുമോ?

വിജയനാഥൻ:——എങ്കിലും എത്ര നേരമായി നാം ഇവിടെ കാത്തിരിക്കുന്നു? ഒരു പട്ടിയും പൂച്ചയും പോലും ഇതിലെ പോയിട്ടില്ല.

ശ്രീകാന്തൻ:——എത്രയൊക്കെ ആയാലും അദ്ദേഹത്തെ പോലെയുള്ള ഒരു ദിവ്യൻ ഇതിലെ കടന്നു പോകുമ്പോൾ ഒരു ആളനക്കമെങ്കിലും ഇല്ലാതിരിക്കുമോ?

വിജയനാഥൻ:—ശ്രീകാന്തൻ, നീ പറയുന്നതു വാസ്തവം ആണു്. ആ സന്ന്യാസി നമ്മെ കളിപ്പിക്കുകയായിരുന്നു. അല്ലെങ്കിൽ ഇക്കാര്യം നാം വേറെ ആരെയും അറിയിക്കരുതെന്നു് അയാൾ പറഞ്ഞതു് എന്തിനാണു്?

ധനപാലൻ:—ഞാനും അതിനെപ്പററി ആലോചിക്കാതിരുന്നില്ല. എനിക്കു് അച്ഛനോടും അമ്മയോടും ഇതു പറയണമെന്നു് ഉണ്ടായിരുന്നു. പക്ഷേ എന്തു ചെയ്യാം? ആ സന്ന്യാസിയുടെ ആജ്ഞ! ഞാൻ ഒരു മീററിംഗിനാണെന്നു് ഒരു കൊച്ചു കള്ളം പറഞ്ഞാണു വെള്ളിത്തട്ടം അമ്മയുടെ കയ്യിൽനിന്നു വാങ്ങിയതു്.

ശ്രീകാന്തൻ:—എന്റെ ഒരു സ്നേഹിതന്റെ വീട്ടിൽ കല്യാണത്തിനെന്നും പറഞ്ഞാണു ഞാൻ പനിനീർക്കുപ്പിയും ചന്ദനക്കിണ്ണവും കൊണ്ടുവന്നതു്.

വിജയനാഥൻ:—ആ റോസാപ്പൂമാല വാങ്ങിക്കാൻ ഞാനും ഒരു ചെറിയ കള്ളം പറഞ്ഞു, ചങ്ങാതികളേ!

ധനപാലൻ:—നീ എന്തൊന്നാണ് അടിച്ചുവിട്ടതു്?

വിജയനാഥൻ:—അതോ? ഞങ്ങളുടെ പള്ളിക്കൂടത്തിൽ ഒരു ഗ്രൂപ്പ് ഫോട്ടോ. അതിനു ഹെഡ്മാസ്റ്ററുടെ കഴുത്തിലിടാൻ ഒരു മാല വേണമെന്നു്. അതു ഞാൻ ഏറ്റു പോയെന്നു്.

ശ്രീകാന്തൻ:—അതിന് ഈ റോസാപ്പൂമാല തന്നെ വേണോ എന്നു നിന്റെ അച്ഛൻ ചോദിച്ചില്ലേ?

വിജയനാഥൻ:—അതു തന്നെ ചോദിച്ചു.

ധനപാലൻ:—അതിനു നീ എന്തു സമാധാനം പറഞ്ഞു?

വിജയനാഥൻ:—എന്റെ ശ്രീകാന്തം, നിനക്കു പറയാമോ ഞാൻ പറഞ്ഞ സമാധാനം?

ശ്രീകാന്തൻ:—റോസാപ്പൂമാല ഇല്ലെങ്കിൽ ഹെഡ്മാസ്റ്റർ ഫോട്ടോയ്ക്കു് ഇരിക്കയില്ലെന്നു്.

(എല്ലാവരും ചിരിക്കുന്നു.)

വിജയനാഥൻ:—അമ്പട മിടുക്കാ! ധനപാലാ നിനക്കു പറയാമോ?

ധനപാലൻ:—എനിക്കു വയ്യാ. നീ തന്നെ അങ്ങു പറഞ്ഞേയ്ക്കു്.

വിജയനാഥൻ:—ഫോട്ടോവിൽ തെളിഞ്ഞു കാണണമെങ്കിൽ റോസാപ്പൂമാല തന്നെ വേണമെന്നു്.

ശ്രീകാന്തൻ:—സമർത്ഥൻ തന്നെ! (ഈ സമയമത്രയും മിണ്ടാതെ ചിന്താമഗ്നനായിരുന്ന ഹരിയുടെ നേക്കു തിരിഞ്ഞു്) ഹരി, നീ എന്താ ഒന്നും മിണ്ടാതിരിക്കുന്നതു്?

നീ ഇതൊക്കെ കൊണ്ടുവന്നതു് എന്തു കള്ളം പറഞ്ഞാണു്?

ഹരിദാസൻ:—ഞാൻ ഒരു കള്ളവും പറഞ്ഞില്ല. ഞാൻ ബഹുമാനിക്കുന്ന ഒരാളിനെ സൽക്കരിക്കാൻ ആണെന്നു പറഞ്ഞു. അച്ഛൻ ചന്ദനം അരച്ചുതന്നു. അമ്മ മൊന്ത തേച്ചു മിനുക്കിത്തന്നു. ചേച്ചി മാലകെട്ടിത്തന്നു. മുററത്തെ നാരകം ഈ നാരങ്ങായും തന്നു.

ധനപാലൻ:—അതാ വരുന്നു ഹരിശ്ചന്ദ്രൻ!

വിജയനാഥൻ:—ആരെന്നു് അവർ ചോദിച്ചില്ലേ?

ഹരിദാസൻ:—ചോദിച്ചു. ഞാൻ പിന്നെ പറയാമെന്നു പറഞ്ഞു.

ശ്രീകാന്തൻ:—അവർ അതു കേട്ടു സമാധാനപ്പെട്ടോ?

ഹരിദാസൻ:—സമാധാനപ്പെട്ടു.

ധനപാലൻ:—പാവങ്ങൾ!

ഹരിദാസൻ:—അതേ. അവർ പാവങ്ങളാണു്. ഞാൻ അവരോടു കള്ളം പറയുകയില്ലെന്നു് അവൎക്കു് അറിയാം. എന്നെ അവൎക്കു വിശ്വാസമാണു്.

വിജയനാഥൻ:—അതേടാ, നീ വലിയ ധൎമ്മപുത്രനാണു്. ഞങ്ങൾക്കറിയാം.

ശ്രീകാന്തൻ:—പറഞ്ഞു പറഞ്ഞു സമയം പോകുന്നല്ലോ! സന്ന്യാസി നമ്മളെ പറഞ്ഞു പററിക്കതന്നെ ആണല്ലോ ചെയ്തതു്.

ഹരിദാസൻ:—അതാ ആരോ വരുന്നു.

(എല്ലാവരും പടിഞ്ഞാട്ടു നോക്കുന്നു. വളവുതിരിഞ്ഞു് ആരോ ഒരാൾ നടന്നു വരുന്നതു കാണുന്നു. അയാളെ

വ്യക്തമായി കാണാറാകുമ്പോൾ ഹരിയോട് "അതേടാ, അതുതന്നെ. കണ്ടാൽ അറിഞ്ഞുകൂടയോ? നീ അയാളെ പൂജിക്കു" എന്നിങ്ങനെ പചരസത്തിൽ അട്ടഹസിച്ചും ചിരിച്ചും അവനെ പരിഹസിക്കുന്നു. അടുത്തു വരുന്ന ആൾ വളരെ ക്ഷീണിച്ചിരിക്കുന്നു. അയാൾ ധരിച്ചിരിക്കുന്ന സാമാന്യ വസ്ത്രങ്ങൾ ബഹുദൂരത്തെ യാത്രയുടെ ഫലമായി പൊടിയണിഞ്ഞു മുഷിഞ്ഞിട്ടുണ്ട്. അയാൾ പണിപ്പെട്ടു നടന്ന് ആ ബാലന്മാരുടെ അടുത്തുവന്നിരിക്കുന്നു. രണ്ടാംമുണ്ടു മടക്കി വീശുന്നു. ചുറ്റുപാടും കണ്ണോടിക്കുമ്പോൾ വെള്ളിത്തട്ടത്തിൽ മധുരഫലങ്ങൾ ഇരിക്കുന്നതു കണ്ട് ആർത്തിയോടുകൂടി നോക്കുന്നു. അയാൾ അവിടെ വന്നതും അവരുടെ അടുത്തിരുന്നതും ശ്രീകാന്തനും കൂട്ടർക്കും ഇഷ്ടമാകുന്നില്ല.)

ആഗതൻ:—(അവരോട്) കുഞ്ഞുങ്ങളേ! ഞാൻ വളരെ ദൂരം നടന്നു വരികയാണ്. ദാഹവും വിശപ്പും അതികലശൽ. ക്ഷീണംകൊണ്ട് ഒരടി മുന്നോട്ടു വയ്ക്കാൻ കെല്പില്ല. എനിക്ക് ഉടനേ പട്ടണത്തിൽ എത്തേണ്ട ആവശ്യമുണ്ട്. എനിക്ക് അതിൽ നിന്ന് അല്പം വല്ലതും തരാമോ? പുണ്യം ഉണ്ട്.

വിജയനാഥൻ:—എന്താ, ഞങ്ങൾ ഇവിടെ അർഘ്യവും പാദ്യവും കൊണ്ട് നിങ്ങളെ കാത്ത് ഇരിക്കുന്നു എന്നു വല്ലവരും പറഞ്ഞോ?

ആഗതൻ:—അങ്ങനെ പറയരുത്. നിങ്ങളെ ഈശ്വരൻ ഇവിടെ കൊണ്ടുവന്നതാണ്. നിങ്ങൾക്ക് ദയവു തോന്നി എനിക്കു വല്ലതും തന്നില്ലെങ്കിൽ ഇവിടെ

കിടന്നുപോകും. എനിക്കു് ഇന്നു പട്ടണത്തിൽ
എത്താൻ കഴിയാതെ പോകും.

ധനപാലൻ:—പട്ടണത്തിലുള്ളവർ പട്ടിണിയുമാകും.

ആഗതൻ:—കുഞ്ഞേ! അഗതികളെ പരിഹസിക്കരുതു്.

ശ്രീകാന്തൻ:—എഹേ! അതിനു താൻ ബദ്ധപ്പെടേണ്ട.
പള്ളിക്കൂടത്തിൽ സാറന്മാരുണ്ടു്. വീട്ടിൽ അച്ഛനമ്മ
മാരുണ്ടു് ഞങ്ങൾക്കു ഗുണദോഷം പറഞ്ഞുതരാൻ.

ആഗതൻ:—ക്ഷമിക്കണം. ഞാൻ ഇനി അങ്ങനെയൊന്നും
പറയുകയില്ല. എന്റെ തൊണ്ട വരളുന്നു. ആ മധുര
നാരങ്ങയിൽ ഒരെണ്ണം എനിക്കു് തരണം.

വിജയനാഥൻ:—എടോ ഇപ്പോൾ മധുരനാരങ്ങയ്ക്കു വില
എന്താണെന്നു് അറിയാമോ? ഇതു വെറും മധുര
നാരങ്ങയൊന്നുമല്ല. ഒന്നാന്തരം 'ലൂസ് ജാസ്കറവ്'
ആണു്. ഒരെണ്ണത്തിനു് അര രൂപയാണു്.

ആഗതൻ:—കഷ്ടപ്പെടുന്ന ഒരു മനുഷ്യന്റെ ആശ്വാസത്തിനു്
അതിനെക്കാൾ വിലയില്ലേ?

ധനപാലൻ:—അതിനു് ഒരു രൂപ വില വരുമോ?

ശ്രീകാന്തൻ:—എന്തിനു് അയാളോടു തർക്കിക്കുന്നു? (ആഗത
നോടു്) കേട്ടോ ചേട്ടാ, ഇതിലൊന്നും ഇപ്പോൾ
തരാൻ സാദ്ധ്യമല്ല. ഇതു വേറൊരു ആവശ്യത്തിനു
കൊണ്ടു വച്ചിരിക്കയാണു്. ദിവ്യനായ ഒരാൾ
ഇതിലേ ഇപ്പോൾ വരും. അദ്ദേഹത്തിനു കാഴ്ചവയ്ക്കു
നാണു് ഇതെല്ലാം. ഇപ്പോൾ മനസ്സിലായോ!
എന്നാൽ ഇനി പോയാട്ടെ.

ആഗതൻ:—ആ മധുരനാരങ്ങയിൽ ഒരെണ്ണം കുറഞ്ഞു
പോയാൽ ആ മഹാത്മാവിനു് ഒരു നഷ്ടവും സംഭവി

കയില്ല. അതിൽ ഒരെണ്ണത്തിന് എന്റെ ജീവനെ രക്ഷിക്കുവാൻ കഴിയും.

വിജയനാഥൻ:--എടാ ഇയാൾ വലിയ തക്കക്കാരൻ ആണല്ലൊ. എടോ പൂജസ്സു വച്ചിരിക്കുന്നതെടുത്തു വഴിയെ പോകുന്നവർക്ക് ആരും ദാനം ചെയ്യാറില്ല.

ആഗതൻ:--ദാനം തന്നെ ഒരു പൂജയാണ്.

ധനപാലൻ:--ദയവുചെയ്തു് ഇവിടന്നിറങ്ങി ഒന്നു പോകാമോ?

ആഗതൻ:--ക്ഷീണിച്ചു വലഞ്ഞു വന്ന ഒരുവന് അതിലൊരു അംശം കൊടുത്തു എന്നറിഞ്ഞാൽ നിങ്ങളുടെ ദിവ്യാതിഥി, നിങ്ങൾ പറയുംപോലെ അദ്ദേഹം യഥാർത്ഥത്തിൽ ദിവ്യനാണെങ്കിൽ, നിങ്ങളോടു കൂടുതൽ സന്തോഷിക്കുകയേ ഉള്ളൂ.

ശ്രീകാന്തൻ:—തന്റെ വേദാന്തമൊന്നും ഞങ്ങൾക്കു കേൾക്കണ്ട. ഇതിലൊന്നും തനിക്കു തരാൻ ഞങ്ങൾ നിശ്ചയിച്ചിട്ടില്ല. അതിനായിട്ട് ഇനി കൂടുതൽ തൊണ്ട വററിക്കേണ്ട.

(ആഗതൻ നിശ്ശബ്ദം എഴന്നേററ മുന്നോട്ടു നീങ്ങാൻ ശ്രമിക്കുന്നു. കാലുകൾ പതറുന്നു. വീഴാൻ ഭാവിക്കുന്നു. ഹരി ചാടി എഴന്നേററുചെന്ന് അയാളെ താങ്ങി താൻ ഇരുന്ന സ്ഥലത്തു കൊണ്ടിരുത്തുന്നു. അയാൾ മോഹാലസ്യപ്പെടുന്നു. അപരൻ മൊന്തയിൽ നിന്നു വെള്ളമെടുത്ത് അയാളുടെ മുഖത്തു തളിക്കുന്നു. അയാൾക്ക് ബോധം ഉണ്ടാകുന്നു. അയാൾ സാവധാനം നിവർന്നിരിക്കുന്നു. അവൻ അവന്റെ കൈയിലിരിക്കുന്ന ചെറുനാരങ്ങാ അയാൾക്കു കൊടുക്കുന്നു.

അയാൾ കൃതജ്ഞതാപൂർവ്വം അതു സ്വീകരിച്ചു പിഴിഞ്ഞു കുടിക്കുന്നു. മൊന്തയും വെള്ളവും ഹരി അയാൾക്കു നീട്ടുന്നു. അയാൾ അതിൽനിന്നു കുറേ വെള്ളം കുടിച്ചിട്ടു ശേഷിച്ചതുകൊണ്ടു കാലും മുഖവും കഴുകുന്നു. ചന്ദനമെടുത്തു ഹരി അയാളുടെ നെററിയിൽ പൂശുന്നു. വളരെ ആശ്വാസം അയാളിൽ പ്രത്യക്ഷപ്പെടുന്നു. സ്നേഹപൂർവ്വം അയാൾ ഹരിയുടെ മുഖത്തേയ്ക്കു നോക്കുന്നു.)

ആഗതൻ:—കുഞ്ഞേ, ഇതെല്ലാം നീയും ആ ദിവ്യാതിഥിക്കു വേണ്ടി കൊണ്ടുവന്നതാണോ?.

ഹരിദാസൻ:—അതേ.

ആഗതൻ:—ഇനി അദ്ദേഹം വരുമ്പോൾ നീ എന്തു ചെയ്യും?

ഹരിദാസൻ:—ഈ മാല ഞാൻ ആ കഴുത്തിൽ അർപ്പിക്കും.

ആഗതൻ:—ഇതൊരു നല്ല മാലയല്ലല്ലോ കുഞ്ഞേ!

ഹരിദാസൻ:—എനിക്കു് ഇതിനേ കഴിവുള്ളു.

ആഗതൻ:—അദ്ദേഹം അതു സ്വീകരിക്കുമോ?

ഹരിദാസൻ:—എന്തുകൊണ്ടു സ്വീകരിക്കയില്ല?

ആഗതൻ:—അദ്ദേഹം ഒരു വലിയ ആളെന്നല്ലേ പറഞ്ഞതു്?

ഹരിദാസൻ:—അതുകൊണ്ടല്ലേ അദ്ദേഹത്തിനു് ഇതും സ്വീകരിക്കാവുന്നതു്. അദ്ദേഹത്തിനു് ഏതു മാലയും തുല്യമല്ലേ?

ധനപാലൻ:—എടാ അയാൾ ആ മാലയും നിന്റെ അടുക്കൽനിന്നു തട്ടുമെന്നാണു് തോന്നുന്നതു്.

ആഗതൻ:—വാസ്തവമാണു്. എനിക്കു് ആ മാലകൂടി കിട്ടിയാൽ കൊള്ളാമെന്നുണ്ടു്.

ഹരിദാസൻ:—നിങ്ങൾക്ക് എന്തിനാണ് ഈ മാല?

ആഗതൻ:—എനിക്കു വളരെ സ്നേഹമുള്ള ഒരു കുട്ടിയുണ്ട്.
ഈ മാല കിട്ടിയാൽ ഞാൻ അവനു കൊടുക്കും.
അവൻ ഇതു കിട്ടിയാൽ ആനന്ദം കൊണ്ടു തുള്ളി
ച്ചാടും.

ഹരിദാസൻ:—(അയാളുടെ മുഖത്തു സൂക്ഷിച്ചുനോക്കുന്നു.)
നിങ്ങൾക്ക് ഇതു വാസ്തവത്തിൽ വേണോ?

ആഗതൻ:—കിട്ടിയാൽ കൊള്ളാമെന്ന് ഉണ്ട്; നല്ല
മനസ്സുണ്ടെങ്കിൽ തന്നാൽ മതി. ഇപ്പോൾ തന്നെ
ഞാൻ നിനക്കു വളരെ കടപ്പെട്ടിരിക്കുന്നു.

ഹരിദാസൻ:—(മാല എടുത്തു നീട്ടിക്കൊണ്ട്) ഇതാ എടുത്തു
കൊള്ളണം.

ആഗതൻ:—ആ ദിവ്യനായ അതിഥിയെ ഇനി നീ എങ്ങനെ
പൂജിക്കും?

ഹരിദാസൻ:—ദാനവും പൂജയാണ്.

ആഗതൻ:—(മാല വാങ്ങിക്കൊണ്ട്) അദ്ദേഹത്തിനു നീ
എന്തു നൽകും?

ഹരിദാസൻ:—എന്റെ കൂപ്പുകൈയ്.
(ആഗതൻ എഴുന്നേററു നഗരാഭിമുഖമായി നടന്നു മറ
യുന്നു. ബാലന്മാർ കൂടുതൽ അക്ഷമരാകുന്നു. അവർക്കും
വിശപ്പും ദാഹവും തോന്നുന്നു.)

ശ്രീകാന്തൻ:—ഇതു വലിയ കളിപ്പായിപ്പോയെന്നല്ലേ
തോന്നുന്നതു്.

ധനപാലൻ:—എനിക്കു വല്ലാതെ വിശക്കുന്നു.

വിജയനാഥൻ:—നമുക്കും ഇതിൽ കുറേ എടുത്തു തിന്നാലെന്താ? അയാൾ പറഞ്ഞതുപോലെ ഒന്നോ രണ്ടോ കുറഞ്ഞുപോയാൽ ആരു് അറിയാനാ?

ധനപാലൻ:—അദ്ദേഹം അല്ലെങ്കിൽ ഇതു് വല്ലതും തിന്നാൻ പോകുന്നോ?

ശ്രീകാന്തൻ:—അതു വാസ്തവമാണു്. അദ്ദേഹം ഇതിൽ ഒരെണ്ണം തൊടുക പോലുമില്ല. കൂടെയുള്ള വല്ലവർക്കും എടുത്തിട്ടുകൊടുക്കും.

വിജയനാഥൻ:—കണ്ടവരാണു് ഇതു തിന്നാൻ പോകുന്നതെങ്കിൽ പിന്നെ നമുക്കു കുറെ തിന്നാലെന്താ? എനിക്കു് എന്തായാലും വിശപ്പും ക്ഷീണവും സഹിക്കാൻ വയ്യാതെയാകുന്നു. ഞാൻ ഇതിൽ ഒരെണ്ണം എടുത്തു തിന്നാൻ പോകയാണു്.

ധനപാലൻ:—ഞാനും.

ശ്രീകാന്തൻ:— എന്നാൽ ഞാനും.

(അവർ ഓരോന്നു് എടുത്തു് തിന്നു തുടങ്ങുന്നു. തട്ടത്തിലെ മധുരഫലങ്ങളുടെ സംഖ്യ വളരെ വേഗം കുറയുന്നു.)

വിജയനാഥൻ:—(ഒരു മാമ്പഴം ചപ്പിത്തിന്നുന്നതിനിടയിൽ) കുറച്ചു വല്ലതും വച്ചേയ്ക്കണേ. അദ്ദേഹം വരുമ്പോൾ വല്ലതുമൊന്നു കാണിക്കാൻ മാത്രമെങ്കിലും തട്ടത്തിൽ ഉണ്ടായിരിക്കണം.

ധനപാലൻ:—നീ ആളു തന്നെ! വല്ലതുമൊന്നു വച്ചേക്കണമെന്നു പറകയും മുഴുവൻ എടുത്തു ചാപ്പിടുകയും!

വിജയനാഥൻ:—ആ നാരങ്ങാ മുഴുവൻ അകത്താക്കിയതു നീയാണു്.

ധനപാലൻ:—ഞാനല്ല, ശ്രീയാണ്.

ശ്രീകാന്തൻ:—ഞാൻ ഒററയെണ്ണമേ തിന്നുള്ളു. മുഴുവനടിച്ചുംവച്ച് പറയുന്നതു കേട്ടില്ലേ?

ധനപാലൻ:—ആഹാ! ഒന്നേ തിന്നൊള്ളോ? എന്നാൽ ഇതു് ഇരിക്കട്ടെ. (നാരങ്ങായുടെ തോടു) എടുത്തു് അവന്റെ നേക്ക് എറിയുന്നു. ശ്രീകാന്തൻ ഒരു മാങ്ങായണ്ടി എടുത്തു് അവനെ എറിയുന്നു. അവർ തമ്മിൽ ശണ്ഠമൂക്കുന്നു.)

വിജയനാഥൻ:—(രണ്ടുമൂന്നു മുന്തിരിങ്ങാപ്പഴം എടുത്തു ഹരിയോടു്)ഹരീ! ഇതാ കുറേ മുന്തിരിങ്ങാപ്പഴം വേണോ?

ഹരിദാസൻ:—വേണ്ട.

ധനപാലൻ:—(ശണ്ഠപിടിക്കുന്നതിനിടയിൽ) വേണ്ടയോ? എന്നാൽ കൊടെടാ, അതു് എടുത്തു് അവന്റെ മുഖത്തു് ഒരേറു്. അവനൊരു മഹാത്മാഗാന്ധിതന്നെ. ഇതിനിടയിൽ പനിനീർക്കുപ്പിയും ചന്ദനക്കിണ്ണവും കമഴുന്നു. അതു് അവനറിയുന്നില്ല. കളഭവും പനിനീരും നിലത്തു് ഒഴുകിത്തുടങ്ങുന്നു, വിജയൻ അതു കാണുന്നു.)

വിജയനാഥൻ:—വികൃതികൾ. ആ കളഭവും പനിനീരും മുഴുവൻ കളഞ്ഞല്ലോ. (ശ്രീയും ധനപാലനും ശണ്ഠനിറുത്തി അതു കാണുന്നു.)

ശ്രീകാന്തൻ:—അദ്ദേഹം വരുമ്പോൾ ഇനി നമ്മൾ എന്തു കൊടുക്കും?

ധനപാലൻ:—(ആക്ഷേപസ്വരത്തിൽ) കൂപ്പുകൈയ്.

ശ്രീകാന്തൻ:—അങ്ങനെ അല്ലെടാ. ഛേ, കാര്യം അവതാളത്തിലായല്ലോ.

വിജയനാഥൻ:—അദ്ദേഹം വരുകയുമൊന്നുമില്ലെടാ. അതു ആ സന്ന്യാസിയുടെ കള്ളമല്ലായിരുന്നോ?

ഹരിദാസൻ:—സന്ന്യാസിവരുന്നു.

(എല്ലാവരും നോക്കുന്നു. സന്ന്യാസി കിഴക്കു നിന്നു വരുന്നതു കാണുന്നു.)

ശ്രീകാന്തൻ:—കള്ളൻ! അയാളെ ഇന്നൊരു പാഠം പഠിപ്പിക്കണം. നമ്മളെ ഇങ്ങനെ വിഡ്ഢികളാക്കിയതിന്.

ഹരിദാസൻ:—അദ്ദേഹത്തെ വെറുതെ എന്തിന് ഉപദ്രവിക്കുന്നു?

വിജയനാഥൻ:—നിന്നോടു ചോദിച്ചില്ല. അയാളെ വെറുതെ വിടരുതു്

(സന്ന്യാസി അടുത്തുവരുന്നു)

ശ്രീകാന്തൻ:—നമസ്കാരം സ്വാമി.

സന്ന്യാസി:—നമസ്കാരം.

ധനപാലൻ:—ആ ദിവ്യാതിഥി എവിടെ?

സന്ന്യാസി:—അദ്ദേഹം വന്നില്ലേ?

വിജയനാഥൻ:—ഓഹോ, വരുകയും ചെയ്തു, പോകയും ചെയ്തു. സ്വാമീ! കള്ളത്തരത്തിനും ഒരു അതിരുവേണം. എന്തിന് ഈ വേഷവും കെട്ടി നടക്കുന്നു.

സന്ന്യാസി:—നിങ്ങൾ എന്നെ വെറുതെ കളിപ്പിക്കുന്നു. അദ്ദേഹം വന്നു. നിങ്ങൾ അദ്ദേഹത്തെ പൂജിക്കുകയും ചെയ്തു. കൊച്ചുകള്ളന്മാർ ഈ സാധുവിനെ വെറുതെ വിരട്ടുന്നതു കണ്ടില്ലേ?

ശ്രീകാന്തൻ:—സൂത്രമൊന്നും ഞങ്ങളോടു പറവകയില്ല. സ്വാമി! ഞങ്ങൾ ഇന്നു സ്വാമിയെ വെറുതെ വിടുക യില്ല.

സന്ന്യാസി:—നിങ്ങളുടെ സൂത്രമൊന്നും എന്നോടും പറവക യില്ല. ഇത്ര ചെറുപ്പത്തിലേ ഇങ്ങനെ കള്ളം പറയു ന്നതിനു നിങ്ങളെ വെറുതേവിടാൻ ഞാനും നിശ്ച യിച്ചിട്ടില്ല.

ധനപാലൻ:—ഇതു കൊള്ളാമല്ലോ. ഇദ്ദേഹം ഒരു വീ രൻ തന്നെ. ആരാണ്ടോ വരാൻ പോകുന്നെന്നും പറഞ്ഞു ഞങ്ങളെ നട്ടുച്ചമുതൽ ഇവിടെ ഇരുത്തി വിഷമിപ്പിച്ചുംവെച്ച് ഇപ്പോൾ പറയുന്നതു കേട്ടില്ലേ!

സന്ന്യാസി:—നിങ്ങൾ എന്താണീ പറയുന്നതു്? നിങ്ങളുടെ തട്ടത്തിൽ കാഴ്ചദ്രവ്യങ്ങൾ ഒന്നുമില്ല. കളഭക്കിണ്ണ ത്തിൽ കളഭം ഇല്ല. അതൊന്നുമല്ല, ഞാൻ ഇപ്പോൾ അദ്ദേഹത്തെ കണ്ടതേ ഉള്ളൂ. കളഭവും പൂശി, മാലയും ചാർത്തി, പ്രസന്നവദനനായി, ഞാൻ ഇപ്പോൾ കണ്ടതേ ഉള്ളൂ.

(ബാലന്മാർ അന്യോന്യം നോക്കുന്നു. അല്പംകഴിഞ്ഞു്)

ശ്രീകാന്തൻ:—ഇതു നമ്മളെ കളിപ്പിക്കാനുള്ള വങ്കൻ കള്ളമാണു്. ഈ കള്ളസ്സന്ന്യാസിയെ വെറുതെ വിട രുതു്.

സന്ന്യാസി:—ശട്! മിണ്ടാതിരിക്കു്. അതാ ഒരു വലിയ ആരവം കേൾക്കുന്നില്ലേ? അദ്ദേഹം തിരിച്ചു് എഴുന്ന ള്ളുകയാണു്. നിങ്ങൾക്കു് ഇപ്പോൾ ബോധ്യമാകുമോ? (ബാലന്മാർ ശ്രദ്ധിക്കുന്നു. കിഴക്കുനിന്നു ദൂരത്തിൽ വലിയ ഒരു ഘോഷം കേൾക്കാറാകുന്നു ധനപാലനും



ശ്രീകാന്തനും വിജയനാഥനും അന്യോന്യം ഉൽക്കണ്ഠാപൂർവ്വം നോക്കുന്നു. ശബ്ദം സമീപിക്കുന്നു. ഒരു വലിയ ജനസംഘം പൊടിയിളക്കിക്കൊണ്ടും, ജയ ജയ ശബ്ദം മുഴക്കിക്കൊണ്ടും അടുത്തു വരുന്നു. അതു കൂട്ടതലടുക്കുമ്പോൾ അവരുടെ മദ്ധ്യത്തിൽ ഒരു തുറന്ന രഥത്തിൽ ഒരാൾ ഇരിക്കുന്നതായി പ്രത്യക്ഷപ്പെടുന്നു. അസ്തമിക്കാൻ പോകുന്ന സൂര്യൻെറ അരുണകാന്തി തട്ടി അദ്ദേഹത്തിൻെറ സുന്ദരമായ മുഖബിംബത്തിനു അലൗകികമായ ഒരു തേജസ്സു് ഉണ്ടാകുന്നു. ഘോഷയാത്ര ആൽത്തറയ്ക്കു് എതിരായി വന്നു നില്ക്കുന്നു. അതിഥിയുടെ കൈയിൽ തുളസിയും വാടാമല്ലിയും കൊണ്ടു തീർത്ത ഒരു മാല ഇരിപ്പുണ്ടു് എന്നു ബാലന്മാർ കാണുന്നു. അദ്ദേഹം താഴെ ഇറങ്ങി ആൽത്തറയിലേയ്ക്കു നടക്കുന്നു. ആളുകൾ വഴിമാറിക്കൊടുക്കുന്നു. അദ്ദേഹം ലജ്ജിച്ചും ഭയന്നും നില്ക്കുന്ന ആ മൂന്നു ബാലന്മാരുടെ മുമ്പിൽ ചെന്നു കൈയ് നീട്ടുന്നു.)

അതിഥി:——എനിക്കു തരാൻ നിങ്ങളുടെ കൈയിൽ ഒന്നും ഇല്ലേ? (ബാലന്മാർ മിണ്ടാതെ നില്ക്കുന്നു.)

അതിഥി:——നിങ്ങൾ ഒന്നും കൊണ്ടുവന്നുമില്ലേ?

(അവർ മിണ്ടുന്നില്ല. അവരുടെ കണ്ണുകളിൽ നിന്നു് അശ്രുക്കൾ പ്രവഹിക്കുന്നു.)

അതിഥി:——(ഹരിയുടെ നേർക്കു തിരിഞ്ഞു്) നിൻെറ കൈവശവും എനിക്കു തരാൻ ഒന്നുമില്ലേ?

ഹരിദാസൻ:——(അദ്ദേഹത്തിൻെറ മുഖത്തു ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു്) 'പ്രഭോ' ഇതു മാത്രമേ ഉള്ളൂ. ഭയ

വായി അതു സ്വീകരിച്ചാലും (കൈയ്ക്കൂപ്പി തൊഴുതുകൊണ്ടു നില്ക്കുന്നു.)

അതിഥി:——ഞാൻ അതു സ്വീകരിക്കുന്നു.

(കൈയിലിരിക്കുന്ന മാല അവന്റെ കഴുത്തിൽ ഇടുന്നു. അവൻ ഞെട്ടി തല ഉയർത്തി നോക്കുന്നു. ആ ദിവ്യാതിഥി അവൻ സൽക്കരിച്ച പാന്ഥൻ തന്നെയാണെന്നും അവൻ കൊടുത്ത മാലയാണു തന്റെ കഴുത്തിൽ കിടക്കുന്നതെന്നും അവൻ മനസ്സിലാക്കുന്നു.)

അതിഥി:——(മധുരമായി മന്ദഹസിച്ചുകൊണ്ടു്) എനിക്കു് ഏററവും പ്രിയപ്പെട്ട ഒരു കുട്ടി ഉണ്ടു്. അവനു ഞാൻ മാല സമ്മാനിച്ചു. എനിക്കു് സന്തോഷമായി. (മററു മൂവരും വിങ്ങിവിങ്ങി കരയുന്ന ശബ്ദം ഉയരുന്നു. അതിഥിയും ഹരിയും അവരുടെ നേക്കു തിരിയുന്നു.)

അതിഥി:——ഇനി നിങ്ങൾ എന്നെ കണ്ടാൽ അറിയുമോ?

അവർ:——പ്രഭോ! മാപ്പു്.

അതിഥി:——(ഹരിയോടു്) നീ എന്റെ കൂടെ കുറച്ചു ദൂരം വരുന്നോ ഈ രഥത്തിൽ?

ഹരിദാസൻ:——(സംശയിച്ചു നില്ക്കുന്നു).

അതിഥി:——എന്താണു സംശയിക്കുന്നതു്? എന്റെ കൂടെ വരാൻ നിനക്കു് ഇഷ്ടമില്ലേ?

ഹരിദാസൻ:——ഇഷ്ടമുണ്ടു്. പക്ഷേ—ഇവർ എന്റെ കൂട്ടുകാരാണു്. അവരെ കൂടാതെ—അവർ ദുഃഖിക്കുമ്പോൾ——ക്ഷമിക്കണേ——ഞാൻ ഇവിടെ ഇരുന്നു് അവരെ ആശ്വസിപ്പിച്ചുകൊള്ളട്ടെ.

അതിഥി:—(അവന്റെ തലയിൽ കൈവച്ചു് അനുഗ്രഹിച്ചുകൊണ്ടു്) അമ്മേ, അവരെ ആശ്വസിപ്പിക്കു, ഇപ്പോഴും എപ്പോഴും. എന്നെ എപ്പോഴും കണ്ടാലും തിരിച്ചറിയാൻ അവരെ സഹായിക്കു.

(നാലു ബാലന്മാരും ഒരുമിച്ചു് അദ്ദേഹത്തെ നമസ്കരിക്കുന്നു. അദ്ദേഹം അനുഗ്രഹിക്കുന്നു.)

(കർട്ടൻ)

---